VOL NO: 04 | ISSUE 21
www.nerpatham.com
mail@nerpatham.com

# നേർപഥം

2020 MAY 23 | ₹12

വാരിക

# ജനസംഖ്യാ വിസ്ഫോടനം: സത്യവും മിഥ്യയും

ലോകം അനുഭവിച്ചുകൊണ്ടിരിക്കുന്ന ഏറ്റവും വലിയ പ്രശ്നം ജനസംഖ്യാ വർധനവാണെന്ന തരത്തിലുള്ള പഠനങ്ങൾ ഏതാണ്ടെല്ലാ രാജ്യങ്ങളും അംഗീകരിച്ച് കഴിഞ്ഞു. ജനിച്ചുവീഴുന്ന ഓരോ കുഞ്ഞിനും ഭക്ഷിക്കാനാവശ്യമായ വായ മാത്രമെയുള്ളൂവെന്നും നിർമാണത്തിനുപയുക്തമായ കൈകളില്ലെന്നുമുള്ള മിഥ്യാധാരണയിലാണ് ഈ പഠനങ്ങളുടെയെല്ലാം അസ്തിവാരമിട്ടിരിക്കുന്നത്. ജനസംഖ്യാ വർധനവ് കൊണ്ട് ആത്യന്തികമായി രാജ്യത്തിന് എന്താണ് സംഭവിക്കാൻ പോകുന്നത്? ഈ രംഗത്തെ ഇസ്‌ലാമിന്റെ നിലപാടെന്താണ്?



**സകാത്തിന്റെ സാമൂഹിക പ്രസക്തി**

**സൈബർ ഇടങ്ങളിലെ വിദ്വേഷ പ്രചാരണവും ഹൈക്കോടതി ഇടപെടലും**

**സഫറുൽ ഇസ്‌ലാം ഖാൻ: ഇസ്‌ലാമോഫോബിയയിലേക്കാണ് ചർച്ച നീളേണ്ടത്...**

## കോവിഡ് കാലത്തെ നോമ്പും പെരുന്നാളും

പ്രതീക്ഷകളെയെല്ലാം തെറ്റിച്ച് കോവിഡെന്ന മഹാമാരി നോമ്പിനെ മാത്രമല്ല പെരുന്നാളിനെ കൂടി വീട്ടിലൊതുക്കിയിരിക്കുകയാണ്. വിശുദ്ധ റമദാനിലെ ആരാധനകളെ മാറിയ സാഹചര്യത്തിൽ ക്രിയാത്മകമായി നിർവഹിച്ച നാം സ്രഷ്ടാവ് അനുവദിച്ചു തന്ന മഹത്തായ ആഘോഷത്തിൽ സ്വീകരിക്കേണ്ട സമീപനമെന്താണ്?

സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം വാരികയിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ ആസ്പദമാക്കി വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന ഓൺലൈൻ ക്വിസ് മത്സരം.

# നേർപഥം ക്വിസ് Online

- ശരിയുത്തരമയക്കുന്ന 1,2,3 സ്ഥാനക്കാർക്ക് ആഴ്ച തോറും സമ്മാനങ്ങൾ..!!
- എല്ലാ ഞായറാഴ്ചയും 10 AM മുതൽ ബുധൻ 12 AM വരെ ഉത്തരമയക്കാൻ അവസരം.

zameel
the soulmate

വിശദവിവരങ്ങൾക്ക്
നേർപഥം വെബ്സൈറ്റോ
സമീൽ ഓൺലൈൻ ലൈബ്രറിയോ
സന്ദർശിക്കുക.







Circulation Manager | Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2
Kerala | India | Ph: 0495 4019437 | +91 92075 25244 | **mail@nerpatham.com | www.nerpatham.com**

നേർപഥം വാരിക / 0175 / 2020 മെയ് 23 / 1441 റമദാൻ 30
പുസ്തകം 04 / ലക്കം 21

നേർപഥം
വാരിക



# ജനസംഖ്യാ വിസ്ഫോടനം: സത്യവും മിഥ്യയും

ഹിലാൽ സലീം സി.പി / 10

**മുഖമൊഴി**

വ്യക്തിവിശുദ്ധിയുടെ അനിവാര്യത / 05

**വിവർത്തനം**

റമദാനിന്റെ പ്രത്യേകതയും ദുൽഖർനൈനും / 19
തബാറുക് മഅ്റൂഫ് / അർശദ് കാരക്കാട്

**കാഴ്ച**

നഷ്ടപ്പെടുത്തരുത് ഈ പത്ത് ദിനങ്ങൾ / 34
അബൂമുസ്‌ലിം അൽഹികമി

**ലേഖനം**

സകാത്തിന്റെ സാമൂഹിക പ്രസക്തി / 06
ഉസ്മാൻ പാലക്കാഴി

കോവിഡ് കാലത്തെ നോമ്പും പെരുന്നാളും / 16
ഫൈസൽ പുതുപ്പറമ്പ്

സൈബർ ഇടങ്ങളിലെ വിദ്വേഷ പ്രചാരണവും ഹൈക്കോടതി ഇടപെടലും / 21
നബീൽ പയ്യോളി

റമദാൻ; അവസാനത്തെ പത്തിലേക്ക് പ്രവേശിക്കുമ്പോൾ / 25
ലുക്മാനുൽ ഹകീം അൽഹികമി

സഫറുൽ ഇസ്‌ലാം ഖാൻ: ഇസ്‌ലാമോഫോബിയയിലേക്കാണ് ചർച്ച നീളേണ്ടത്... / 29
സജ്ജാദ് ബിൻ അബ്ദുറസാക്

**അറിയിപ്പ്: കോവിഡ് 19 നിയന്ത്രണങ്ങളുടെ ഭാഗമായി രാജ്യത്ത് ലോക്ക്ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ പ്രസ്സ് പ്രവർത്തിക്കാത്തതിനാൽ ഈ ലക്കം ഓൺലൈനായി പുറത്തിറക്കുകയാണ്. മാന്യവായനക്കാർ സഹകരിക്കുമല്ലോ.**

Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Editor: Usman Palakkazhi I Chief Editor: Anil Primrose
Web Editor: Haseeb Elayur I Design, Cover & Layout: Elan Creativo
Nerpatham Weekly I PB No: 597 I EKP Complex I Kallai Road I Kozhikkode 2 I Kerala I India I Ph: 0495 4019437
mail@nerpatham.com I www.nerpatham.com I Facebook: www.facebook.com/nerpatham weekly

ചലനങ്ങൾ

# തൊഴിലാളി പലായനം: കേന്ദ്രം നിസ്സംഗത വെടിയണം: വിസ്ഡം യുവപഥം

മലപ്പുറം: കോവിഡ് പ്രതിരോധത്തിനായുള്ള ലോക്ഡൗണിൽ ഉപജീവനം മുടങ്ങിയ തൊഴിലാളികളുടെ രക്ഷതേടിയുള്ള പലായനം ഭീതിയുളവാക്കുന്നതും അതിനെതിരെയുള്ള കേന്ദ്ര സർക്കാറിന്റ നിസ്സംഗത ആശങ്കാജനകവുമാണെന്ന് വിസ്ഡം യൂത്ത് സംസ്ഥാന സമിതി സംഘടിപ്പിച്ച 'യുവപഥം' യുവജനസംഗമം അംഗീകരിച്ച പ്രമേയം അഭിപ്രായപ്പെട്ടു.

രക്ഷാതുരുത്ത് തേടിയുള്ള യാത്രക്കിടെയുള്ള വിശ്രമത്തിനിടയിൽ ഔറംഗബാദ് ജില്ലയിലെ ബുസാവലിനടുത്ത് തീവണ്ടി കയറി 16 പേർ അതിദാരുണമായി മരണപ്പെട്ടത് ഇന്ത്യക്ക് തീരാകളങ്കമാണ്.

രാജ്യത്തെ അന്തർസംസ്ഥാന തൊഴിലാളികൾക്ക് വീടണയാനുള്ള സൗകര്യം എത്രയും പെട്ടെന്ന് ഏർപ്പെടുത്താൻ കേന്ദ്രം തയ്യാറാകണം. പട്ടിണി മരണങ്ങളിൽ നിന്ന് രാജ്യത്തെ രക്ഷിക്കാൻ പ്രത്യേക പദ്ധതികളാവിഷ്കരിക്കണം.

കൊറോണയുടെ മറവിൽ ന്യൂനപക്ഷങ്ങളെ വേട്ടയാടുന്ന പ്രവണത അവസാനിപ്പിക്കണം. സി.എ.എ വിരുദ്ധ സമരനേതാക്കളെ ജയിലിലാക്കുന്നതിനെതിരെ സമൂഹ മനഃസാക്ഷി ഉണരണം. ധാർമികതയിലൂന്നിയ സമൂഹത്തെ സൃഷ്ടിക്കാൻ രക്ഷകർത്താക്കൾ ജാഗ്രത പുലർത്തണം. ഇന്റർനെറ്റിന് അടിമപ്പെടുന്നതിൽ നിന്ന് പുതിയ തലമുറയെ രക്ഷപ്പെടുത്താനും പ്രത്യേക ശ്രദ്ധ വേണം. കൊറോണാനന്തരം യുവജനങ്ങൾക്കായി പ്രത്യേക തൊഴിൽപാക്കേജ് പ്രഖ്യാപിച്ച് യുവജനക്ഷേമം കാര്യക്ഷമമാക്കണമെന്നും യുവപഥം ആവശ്യപ്പെട്ടു.

പി.കെ കുഞ്ഞാലിക്കുട്ടി എം.പി ഉദ്ഘാടനം ചെയ്തു. നിഷാദ് സലഫി അധ്യക്ഷത വഹിച്ചു. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ അശ്‌റഫ്, പ്രൊഫസർ ഹാരിസ് ബിൻ സലീം, വിസ്ഡം യൂത്ത് സംസ്ഥാന ജനറൽ സെക്രട്ടറി താജുദ്ദീൻ സ്വലാഹി പ്രസംഗിച്ചു.

വിസ്ഡം യൂത്ത് സംസ്ഥാന ഭാരവാഹികളായ ജംഷീർ സ്വലാഹി, ഡോ.പി.പി നസീഫ്, ഡോ.പി.എൻ ശബീൽ, യു. മുഹമ്മദ് മദനി, അബ്ദുല്ല ഫാസിൽ, അനിൽ പ്രിംറോസ് നേതൃത്വം നൽകി.

## പ്രവാസികളുടെ സ്വകാര്യദുഃഖം

യു.എ.ഇയിലെ അറിയപ്പെടുന്ന ഒരു കൺസൾടൻസിയിൽ ജോലി ചെയ്യുന്ന ഒരു വ്യക്തിയുടെ കാറിൽ കുറച്ച് ദൂരം യാത്ര ചെയ്യാൻ അവസരം കിട്ടി. അബുദാബിയിൽ നടക്കുന്ന ജോലിയുടെ ഭാഗമായി ദുബൈയിൽ നിന്ന് വന്നതായിരുന്നു അദ്ദേഹം.

കാറിലെ പിൻസീറ്റിൽ ഘടിപ്പിച്ച ബേബി സീറ്റ് അദ്ദേഹത്തിന്റെ കുടുംബ അവസ്ഥ പ്രകടപ്പിച്ചു. മകന് ഒന്നര വയസ്സായി, ഭാര്യ ജോലിക്ക് പോകുന്നുണ്ട് എന്നെല്ലാം തുടർന്നുള്ള സംസാരത്തിൽ അദ്ദേഹം പറഞ്ഞു.

"മകനെ പ്ലേ സ്കൂളിൽ ആക്കിയാണ് ഞങ്ങൾ ജോലിക്ക് പോകുന്നത്. ഭാര്യ ജോലി കഴിഞ്ഞു വരുമ്പോൾ രാത്രി 8 മണി ആകും. ഞങ്ങൾ വീട്ടിൽ എത്തിയാൽ മകൻ ഉറങ്ങിയിട്ടുണ്ടാവും. മകന് വേണ്ടിയാണ് ഞങ്ങൾ ഈ ഓടുന്നത്. പക്ഷേ, ഒന്നും കിട്ടാതെ ഒരു ജീവിതം ഇങ്ങനെ ജീവിക്കുന്നു."

നഷ്ടമാകുന്ന ജീവിതത്തെ കുറിച്ചുള്ള അദ്ദേഹത്തിന്റെ ആവലാതി തുടർന്നു.

"ജീവിതം ഒരു റോബോട്ട് പോലെയായി. ഞങ്ങൾ രണ്ടാളും ഓടിനടന്ന് സമ്പാദിക്കുന്നത് മക്കൾക്ക് വേണ്ടിയാണ്. പക്ഷേ, മക്കൾ അടുത്തുണ്ടായിട്ടും സമയം കണ്ടെത്താൻ സാധിക്കുന്നില്ല."

വിഷയത്തിലേക്ക് സ്വന്തം അനുഭവം പകർന്ന് കൂടെയുള്ള പാകിസ്ഥാനി പറഞ്ഞു:

"ഇന്നലെ എന്റെ മകൻ എന്നോട് ചോദിച്ചു; എന്താ ഉപ്പാ ഇന്നലെ വിളിക്കാതിരുന്നത് എന്ന്. കുറച്ച് പണിയുണ്ടായിരുന്നു എന്ന് ഞാൻ അവനോട് പറഞ്ഞു. എനിക്ക് ഉപ്പാനെയാണ് വേണ്ടത്, പൈസ അല്ല എന്നായിരുന്നു മകന്റെ പ്രതികരണം."

ഇവരുടെ സംഭാഷണം മൗനിയായി ഞാൻ കേട്ടിരുന്നു. ജീവിതം കരയ്ക്കടുപ്പിക്കാൻ നോക്കുമ്പോൾ നഷ്ടമാകുന്നത് ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങളാണ്. ഇവരുടെ ഈ പരിഭവങ്ങൾ ഏതൊരു പ്രവാസിയുടെയും സ്വകാര്യദുഃഖമാണ്.

**-മുഹമ്മദ് ശമീൽ, അബൂദാബി**

# വ്യക്തിവിശുദ്ധിയുടെ അനിവാര്യത

മനുഷ്യനെ സൃഷ്ടിച്ചതും പരിപാലിക്കുന്നതും അല്ലാഹുവാണ്. മനുഷ്യന്റെ പ്രകൃതിയും അവന്റെ ആവശ്യങ്ങളും മനുഷ്യവർഗത്തിന്റെ വളർച്ചയ്ക്കനുസരിച്ച് വരുന്ന മാറ്റങ്ങളും ശരിക്കും അറിയുന്നവൻ അല്ലാഹു മാത്രമാണ്. അതുകൊണ്ട് തന്നെ കൽപനകളും നിരോധനങ്ങളും അടങ്ങുന്ന മതനിയമങ്ങൾ മനുഷ്യന്ന് നിർണയിച്ചുകൊടുക്കാനുള്ള അവകാശം അല്ലാഹുവിന് മാത്രമാണ്. അവന്റെ നിയമങ്ങൾക്കു മാത്രമെ കാലത്തെ അതിജയിക്കാനും പ്രായോഗികമായി നിലനിൽക്കാനും സാധിക്കുകയുള്ളൂ.

ഇസ്‌ലാമിക നിയമങ്ങളും നിർദേശങ്ങളും പ്രഥമമായി വ്യക്തിയെയാണ് ബാധിക്കുന്നത്. വ്യക്തി ഒരിക്കലും സമൂഹത്തിനു വേണ്ടി തന്റെ വിശുദ്ധി നഷ്ടപ്പെടുത്തിക്കൂടാ. സമൂഹത്തിന്റെ ഒഴുക്കിനനുസരിച്ച് നീന്തുവാൻ സത്യവിശ്വാസിക്ക് പാടില്ല. എല്ലാവരും നന്മയിലാണെങ്കിൽ ആ വഴിക്ക് നീങ്ങാം. എന്നാൽ തിന്മകളിൽ വിഹരിക്കുന്നവരുണ്ടെങ്കിൽ അവരുടെ കൂടെ കൂടി ഐക്യദാർഢ്യം പ്രകടിപ്പിക്കുവാൻ അനുവാദമില്ല. തിന്മകൾക്കെതിരെ നീന്തുവാൻ അവന് സാധിക്കണം.

“വിശ്വാസികളേ, നിങ്ങൾ നിങ്ങളുടെ കാര്യങ്ങൾ ശ്രദ്ധിച്ചുകൊള്ളുക. നിങ്ങൾ സന്മാർഗം പ്രാപിച്ചിട്ടുണ്ടെങ്കിൽ വഴിപിഴച്ചവർ നിങ്ങൾക്കൊരു ദ്രോഹവും വരുത്തുകയില്ല...” (ക്വുർആൻ 5:105).

അവനവന്റെ പാപഭാരം അവനവൻ തന്നെ വഹിക്കേണ്ടിവരും. പരലോകത്ത് ‘ഒരു കൈ’ സഹായത്തിന് ഒരാളെയും പ്രതീക്ഷിക്കേണ്ടതില്ല:

“പാപഭാരം വഹിക്കുന്ന യാതൊരാളും മറ്റൊരാളുടെ പാപഭാരം ഏറ്റെടുക്കുകയില്ല. ഭാരം കൊണ്ട് ഞെരുങ്ങുന്ന ഒരാൾ തന്റെ ചുമട് താങ്ങുവാൻ (ആരെയെങ്കിലും) വിളിക്കുന്ന പക്ഷം അതിൽ നിന്ന് ഒട്ടും തന്നെ ഏറ്റെടുക്കപ്പെടുകയുമില്ല. (വിളിക്കുന്നത്) അടുത്ത ബന്ധുവിനെയാണെങ്കിൽ പോലും. തങ്ങളുടെ രക്ഷിതാവിനെ അദൃശ്യമായ വിധത്തിൽ തന്നെ ഭയപ്പെടുകയും നമസ്കാരം മുറപോലെ നിർവഹിക്കുകയും ചെയ്യുന്നവർക്ക് മാത്രമെ നിന്റെ താക്കീത് ഫലപ്പെടുകയുള്ളൂ. വല്ലവനും വിശുദ്ധി പാലിക്കുന്ന പക്ഷം തന്റെ സ്വന്തം നൻമക്കായി തന്നെയാണ് അവൻ വിശുദ്ധി പാലിക്കുന്നത്. അല്ലാഹുവിങ്കലേക്കാണ് മടക്കം” (ക്വുർആൻ 35:18).

“...പാപഭാരം വഹിക്കുന്ന ഒരാളും മറ്റൊരാളുടെ പാപഭാരം വഹിക്കുകയില്ലെന്നും, മനുഷ്യന്ന് താൻ പ്രയത്നിച്ചതല്ലാതെ മറ്റൊന്നുമില്ല എന്നും, അവന്റെ പ്രയത്നഫലം വഴിയെ കാണിച്ചുകൊടുക്കപ്പെടും എന്നുമുള്ള കാര്യം” (ക്വുർആൻ 53:38-40).

പരലോക വിജയമാണല്ലോ ഇസ്‌ലാമിക പ്രവർത്തനങ്ങളുടെ പരമലക്ഷ്യം. വ്യക്തിയുടെ വിശ്വാസത്തെയും കർമങ്ങളെയും കുറിച്ചാണ് അവിടെ കണക്കു ചോദിക്കുന്നത്. സ്വന്തക്കാരും ബന്ധുക്കളും കൂട്ടുകാരും പാർട്ടിക്കാരുമൊന്നും പരലോകത്ത് സഹായത്തിനായി ഉണ്ടാവുകയില്ല. വിചാരണ നേരിടുന്നത് തനിച്ചായിരിക്കും.

“(അവരോട് അല്ലാഹു പറയും:) നിങ്ങളെ നാം ആദ്യഘട്ടത്തിൽ സൃഷ്ടിച്ചത് പോലെത്തന്നെ നിങ്ങളിതാ നമ്മുടെ അടുക്കൽ ഒറ്റപ്പെട്ടവരായി വന്നെത്തിയിരിക്കുന്നു. നിങ്ങൾക്ക് നാം അധീനപ്പെടുത്തി തന്നതെല്ലാം നിങ്ങളുടെ പിന്നിൽ നിങ്ങൾ വിട്ടേച്ച് പോന്നിരിക്കുന്നു. നിങ്ങളുടെ കാര്യത്തിൽ (അല്ലാഹുവിന്റെ) പങ്കുകാരാണെന്ന് നിങ്ങൾ ജൽപിച്ചിരുന്ന നിങ്ങളുടെ ആ ശുപാർശക്കാരെ നിങ്ങളോടൊപ്പം നാം കാണുന്നില്ല. നിങ്ങൾ തമ്മിലുള്ള ബന്ധം അറ്റുപോകുകയും നിങ്ങൾ ജൽപിച്ചിരുന്നതെല്ലാം നിങ്ങളെ വിട്ടുപോകുകയും ചെയ്തിരിക്കുന്നു” (ക്വുർആൻ 6:94).

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com



# സകാത്തിന്റെ സാമൂഹിക പ്രസക്തി

സകാത്ത് ഇസ്‌ലാമിന്റെ പഞ്ചസ്തംഭങ്ങളിലൊന്നാണ് എന്ന കാര്യം കൊച്ചുനാളിൽ മദ്‌റസയിൽവച്ച് പഠിക്കുന്നതാണ് ഓരോ സത്യവിശ്വാസിയും. എന്നാൽ അത് പ്രായോഗികതലത്തിൽ കൊണ്ടുവരുന്നതിൽ മിക്കവരും പരാജയപ്പെടുന്നു. ശ്രമിച്ച് പരാജയപ്പെടുകയല്ല, മറിച്ച് അതിൽ വിമുഖത കാണിച്ച് പിന്നിലായിപ്പോകുകയാണ് ചെയ്യുന്നത് എന്നതാണ് വാസ്തവം.

ഇബ്‌നു ഉമർ ﵁ നിവേദനം. നബി ﷺ പറഞ്ഞു: "ഇസ്‌ലാം സ്ഥാപിതമായിരിക്കുന്നത് അഞ്ചു കാര്യങ്ങളിന്മേലാണ്. അല്ലാഹുവല്ലാതെ ആരാധനക്കർഹനായി ആരുമില്ല എന്നും മുഹമ്മദ് ﷺ അല്ലാഹുവിന്റെ ദൂതനാണെന്നും സാക്ഷ്യംവഹിക്കൽ, നമസ്‌കാരം നിലനിർത്തൽ, സകാത്തുനൽകൽ, റമദാനിൽ നോമ്പ് അനുഷ്ഠിക്കൽ, സാധിക്കുന്നവർ കഅ്ബയിൽ പോയി ഹജ്ജ് നിർവഹിക്കൽ (എന്നിവയാണവ)" (ബുഖാരി, മുസ്‌ലിം).

## സകാത്ത് വളർച്ച നൽകുന്നു

സകാത്ത് വ്യക്തിയെയും സമ്പത്തിനെയും ശുദ്ധീകരിക്കുന്നു. അല്ലാഹു പറയുന്നു: "അവരെ ശുദ്ധീകരിക്കുകയും വിശുദ്ധരാക്കുകയും ചെയ്യുന്ന സകാത്ത് നീ അവരുടെ സ്വത്തിൽ നിന്ന് വാങ്ങുകയും അവർക്ക് വേണ്ടി പ്രാർഥിക്കുകയും ചെയ്യുക" (ക്വുർആൻ 9:103).

സകാത്തും ദാനധർമവുമൊക്കെ നൽകിയാൽ തന്റെ ധനത്തിൽ കുറവു വരും എന്നാണ് പലരുടെയും ഭയം. ആ ധാരണ അല്ലാഹു തിരുത്തിത്തരികയാണ്. അല്ലാഹു പറയുന്നു:

"ജനങ്ങളുടെ സ്വത്തുക്കളിലൂടെ വളർച്ച നേടുവാനായി നിങ്ങൾ വല്ലതും പലിശയ്ക്ക് കൊടുക്കുന്ന പക്ഷം അല്ലാഹുവിങ്കൽ അത് വളരുകയില്ല. അല്ലാഹുവിന്റെ പ്രീതി ലക്ഷ്യമാക്കിക്കൊണ്ട് നിങ്ങൾ വല്ലതും സകാത്തായി നൽകുന്ന പക്ഷം അങ്ങനെ ചെയ്യുന്നവരത്രെ ഇരട്ടി സമ്പാദിക്കുന്നവർ"(ക്വുർആൻ 30:39).

നബിﷺ പറഞ്ഞു: "അനുവദനീയമായ മാർഗത്തിലൂടെ സമ്പാദിച്ചതിൽ നിന്നും ഒരു ഈത്തപ്പഴമെങ്കിലും ആരെങ്കിലും ദാനം ചെയ്യുന്നുവെങ്കിൽ അല്ലാഹു തന്റെ വലതുകൈ കൊണ്ട് അത് സ്വീകരിക്കുകയും നിങ്ങൾ നിങ്ങളുടെ കുതിരക്കുട്ടികളെ വളർത്തുന്നതുപോലെ വളർത്തി ഒരു മലയോളം വലുപ്പത്തിലാക്കുകയും ചെയ്യും"(ബുഖാരി, മുസ്‌ലിം).

## സകാത്ത് നൽകാത്തവർ ഭയപ്പെടുക

"അല്ലാഹു അവന്റെ അനുഗ്രഹത്തിൽ നിന്ന് തങ്ങൾക്കു തന്നിട്ടുള്ളതിൽ പിശുക്ക് കാണിക്കുന്നവർ അതവർക്ക് ഗുണകരമാണെന്ന് ഒരിക്കലും വിചാരിക്കരുത്. അല്ല, അവർക്ക് ദോഷകരമാണത്. അവർ പിശുക്ക് കാണിച്ച ധനം കൊണ്ട് ഉയിർത്തെഴുന്നേൽപിന്റെ നാളിൽ അവരുടെ കഴുത്തിൽ മാല ചാർത്തപ്പെടുന്നതാണ്. ആകാശങ്ങളുടെയും ഭൂമിയുടെയും അനന്തരാവകാശം അല്ലാഹുവിനത്രെ. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതെല്ലാം സൂക്ഷ്മമായി അറിയുന്നവനാകുന്നു"(ക്വുർആൻ 3:180).

അബൂഹുറയ്റ؄ നിവേദനം. നബിﷺ പറയുകയുണ്ടായി: "ആർക്കെങ്കിലും അല്ലാഹു ധനം നൽകുകയും അയാൾ അതിന്റെ സകാത്ത് നൽകാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ അന്ത്യനാളിൽ ആ സ്വത്ത് ഒരു സർപ്പരൂപം പ്രാപിക്കുകയും അയാളുടെ ശരീരത്തിൽ വരിഞ്ഞു മുറുക്കുകയും കവിളുകളിൽ കൊത്തിക്കൊണ്ട് 'ഞാനാകുന്നു നീ കൂമ്പാരമാക്കി വെച്ചിരുന്ന സമ്പാദ്യ'മെന്ന് പറയുകയും ചെയ്യും. ശേഷം നബി ഈ ആയത്ത് ഓതിക്കേൾപ്പിക്കുകയും ചെയ്തു: അല്ലാഹു തന്റെ ഔദാര്യത്തിൽ നിന്നും നൽകിയിട്ടുള്ള സ്വത്തിൽ നിന്ന് ചെലവഴിക്കാതെ പിശുക്ക് കാണിക്കുന്നവർ അതവർക്ക് ഉത്തമമാകുമെന്ന് വിചാരിക്കേണ്ടതില്ല. അല്ല, അതവർക്ക് തന്നെ വിനയായി മാറും. അവർ പിശുക്ക് കാണിച്ചിരുന്ന സമ്പത്ത് അന്ത്യനാളിൽ ഒരു മാലയായി അവർക്ക് ചാർത്തപ്പെടും, ആകാശഭൂമികളുടെ അനന്തരവകാശം അല്ലാഹുവിനുള്ളതാകുന്നു, നിങ്ങൾ പ്രവർത്തിക്കുന്നതെല്ലാം അല്ലാഹു സൂക്ഷ്മമായി അറിയുകയും ചെയ്യുന്നു" (ബുഖാരി).

"സ്വർണവും വെള്ളിയും നിക്ഷേപമാക്കിവെക്കുകയും അല്ലാഹുവിന്റെ മാർഗത്തിൽ അത് ചെലവഴിക്കാതിരിക്കുകയും ചെയ്യുന്നവരാരോ അവർക്ക് വേദനയേറിയ ശിക്ഷയെപ്പറ്റി സന്തോഷവാർത്ത അറിയിക്കുക. നരകാഗ്നിയിൽ വെച്ച് അവ ചുട്ടുപഴുപ്പിക്കപ്പെടുകയും എന്നിട്ടത് കൊണ്ട് അവരുടെ നെറ്റികളിലും പാർശ്വങ്ങളിലും മുതുകുകളിലും ചൂടുവെക്കപ്പെടുകയും ചെയ്യുന്ന ദിവസം (അവരോട് പറയപ്പെടും): നിങ്ങൾ നിങ്ങൾക്ക് വേണ്ടി തന്നെ നിക്ഷേപിച്ചുവെച്ചതാണിത്. അതിനാൽ നിങ്ങൾ നിക്ഷേപിച്ച് വെച്ചിരുന്നത് നിങ്ങൾ ആസ്വദിച്ച് കൊള്ളുക" (ക്വുർആൻ 9:34,35).

അബൂഹുറയ്റ؄ നിവേദനം. നബിﷺ പറഞ്ഞു: "സ്വർണത്തിന്റെയും വെള്ളിയുടെയും ഉടമസ്ഥർ അതിൽനിന്നും അർഹമായ സകാത്ത് നൽകുന്നില്ലെങ്കിൽ അന്ത്യദിനത്തിൽ പ്രസ്തുത സമ്പത്തുകൾ കൊണ്ട് തകിടുകളാക്കുന്നതും അവ പഴുപ്പിച്ച് അവരുടെ മുതുകിലും നെറ്റിയിലും ചൂടുപിടിപ്പിക്കുകയും ചെയ്യും. അത് തണുക്കുമ്പോഴെല്ലാം വീണ്ടും ചൂടുപിടിപ്പിക്കുന്ന പ്രക്രിയ ആവർത്തിച്ചുകൊണ്ടേയിരിക്കും. എഴുപതിനായിരം വർഷം ദൈർഘ്യമുള്ള ഒരു ദിനത്തിൽ അല്ലാഹു തന്റെ അടിമകൾക്കിടയിൽ വിധി തീർപ്പുകൽപിക്കുന്നതുവരെ അതു നീണ്ടുനിൽക്കുകയും ചെയ്യും. അവസാനം വിചാരണക്കു ശേഷം അയാൾ സ്വർഗത്തിലേക്കോ നരകത്തിലേക്കോ നയിക്കപ്പെടുകയും ചെയ്യും. അതു കേട്ട് ഒരാൾ നബിﷺ യോട് ചോദിച്ചു: 'ഒട്ടകമായിരുന്നു അയാളുടെ സമ്പാദ്യമെങ്കിലോ?' നബിﷺ പറഞ്ഞു: 'ഒട്ടകമാണെങ്കിലും ശരി, വെള്ളം നൽകുന്ന ദിവസം അതിനെ കറന്നെടുക്കുക എന്നതും അതിനോടുള്ള കടമകളിൽ പെട്ടതാണ്.

അതയാൾ നിർവഹിച്ചിട്ടില്ലെങ്കിൽ അവയ്ക്ക് വിശാലമായ ഒരു സമതലം വിട്ടുകൊടുക്കുകയും അതിൽ ഒരു ചെറിയ ഒട്ടകക്കുട്ടി പോലും കുറവില്ലാതെ അവയുടെ കുളമ്പുകൾ കൊണ്ട് അയാളെ ചവിട്ടി മെതിക്കുകയും കടിച്ചു പറിക്കുകയും ചെയ്യും. ഒട്ടകങ്ങളെല്ലാം കടന്നു പോയിക്കഴിഞ്ഞാൽ അതിന്റെ ആദ്യം വീണ്ടും മടങ്ങിവന്നുകൊണ്ടിരിക്കും. അമ്പതിനായിരം വർഷം ദൈർഘ്യമുള്ള ഒരു ദിനത്തിൽ ആ പ്രക്രിയ ആവർത്തിച്ചുകൊണ്ടേയിരിക്കുകയും ചെയ്യും. വിചാരണക്കു ശേഷം അയാളെ സ്വർഗത്തിലേക്കോ നരകത്തിലേക്കോ നയിക്കുകയും ചെയ്യും" (മുസ്‌ലിം, അബൂദാവൂദ്).

## സകാത്ത് നൽകാതിരിക്കുന്നതിന്റെ വിധി

സകാത്ത് നിർബന്ധമാണെന്ന വിഷയത്തിൽ മുസ്‌ലിം ലോകത്തിന്റെ ഏകകണ്ഠമായ അഭിപ്രായമുണ്ട്. സകാത്ത് നിർബന്ധമില്ലെന്നു പറയുന്നവൻ ഇസ്‌ലാമിൽനിന്നു പുറത്തു പോയതായി ഗണിക്കപ്പെടുക പോലും ചെയ്യും! എന്നാൽ സകാത്ത് നിർബന്ധമാണെന്ന വിശ്വാസത്തോടെ അത് നൽകാതിരിക്കുന്നവർ ഇസ്‌ലാമിൽനിന്നു പുറത്ത് പോവുകയില്ല. അത്തരക്കാരുടെ സമ്പത്തിൽ നിന്നും ബലപ്രയോഗത്തിലൂടെ തന്നെ സകാത്ത് വാങ്ങൽ ഇസ്‌ലാമിക ഭരണാധികാരിയുടെ ബാധ്യതയാണ്. അങ്ങനെ ചെയ്യുമ്പോൾ ശിക്ഷയെന്നോണം അയാളുടെ സ്വത്തിൽ നിന്നും പകുതി പിടിച്ചെടുക്കാവുന്നതുമാണ്.

ബഹസ്ഇബ്നു ഹകീം‍ﷺ തന്റെ പിതാമഹനിൽ നിന്നും അദ്ദേഹം നബിﷺയിൽ നിന്നും ഉദ്ധരിക്കുന്നു. നബിﷺ പറഞ്ഞു: "മേഞ്ഞുനടക്കുന്ന ഒട്ടകങ്ങൾ നാൽപതെണ്ണം തികഞ്ഞാൽ അതിൽ നിന്ന് രണ്ടാം വയസ്സിലേക്കു കടന്ന ഒരു ഒട്ടകക്കുട്ടിയെ സകാത്തായി നൽകേണ്ടതാണ്. അതിന്റെ കണക്കുകൾക്കിടയിൽ വേർതിരിവു കാണിക്കാൻ പാടില്ല. അല്ലാഹുവിന്റെ പ്രീതിയുദ്ദേശിച്ച് ആരെങ്കിലും അത് നൽകുന്നുവെങ്കിൽ അയാൾക്ക് അതിന്റെ പ്രതിഫലമുണ്ട്. ആരെങ്കിലും അതു നൽകാൻ വിസമ്മതിച്ചാൽ അതു നാം പിടിച്ചെടുക്കുകയും പിഴയെന്നോണം അയാളുടെ പകുതി സ്വത്ത് കൂടി പിടിച്ചെടുക്കുന്നതുമാണ്. മുഹമ്മദിനോ തന്റെ കുടുംബത്തിനോ അതിൽ നിന്നും യാതൊന്നും ഉപയോഗിക്കുവാൻ പാടുള്ളതല്ല" (അബൂദാവൂദ്).



സകാത്ത് നൽകുന്നതിൽനിന്നു വിട്ടുനിൽക്കുന്നവർ ആയുധ ബലമുള്ളവരാണെങ്കിൽ അതു പിടിച്ചെടുക്കാൻ യുദ്ധം വരെ വേണ്ടി വന്നാൽ ആകാവുന്നതാണ് എന്നാണ് പ്രമാണങ്ങൾ പഠിപ്പിക്കുന്നത്.

നബിﷺ പറഞ്ഞു: "ജനങ്ങൾ തൗഹീദ് അംഗീകരിക്കുകയും നമസ്കാരം നിർവഹിക്കുകയും സകാത്ത് നൽകുകയും ചെയ്യുന്നതുവരെ അവരോട് യുദ്ധം ചെയ്യാൻ എന്നോട് കൽപിക്കപ്പെട്ടിരിക്കുന്നു. അത്രയും നിർവഹിക്കാൻ അവർ സന്നദ്ധമായാൽ അവരുടെ സ്വത്തും ശരീരവും വിശുദ്ധമായി ഗണിക്കപ്പെടും. ഇസ്‌ലാം അനുവദിച്ച കാരണം കൂടാതെ അവർക്കെതിരെ യാതൊരുവിധ കയ്യേറ്റവുമുണ്ടാകില്ല. എന്നാൽ അവരെ (മാനസികമായ നിലപാടുകൾക്കനുസരിച്ച് അന്ത്യനാളിൽ) വിചാരണ ചെയ്യുന്നതും ശിക്ഷ-രക്ഷ നടപടികൾ കൈക്കൊള്ളുന്നതും അല്ലാഹുവായിരിക്കും"(ബുഖാരി, മുസ്‌ലിം).

അബൂഹുറയ്റ‍ﷺ നിവേദനം: "നബിﷺ ഇഹലോകവാസം വെടിയുകയും അബൂബക്ർ‍ﷺ ഭരണം ഏറ്റെടുക്കുകയും ചെയ്തപ്പോൾ അറബികളിൽ നിന്ന് ഒരുപാടാളുകൾ മതപരിത്യാഗികളായി മാറുകയുണ്ടായി. (അബൂബക്ർ‍ﷺ അവരോട് യുദ്ധം ചെയ്യാൻ സന്നദ്ധമാവുകയും ചെയ്തു). അതിനെ വിമർശിച്ചുകൊണ്ട് 'ജനങ്ങൾ തൗഹീദ് അംഗീകരിച്ചാൽ അവരോട് യുദ്ധം ചെയ്യാൻ പാടില്ലെന്ന് നബിﷺ പറഞ്ഞിരിക്കെ താങ്കൾ എങ്ങനെയാണ് അവരോട് പോരാടുക' എ

ന്നു ഉമർ ചോദിച്ചു. അപ്പോൾ അബൂബക്ർ പറഞ്ഞു: 'അല്ലാഹുവാണെ സത്യം! നമസ്കാരവും സകാത്തും വേർതിരിക്കുന്നവരോട് ഞാൻ യുദ്ധം ചെയ്യുക തന്നെ ചെയ്യും. അവർ നബിﷺയുടെ കാലഘട്ടത്തിൽ സകാത്തായി നൽകിയിരുന്നത് ഒരു ഒട്ടകക്കുട്ടിയെയായിരുന്നെങ്കിൽ അത് നൽകുന്നതു വരെ ഞാൻ അവരോട് പോരാടും. കാരണം ശരീരത്തിന്റെ മേൽ നമസ്കാരം ബാധ്യതയായ പോലെ സമ്പത്തിൽ നിന്നു സകാത്ത് നൽകലും ബാധ്യതയാണ്.' അതോടെ എനിക്കും അബൂബക്ർവിനെ പോലെ ആ കാര്യം ശരിയാണെന്ന് ബോധ്യമായി" (ബുഖാരി, മുസ്‌ലിം).

## സകാത്തിന്റെ സാമൂഹിക പ്രസക്തി

എല്ലാ മനുഷ്യർക്കും അല്ലാഹു ഒരേ സാമ്പത്തികാവസ്ഥയല്ല നൽകിയിരിക്കുന്നത്. മനുഷ്യരുടെ ഉപജീവനമാർഗവും വ്യത്യസ്തമാണ്. അല്ലാഹു പറയുന്നു: "ആകാശങ്ങളുടെയും ഭൂമിയുടെയും താക്കോലുകൾ അവന്റെ അധീനത്തിലാകുന്നു. അവൻ ഉദ്ദേശിക്കുന്നവർക്ക് ഉപജീവനം അവൻ വിശാലമാക്കുന്നു. (മറ്റുള്ളവർക്ക്) അവൻ അത് ഇടുങ്ങിയതാക്കുകയും ചെയ്യുന്നു. തീർച്ചയായും അവൻ ഏതുകാര്യത്തെപ്പറ്റിയും അറിവുള്ളവനാകുന്നു" (ക്വുർആൻ 42:12).

സമ്പത്താകുന്ന ദൈവികാനുഗ്രഹം സഹജീവികൾക്കുവേണ്ടി പങ്കുവയ്ക്കാനുള്ള സന്മനസ്സുണ്ടാവുക എന്നത് വിശ്വാസത്തിന്റെ ഭാഗമാണ്. അല്ലാഹു പറയുന്നു:

"തീർച്ചയായും നിങ്ങളുടെ പരിശ്രമം വിഭിന്ന രൂപത്തിലുള്ളതാകുന്നു. എന്നാൽ ഏതൊരാൾ ദാനം നൽകുകയും സൂക്ഷ്മത പാലിക്കുകയും ഏറ്റവും ഉത്തമമായതിനെ സത്യപ്പെടുത്തുകയും ചെയ്തുവോ അവന്നു നാം ഏറ്റവും എളുപ്പമായതിലേക്ക് സൗകര്യപ്പെടുത്തി കൊടുക്കുന്നതാണ്. എന്നാൽ ആർ പിശുക്കു കാണിക്കുകയും സ്വയം പര്യാപ്തത നടിക്കുകയും ഏറ്റവും ഉത്തമമായതിനെ നിഷേധിച്ചുതള്ളുകയും ചെയ്തുവോ അവന്നു നാം ഏറ്റവും ഞെരുക്കമുള്ളതിലേക്ക് സൗകര്യമൊരുക്കി കൊടുക്കുന്നതാണ്. അവൻ നാശത്തിൽ പതിക്കുമ്പോൾ അവന്റെ ധനം അവന്ന് പ്രയോജനപ്പെടുന്നതല്ല" (ക്വുർആൻ 92:4-11).

മനുഷ്യരെ സംബന്ധിച്ചിടത്തോളം ഐഹികജീവിതം പരീക്ഷണ ഘട്ടമാണ്. തനിക്ക് സർവശക്തൻ കനിഞ്ഞുനൽകിയ ജീവൻ, ആരോഗ്യം, സമ്പത്ത് തുടങ്ങിയ എല്ലാ അനുഗ്രഹങ്ങൾക്കും പകരമായി ആ സ്രഷ്ടാവിനോട് നന്ദി കാണിക്കുക എന്നത് അവന്റെ കടമയാണ്. ചിലരെ സമ്പന്നരും മറ്റു ചിലരെ ദരിദ്രരുമായി മാറ്റിയതും അവർക്കുള്ള പരീക്ഷണമാണ്. ഏത് അവസ്ഥയിലും സ്രഷ്ടാവിനെ മറക്കാതിരിക്കുക എന്നത് സത്യവിശ്വാസികൾക്കുണ്ടായിരിക്കേണ്ട സദ്ഗുണമാണ്.

ഉള്ളവൻ ഇല്ലാത്തവനെ സഹായിക്കണം. അത് മനുഷ്യത്വത്തിന്റെ അടയാളമാണ്. സമ്പന്നരുടെമേൽ നിർബന്ധദാനം അഥവാ സകാത്ത് ഇസ്‌ലാം നിർബന്ധമാക്കിയിരിക്കുന്നത് ഈ മാനുഷികഗുണം ഊട്ടിയുറപ്പിക്കുവാൻ വേണ്ടി കൂടിയാണ്.

യാചിക്കേണ്ട അവസ്ഥയുണ്ടായിട്ടും മാന്യത കാത്തുസൂക്ഷിച്ചുകൊണ്ട് യാചനയുടെ മാർഗം സ്വീകരിക്കാത്തവരും സമൂഹത്തിലുണ്ടായിരിക്കും. അത്തരക്കാരെ കണ്ടെത്തുവാനും അവരെ സഹായിക്കുവാനും സത്യവിശ്വാസികൾക്ക് കഴിയേണ്ടതുണ്ട്.

സകാത്തിന്റെ അവകാശികൾ ആരെന്ന് അല്ലാഹു തന്നെ വ്യക്തമാക്കിത്തരുന്നത് കാണുക: "ദാനധർമങ്ങൾ (നൽകേണ്ടത്) ദരിദ്രൻമാർക്കും അഗതികൾക്കും അതിന്റെ കാര്യത്തിൽ പ്രവർത്തിക്കുന്നവർക്കും (ഇസ്‌ലാമുമായി) മനസ്സുകൾ ഇണക്കപ്പെട്ടവർക്കും അടിമകളുടെ (മോചനത്തിന്റെ) കാര്യത്തിലും കടംകൊണ്ട് വിഷമിക്കുന്നവർക്കും അല്ലാഹുവിന്റെ മാർഗത്തിലും വഴിപോക്കന്നും മാത്രമാണ്. അല്ലാഹുവിങ്കൽ നിന്ന് നിശ്ചയിക്കപ്പെട്ടതത്രെ ഇത്. അല്ലാഹു എല്ലാം അറിയുന്നവനും യുക്തിമാനുമാണ്" (ക്വുർആൻ 9:60).

## സകാത്ത് ഔദാര്യമല്ല

സമ്പത്ത് അല്ലാഹു നൽകുന്നതാണ്. അതിന്റെ പേരിൽ അഹങ്കരിക്കുവാൻ ഒരാൾക്കും അവകാശമില്ല. ഏതൊരു സമ്പന്നനെയും നിമിഷങ്ങൾക്കകം ദരിദ്രനാക്കി മാറ്റുവാൻ അല്ലാഹുവിന് കഴിയുമെന്ന് ഓർക്കണം. നിശ്ചിത സമ്പത്തുള്ളവൻ അതിൽനിന്ന് സകാത്തായി ഒരു നിശ്ചിത ഓഹരി നൽകണമെന്ന് അല്ലാഹുവാണ് കൽപിക്കുന്നത്. അത് നൽകുന്നവൻ തന്റെ ഔദാര്യമാണെന്ന് വിചാരിക്കുവാനും പാടില്ല. പാവങ്ങളുടെ അവകാശമാണ് അതെന്ന തിരിച്ചറിവാണ് വേണ്ടത്. ആ തിരിച്ചറിവുള്ളവൻ സമയമായാൽ എത്രയും പെട്ടെന്ന് തന്റെ നിർബന്ധ ബാധ്യത കൊടുത്തുതീർക്കുവാനും അതുവഴി തന്റെ സമ്പത്തിനെ ശുദ്ധീകരിക്കുവാനും ശ്രദ്ധ പുലർത്തുമെന്നതിൽ സംശയമില്ല.

ഹിലാൽ സലീം സി.പി
hilalsaleemcpkannur@gmail.com

കവർ സ്റ്റോറി



# ജനസംഖ്യാ വിസ്ഫോടനം: സത്യവും മിഥ്യയും

**ലോകം അനുഭവിച്ചുകൊണ്ടിരിക്കുന്ന ഏറ്റവും വലിയ പ്രശ്നം ജനസംഖ്യാവർധനവാണെന്ന തരത്തിലുള്ള പഠനങ്ങൾ ഏതാണ്ടെല്ലാ രാജ്യങ്ങളും അംഗീകരിച്ച് കഴിഞ്ഞു. ജനിച്ചുവീഴുന്ന ഓരോ കുഞ്ഞിനും ഭക്ഷിക്കാനാവശ്യമായ വായ മാത്രമെയുള്ളൂവെന്നും നിർമാണത്തിനുപയുക്തമായ കൈകളില്ലെന്നുമുള്ള മിഥ്യാധാരണയിലാണ് ഈ പഠനങ്ങളുടെയെല്ലാം അസ്തിവാരമിട്ടിരിക്കുന്നത്. ജനസംഖ്യാ വർധനവ് കൊണ്ട് ആത്യന്തികമായി രാജ്യത്തിന് എന്താണ് സംഭവിക്കാൻ പോകുന്നത്? ഈ രംഗത്തെ ഇസ്‌ലാമിന്റെ നിലപാടെന്താണ്?**


ഭൂഗോളത്തിൽ ഏറ്റവുമധികം പേർ വസിക്കുന്നത് ചൈനയിലാണ്. രണ്ടാം സ്ഥാനം ഇന്ത്യയ്ക്കാണ്. ജനസംഖ്യാ വർധനവിനെ ചുറ്റിപ്പറ്റി വിവിധ വീക്ഷണങ്ങളാണ് നിലവിലുള്ളത്. ജനസംഖ്യ വർധിക്കുന്നത് രാഷ്ട്രപുരോഗതിക്കും സമ്പദ്‌വ്യവസ്ഥയ്ക്കും ഗുരുതരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുമെന്നും ജനസംഖ്യാ വർധനവിനെ ചെറുക്കാൻ നിർബന്ധിത വന്ധ്യംകരണ പ്രക്രിയയിലേക്ക് ലോകം കടക്കണമെന്നുമുള്ള വാദങ്ങൾ വിവിധ കോണുകളിൽ കാലാകാലങ്ങളായി ഉയരുന്നതാണ്. 2019ലെ തന്റെ സ്വാതന്ത്ര്യദിന പ്രഭാഷണത്തിൽ 'ഛോട്ടാ

പരിവാർ, സുഖി പരിവാർ' എന്ന ആപ്തവാക്യം പ്രഘോഷിച്ചു കൊണ്ട് ഇന്ത്യയുടെ പ്രധാനമന്ത്രി നരേന്ദ്ര മോദിയും പ്രസ്തുത വിഷയത്തിൽ ഭരണകൂടം കൈക്കൊള്ളുന്ന തീരുമാനത്തെ സംബന്ധിച്ചുള്ള സൂചനകൾ നൽകിയിരിക്കുന്നു.

## ജനസംഖ്യാപ്പെരുപ്പം: ഒരു ആമുഖം

1798ൽ തന്റെ, ജനസംഖ്യയുമായി ബന്ധപ്പെട്ട് പ്രസിദ്ധീകരിച്ച പ്രബന്ധത്തിലൂടെ തോമസ് റോബർട്ട് മാൽത്തൂസ് എന്ന കത്തോലിക്കാ പാതിരിയാണ് ജനസംഖ്യയെ സംബന്ധിച്ച ഭീതി ആദ്യമായി സമൂഹമധ്യത്തിലെത്തിച്ചത്. ജനസംഖ്യാവർധനവിനെതിരെ മനുഷ്യൻ വടിയെടുത്തില്ലെങ്കിൽ പ്രകൃതി തിരിച്ചടിക്കും എന്ന് അദ്ദേഹം വാദിച്ചു. പിൽക്കാലത്ത് ജീവപരിണാമ സിദ്ധാന്തത്തെ ആശയപരമായി ന്യായീകരിക്കുവാൻ ഡാർവിനും ആൽഫ്രഡ് റസ്സൽവാലസും കൂട്ടുപിടിച്ചതും മാൽത്തൂസിയൻ സിദ്ധാന്തത്തെ തന്നെയായിരുന്നു. ജനസംഖ്യാവർധനവിനെ ഭീതിതമായി ചിത്രീകരിക്കുന്നതിന് പിന്നിൽ വിവിധങ്ങളായ കാരണങ്ങൾ കാണാവുന്നതാണ്. മാൽത്തൂസിന്റെ കാലത്ത് ജനസംഖ്യ വർധിക്കുമ്പോൾ അവർ പ്രതീക്ഷിച്ച ഭക്ഷ്യലഭ്യതയിലെ കമ്മി, ഭൂമിയിൽ ജനങ്ങൾക്ക് വസിക്കുവാനുള്ള സ്ഥലപരിമിതി, ജനസംഖ്യാനുപാതികമായി ഉയരാൻ സാധ്യതയുള്ള മലിനീകരണം, വികസനത്തിന് മേൽ സൃഷ്ടിക്കപ്പെട്ടേക്കാവുന്ന തടസ്സങ്ങൾ തുടങ്ങിയവയാണ് ചർച്ച ചെയ്തതെങ്കിൽ ആധുനിക ഇന്ത്യയിലടക്കം ഇന്ന് നാം കാണുന്ന എതിർസ്വരങ്ങൾ വംശീയമായ വിദ്വേഷം അങ്കുരിക്കുന്നവയാണ്. 'ഛോട്ടാ ഫാമിലി' രാജ്യസ്നേഹത്തിന്റെ അടയാളമാണെന്നും ജനസംഖ്യാപ്പെരുപ്പത്തിനെതിരെ ഒരു സാമൂഹിക വിപ്ലവം അനിവാര്യമാണെന്നുമാണ് സദസ്സിൽ നിന്നുമുയർന്ന വമ്പിച്ച കരഘോഷത്തിനിടയിൽ നരേന്ദ്ര മോദി പ്രഖ്യാപിച്ചത്. തനിക്ക് ഒരു കുഞ്ഞ് പിറക്കുമ്പോൾ അതിനെ തീറ്റിപ്പോറ്റി വളർത്താൻ തനിക്കാവുമോ എന്ന് ഓരോ ഇന്ത്യക്കാരനും ചിന്തിക്കണം എന്നും പ്രധാനമന്ത്രി കൂട്ടിച്ചേർത്തു.


ഒരു കുഞ്ഞ് പിറന്നുവീഴുന്നത് മുതൽ വളർന്ന് വാർധക്യം പ്രാപിച്ച് മരണപ്പെടുന്നത് വരെ അവൻ അല്ലെങ്കിൽ അവൾ കേവലം ഭക്ഷിക്കുക മാത്രമാണ് ചെയ്യുന്നത് എന്ന മിഥ്യാധാരണയിൽ നിന്നാണ് ഇത്തരം വാദങ്ങൾ ജനിക്കുന്നത്. ഏതൊരു രാഷ്ട്രത്തിന്റെയും പുരോഗതിയും സാമ്പത്തികമായ ഉന്നമനവും ആ രാജ്യത്തെ 'വർക്ക് ഫോഴ്സി'നെ ആശ്രയിച്ചിരിക്കും. ഇവരുടെ അറിവും കഴിവും രാഷ്ട്ര പുരോഗതിക്ക് വേണ്ടി വിനിയോഗിക്കപ്പെടുന്നു എന്ന് ഉറപ്പിക്കുക ഭരണകൂടത്തിന്റെ ലക്ഷ്യവും കടമയുമാണ്. ജോലി ചെയ്യുന്ന, ചെയ്യാൻ കഴിവുള്ള ഈ ക്യാറ്റഗറിയെ വളരെ സമർഥമായി, ആസൂത്രിതമായി ഉപയോഗപ്പെടുത്തുന്നതിലൂടെയാണ് പുരോഗതി നേടാൻ സാധിക്കുന്നത്. ഇതിന്റെ പ്രധാനപ്പെട്ട ചുവടുകളാണ് കാര്യക്ഷമമായ വിദ്യാഭ്യാസ സംവിധാനങ്ങളും വിദ്യ അഭ്യസിച്ചവർക്ക് ജോലി ഉറപ്പാക്കലും. ചുരുക്കത്തിൽ, മാനവവിഭവശേഷിയുടെ സൃഷ്ടിപരമായ വിനിയോഗത്തിലൂടെ ഏതൊരു രാഷ്ട്രത്തിന്നും ലോകശക്തിയായി മാറാം. ഇന്ത്യയെപ്പോലെ മാനവിഭവശേഷിക്ക് പഞ്ഞമില്ലാത്തയിടത്ത് ഇതിന്റെ സാധ്യത വളരെയധികം വർധിക്കുന്നു. എന്നാൽ യുവതയെ പുരോഗതിയുടെ വക്താക്കളാക്കുന്നതിൽ നമ്മുടെ ഭരണകൂടം പരാജയപ്പെട്ടിരിക്കുന്നു. ഉയർന്നു കൊണ്ടിരിക്കുന്ന പട്ടിണി മരണങ്ങളും കലാപങ്ങളും വിരൽചൂണ്ടുന്നത് തൊഴിലില്ലായ്മ രൂക്ഷമായതിനാൽ ജോലിയും കൂലിയുമില്ലാതെ അലയുന്ന ഇന്ത്യൻ യുവതയുടെ ആത്മരോഷത്തിലേക്കാണ്. അപ്പോഴും ജനസംഖ്യയെ പഴിക്കാൻ തയ്യാറാകുന്ന ഭരണാധികാരികൾ തങ്ങളുടെ പിഴവുകൾ മറയ്ക്കുള്ളിലാക്കാൻ ശ്രമിക്കുകയാണ്.



ഇന്ന് ജനസംഖ്യാപ്പെരുപ്പം ചർച്ച ചെയ്യപ്പെടുന്നതിന് വംശീയമായ ചില മാനങ്ങൾ കൂടി കാണാൻ സാധിക്കും. ഇസ്‌ലാംഭീതി എന്നത്തെക്കാളും വർധിച്ച തോതിൽ വിറ്റഴിക്കപ്പെടുന്ന മാർക്കറ്റുകളിൽ കൂടുതൽ ഡിമാന്റോടെ 'ഔട്ട് ഓഫ് സ്റ്റോക്കാ'വുന്ന ഉൽപന്നമാണ് ഇത്. 2011 ൽ റിലീജ്യസ് സെൻസസ് പുറത്തുവിട്ട സമയത്ത് ഇന്ത്യയിലെ ഒരു ദിനപ്പത്രമായ 'ടൈംസ് ഓഫ് ഇന്ത്യ'യിലെ ലീഡ് (തലവാചകം) ഇങ്ങനെയായിരുന്നു: "Hindu number shrinks, Muslim number grows'! സെൻസസ് പ്രകാരം ഇന്ത്യയിലെ ഹിന്ദു ജനസംഖ്യ 80 ശതമാനത്തോടടുത്തായിരുന്നു. മുസ്‌ലിം ജനസംഖ്യയാകട്ടെ 14.2 ശതമാനവും. മുമ്പത്തെ കണക്കുകളിൽ നിന്നും 0.8%ന്റെ വളർച്ച മുസ്‌ലിം ജനസംഖ്യയിലുണ്ടായതാണത്രെ ഈ തലക്കെട്ടിന് ഹേതു. ഒരു ബഹുമത രാഷ്ട്രത്തിൽ ഭൂരിപക്ഷ സമുദായത്തെ മറികടക്കാൻ ന്യൂനപക്ഷത്തിന് സാധിക്കില്ല എന്ന സാമാന്യ വസ്തുത നിലനിൽക്കെയാണ് ഇത്തരത്തിൽ ഒറ്റനോട്ടത്തിൽ തെറ്റിദ്ധാരണ ജനിപ്പിക്കുന്ന വൈകാരികമായ തലക്കെട്ടുകളും അന്തിച്ചർച്ചകളും അന്ന് മാധ്യമങ്ങളിൽ അരങ്ങേറിയത്. ഇന്ത്യയിലെ പ്രബല ന്യൂനപക്ഷമായ മുസ്‌ലിംകൾ പെറ്റുപെരുകുകയാണ് എന്ന വംശീയച്ചുവയോടെയുള്ള വാദങ്ങൾ അടുത്തകാലത്ത് കേരളത്തിലടക്കം കാണാൻ സാധിക്കുന്നു. ജനസംഖ്യാ പെരുപ്പവും ഫാമിലി പ്ലാനിംഗിന് പിന്നിലെ സാമ്രാജ്യത്വത്തിന്റെ താൽപര്യങ്ങളും മറ്റു തെറ്റിദ്ധാരണകളും അപഗ്രഥിക്കുന്നതോടൊപ്പം ഇസ്‌ലാം ഇവ്വിഷയത്തിൽ മുന്നോട്ടു വെക്കുന്ന ചിന്തകളും കൂട്ടിവായിക്കുമ്പോൾ മാത്രമെ ഈ പഠനം പൂർത്തിയാവുകയുള്ളൂ.

## ജനസംഖ്യാവിസ്‌ഫോടനം: മാൽത്തൂസ് തിരികൊളുത്തുന്നു

ആമുഖത്തിൽ വ്യക്തമാക്കിയത് പോലെ ജനസംഖ്യയുമായി ബന്ധപ്പെട്ട് ആദ്യമായി ഭീതി പരത്തിയത് തന്റെ 'An Essay on the Principle of Population' എന്ന രചനയിലൂടെ തോമസ് റോബർട്ട് മാൽത്തൂസാണ്. ഇന്നും പാഠപുസ്തകങ്ങളിൽ വിദ്യാർഥികൾ മാൽത്തൂസിയൻ ചിന്തകൾ പഠിക്കുന്നു എന്നതാണ് മാൽത്തൂസിന്റെ സിദ്ധാന്തത്തെ ഇഴകീറി പരിശോധിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നത്. 1798ൽ പ്രസിദ്ധീകരികരിച്ച തന്റെ സിദ്ധാന്തം കേവലം അഞ്ച് വർഷങ്ങൾക്കിപ്പുറം 1803ൽ അദ്ദേഹം തന്നെ മാറ്റത്തിരുത്തലുകൾക്ക് വിധേയമാക്കിയിട്ടുണ്ട്. ജനസംഖ്യ വർധിക്കുന്നത് ഭക്ഷ്യോൽപാദനത്തിനെക്കാൾ വേഗതയിലാണെന്നും ജനസംഖ്യയെ മനുഷ്യർ സ്വയം നിയന്ത്രിച്ചില്ലെങ്കിൽ പ്രകൃതി ദുരന്തങ്ങളിലൂടെ പ്രകൃതി സ്വയം ആ ചുമതല നിർവഹിക്കുമെന്നും അദ്ദേഹം സിദ്ധാന്തിച്ചു. വിവാഹം കഴിക്കാതിരിക്കുക, വൈകിയ വേളയിൽ വിവാഹം കഴിക്കുക, കഴിച്ചാൽ തന്നെ കുട്ടികളുടെ എണ്ണം നിയന്ത്രിക്കുക തുടങ്ങിയവയായിരുന്നു മാൽത്തൂസ് മുന്നോട്ടുവച്ചത്. ഇംഗ്ലണ്ടിലെ വൻതോതിലുള്ള ജനസംഖ്യാവർധനവിൽ മനംനൊന്താണ് ഈ സിദ്ധാന്തവുമായി ടിയാൻ രംഗത്ത് വരുന്നത്.



എന്നാൽ പ്രഥമദൃഷ്ട്യാ തന്നെ വളരെ ബാലിശമെന്ന് ഏതൊരാൾക്കും എളുപ്പം തിരിച്ചറിയാവുന്നതാണ് ഇദ്ദേഹത്തിന്റെ വാദങ്ങൾ. വസ്തുനിഷ്ഠമായ പരിശോധനയിലൂടെ ഈ സിദ്ധാന്തത്തിന്റെ പിഴവുകൾ കൂടുതൽ വ്യക്തമാകും.

1. ജനസംഖ്യ വർധിച്ചാൽ സംഭവിക്കുമെന്ന് മാൽത്തൂസ് പ്രവചിച്ച ഭക്ഷ്യക്ഷാമം കടന്നുവന്നില്ല. പ്രത്യുത, ആധുനിക സാങ്കേതിക വിദ്യകളിലൂടെ ആവശ്യത്തിലും കൂടുതൽ ഭക്ഷ്യലഭ്യത ഉറപ്പാക്കാൻ മനുഷ്യന് സാധിച്ചു. കീടനാശിനികളുടെ പ്രയോഗം, ഓർഗാനിക് ഫാമിംഗ്, ബയോടെക്നോളജി എന്ന ശാസ്ത്രശാഖയുടെ ഉദയം, അതിലൂടെ ഭക്ഷ്യോൽപാദന രംഗത്ത് നടന്ന വിപ്ലവകരമായ മാറ്റങ്ങൾ തുടങ്ങി മെഷിനറിയുടെ ഉപയോഗം വരെയുള്ള ഘട്ടങ്ങളിലൂടെ ജനസംഖ്യാ വർധനവ് കാരണമുള്ള ഭക്ഷ്യക്ഷാമം എന്ന വാദം അമ്പേ പരാജയപ്പെട്ടു.

2. ഹരിതവിപ്ലവത്തിലൂടെ കൂടുതൽ ഭക്ഷ്യലഭ്യത ഉറപ്പാക്കാൻ സാധിച്ചു.

3. പാശ്ചാത്യലോകത്ത് മാൽത്തൂസിയൻ സിദ്ധാന്തം നിലംതൊട്ടില്ല. അവിടെ മാൽത്തൂസ് പ്രവചിച്ച ജനസംഖ്യാവിസ്ഫോടനം നടന്നില്ലെന്ന് മാത്രമല്ല, ആധുനിക കാലത്ത് കൂടുതൽ മെച്ചപ്പെട്ട ജീവിത പരിസരവും അവർക്ക് ലഭിച്ചു.

ഉദാ: 1930കളിൽ യു.എസിലെ 25% ജനങ്ങൾ കാർഷിക മേഖലയിൽ തൊഴിലെടുത്തു. അന്ന് യു.എസിലെ ജി.ഡി.പി 100 ബില്യൺ ഡോളറാണ്. എന്നാൽ ഇന്ന് കേവലം 2% പേർ മാത്രമാണ് കാർഷിക മേഖലയിൽ ജോലി നോക്കുന്നത്. ഇന്ന് ആ രാഷ്ട്രത്തിന്റെ ജി.ഡി.പി 14 ട്രില്യൺ ഡോളറിനെക്കാൾ കൂടുതലാണ്.

4. ജനസംഖ്യാ വർധനവ് ഭക്ഷ്യോൽപാദനത്തിനുള്ള പ്രദേശങ്ങൾ വെട്ടിച്ചുരുക്കുമെന്ന് മാൽത്തൂസ് പറഞ്ഞപ്പോൾ പിൽകാലത്ത് നാം കാണുന്നത് അംബരചുംബികളായ ഫ്ളാറ്റുകളിൽ കുറച്ച് ഭൂമി ഉപയോഗിച്ച് കൂടുതൽ പേർ താമസിക്കുന്നതാണ്. ഒപ്പം ടെറസ് ഫാമിംഗ് അടക്കമുള്ള വിദ്യകൾ വികസിച്ചു.

5. ആഗോളീകരണമെന്ന ആശയം ശക്തിപ്രാപിച്ചതോടെ രാഷ്ട്രങ്ങൾ തമ്മിലുള്ള കൈമാറ്റങ്ങൾ വൻതോതിൽ വർധിച്ചു. ഇതോടെ സ്വന്തം രാജ്യത്ത് ഉൽപാദിപ്പിക്കാത്തവ മറുനാട്ടിൽ നിന്നും ഇറക്കുമതി ചെയ്യാമെന്നായി. ചില ഉൽപന്നങ്ങൾക്ക് ചിലയിടങ്ങളിൽ ക്ഷാമം ഉണ്ടാകാം എന്ന വാദവും ഇതോടെ തകർന്നു.

6. ജീവിത സാഹചര്യം മെച്ചപ്പെട്ടാൽ ജനനനിരക്ക് വർധിക്കും എന്ന മാൽത്തൂസിയൻ വാദം തെറ്റാണെന്ന് പിന്നീട് ബോധ്യമായി.

## ജനസംഖ്യാബോംബും യാഥാർഥ്യവും

മാൽത്തൂസിന് ശേഷം 1968 ലാണ് ജനസംഖ്യാ നിയന്ത്രണത്തെ പിന്തുണച്ചുകൊണ്ട് പ്രചുരപ്രചാരം നേടിയ 'പോപ്പുലേഷൻ ബോംബ്' എന്ന നാമധേയത്തിലുള്ള കൃതിയുമായി ജൂത-ജർമൻ ഫിസിഷ്യനും ശാസ്ത്രജ്ഞനുമായ പോൾ ഏർളിച്ച് രംഗപ്രവേശം ചെയ്യുന്നത്. ജനസംഖ്യാ ബോംബ് എന്ന നാമകരണത്തിലൂടെ മൂന്നാം ലോകരാജ്യങ്ങളുടെ മാനവവിഭവശേഷിയെ തകർക്കാനുള്ള ശ്രമങ്ങൾക്ക് അദ്ദേഹം പിന്തുണ നൽകി.

1980ൽ 'The Ultimate Resource' എന്ന പുസ്തകത്തിന്റെ രചയിതാവായ ജൂലിയൻ എൽ സൈമണും പോൾ ഏർളിച്ചും തമ്മിൽ ഒരു പന്തയം നടന്നു. 1990 ആകുമ്പോഴേക്കും 1980ലേതിനെക്കാൾ വിഭവങ്ങൾ കുറയുമെന്നും ഇത് ജനസംഖ്യാശാസ്ത്രപരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുമെന്നും പോൾ ഏർളിച്ച് വാദിച്ചു. ഇതിന് അദ്ദേഹം കണ്ടെത്തിയ കാരണം ജനസംഖ്യാവർധനവായിരുന്നു. എന്നാൽ ജനസംഖ്യ വർധിച്ചത് കാരണം വിഭവലഭ്യത കൂടുമെന്ന് ജൂലിയൻ സൈമണും വാദിച്ചു. പന്തയത്തിന്നായി കോപ്പർ, ക്രോമിയം, നിക്കൽ, ടിൻ, ടങ്സ്റ്റൺ എന്നീ ലോഹങ്ങൾ ഏർളിച്ച് തെരഞ്ഞെടുത്തു. വിഭവലഭ്യത കൂടുമ്പോൾ സ്വാഭാവികമായും ഉൽപന്നത്തിന്റെ മൂല്യം (വില) കുറയുമല്ലോ. 1990 ആയപ്പോഴേക്കും മുകളിൽ പറഞ്ഞവയുടെ വില 57% കുറഞ്ഞു. അഥവാ, വിഭവലഭ്യത കൂടി എന്നർഥം. ഇതേത്തുടർന്ന് 1990 ഒക്ടോബറിൽ പോൾ ഏർളിച്ച് പന്തയത്തുകയായ 576.07 ഡോളർ ജൂലിയൻ സൈമണ് അയച്ചുകൊടുത്തു.

ജനസംഖ്യ വർധിക്കൽ ദോഷകരമാണെന്ന് വാദിച്ച തോമസ് മാൽത്തൂസിന്റെയും പോൾ ഏർളിച്ചിന്റെയും പഠനങ്ങളും അവരുടെ കണക്കുകൂട്ടലുകളും അവരുടെ കാലഘട്ടത്തിലെ സാഹചര്യങ്ങളുടെയും സാങ്കേതിക വിദ്യയുടെയും അടിസ്ഥാനത്തിലാണ് എന്നതാണ് ഇവിടെ നാം തിരിച്ചറിയേണ്ട പ്രധാനപ്പെട്ട ഒരു വസ്തുത. അവരുടെ വാദങ്ങൾ ദയനീയമായി പത്തിമടക്കുന്ന കാഴ്ചയ്ക്ക് കാലം സാക്ഷിയായി.

## ജനസംഖ്യാവർധനവ് ദോഷകരമെന്നോ?

ജനസംഖ്യയെ സംബന്ധിച്ച ഭീതിജനകമായ പ്രചാരണങ്ങളും തെറ്റിദ്ധാരണകളും രാഷ്ട്രങ്ങളുടെ പുരോഗതിയെ തടഞ്ഞുനിർത്തുന്ന കാഴ്ചയാണ് ആധുനിക കാലഘട്ടത്തിൽ കാണാൻ സാധിക്കുന്നത്. 1989 ജൂൺ 3ന് അമേരിക്കൻ മാധ്യമമായ വാഷിംഗ്ടൺ പോസ്റ്റിന്റെ എഡിറ്റോറിയലിൽ ഇങ്ങനെ കുറിച്ചു: "ഈ പുരോഗതി കൈവരിച്ച കാലത്ത് അവന്ധ്യതാ നിരക്ക് (fertiltiy rate) വർധിക്കുന്നത് സാമ്പത്തിക, ആരോഗ്യ, വിദ്യാഭ്യാസ മേഖലകളുടെ പുരോഗതിക്ക് വിഘാതമാണ്.'


നോബേൽ ജേതാവ് ലിയോൺ ലെഡർമാൻ 1989 ജൂൺ മൂന്നിന് അമേരിക്കൻ അസ്സോസിയേഷൻ തെരഞ്ഞെടുപ്പിൽ മത്സരിക്കുമ്പോൾ തന്റെ പ്രസ്താവനയിൽ ഒരു പ്രതിസന്ധിയായി എണ്ണിയത് ജനസംഖ്യാവർധനവിനെയാണ്. ഇത്തരത്തിൽ വിവിധ കോണുകളിൽ നിന്നും തുടർച്ചയായി ഉയർത്തുന്ന 'ജനസംഖ്യാഭീഷണി'ക്ക് പിന്നിലെ സാമ്പത്തിക താൽപര്യങ്ങളും കക്ഷിതാൽപര്യങ്ങളും വഴിയെ ചർച്ച ചെയ്യാം.

1. പട്ടിണി: 1798ൽ മാൽത്തൂസ് തന്റെ കൃതി രചിക്കുമ്പോൾ അന്നത്തെ ലോകജനസംഖ്യ 90 കോടിയോളമായിരുന്നു. രണ്ടു നൂറ്റാണ്ടുകൾക്കിപ്പുറം ഇത് 779 കോടിയാണ്. കൃത്യമായി കണക്കാക്കിയാൽ 2020 പകുതി പിന്നിടുമ്പോഴേക്ക് 7,794,798,739. ജനസംഖ്യയിൽ ഇത്രയധികം വർധനവുണ്ടാകുമ്പോൾ മറുവശത്ത് ജനങ്ങളുടെ ജീവിതനിലവാരം പതിൻമടങ്ങ് മെച്ചപ്പെട്ടതായാണ് കാണാൻ സാധിക്കുന്നത്. മാൽത്തൂസ് പ്രവചിച്ച ക്ഷാമത്തിന് പകരം ക്ഷേമമമാണ് ജനസംഖ്യാവർധനവിലൂടെ ലോകർക്ക് ലഭിച്ചത്. മുകളിൽ പറഞ്ഞ കണക്കിൽ നിന്ന് തന്നെ ജനസംഖ്യയുടെ വളർച്ചാവേഗത ബോധ്യപ്പെടുമല്ലോ.

| വർഷം | ജനസംഖ്യ (കോടി) |
|---|---|
| 1000-8000 ബി.സി. | 0.5 |
| 1 എ.ഡി | 25.6 |
| 1900 | 159 |
| 2020 | 779 |

പ്രസ്തുത കണക്കുകൾക്കൊപ്പം ഉൽപാദനത്തിന്റെ ഗ്രാഫുകൾ കൂടി ഒത്തുനോക്കുമ്പോഴാണ് ജനസംഖ്യാവർധനവ് എന്തുകൊണ്ട് ശാപമല്ല എന്നതിന്റെ ഉത്തരം ലഭിക്കുന്നത്. 1950ൽ 50.8 മെട്രിക് ടൺ ഭക്ഷ്യധാന്യം ഉൽപാദിപ്പിച്ചത് 1970ൽ 108.4 ആയി കുത്തനെ വർധിച്ചു. 2000ൽ 201.6 ലേക്ക് വീണ്ടും ഗ്രാഫ് ഉയരുകയാണ്. അഥവാ, ജനസംഖ്യ വർധിക്കുന്നതിനെക്കാൾ വേഗതയിൽ ഉൽപാദനവും ഉയരുന്നു. പട്ടിണിയുടെ കാരണമായി ഇതിനാൽത്തന്നെ ജനസംഖ്യാവർധനവിനെ പഴിക്കാൻ സാധ്യമല്ല.

2. രോഗങ്ങൾ: ജനസംഖ്യാവർധനവ് മനുഷ്യർക്കിടയിൽ രോഗങ്ങൾ വർധിക്കാൻ നിമിത്തമാകുന്നു എന്ന് വാദിച്ചവരായിരുന്നു മാൽത്തൂസും ഏർളിച്ചും. ഈ വാദം ഇന്നും ഉന്നയിക്കപ്പെടുന്നു എന്നതിലാണ് ഇത് ചർച്ച ചെയ്യുന്നതിന്റെ പ്രസക്തി. എന്നാൽ ഈ വാദഗതി ശുദ്ധ അസംബന്ധമാണ് എന്നാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്. 1973ൽ ഇന്ത്യയിലെ ജനസംഖ്യ 59.48 കോടിയാണ്. അന്ന് നമ്മുടെ ശരാശരി ആയുർദൈർഘ്യം കേവലം 49.7 മാത്രം. എന്നാൽ 2008 ൽ 120 കോടിയായി ജനസംഖ്യ വർധിച്ചപ്പോൾ ശരാശരി ആയുർദൈർഘ്യം 66.1 ആയി ഉയർന്നു. അതായത്, ജനസംഖ്യ വർധിച്ചപ്പോൾ ജീവിതനിലവാരം കൂടുകയും ആയുർദൈർഘ്യം കൂടുകയും ചെയ്തു. ഇതോടെ ആ വാദവും നിലംപൊത്തി.(1)



3. പ്രതിശീർഷ വരുമാനം: ജനസംഖ്യ വർധിച്ചാൽ പ്രതിശീർഷ വരുമാനം കുറയും എന്ന വാദമാണ് മറ്റൊന്ന്. ഒറ്റനോട്ടത്തിൽ ഈ വാദത്തിൽ കഴമ്പുണ്ടെന്ന് തോന്നാമെങ്കിലും ഇതും മാൽത്തൂസിന്റെ സിദ്ധാന്തം കണക്കെ തെറ്റാണെന്ന് കണക്കുകൾ തെളിയിക്കുന്നു. ജനസാന്ദ്രത വളരെക്കുറഞ്ഞ രാഷ്ട്രങ്ങളായ മംഗോളിയ, കോംഗോ, റഷ്യ എന്നിവിടങ്ങളിൽ പ്രതിശീർഷ വരുമാനം വളരെക്കുറവായപ്പോൾ ജനസാന്ദ്രത വളരെയധികമുള്ള രാഷ്ട്രങ്ങളായ സിംഗപ്പൂർ, ഹോങ്കോംഗ് എന്നിവിടങ്ങളിൽ പ്രതിശീർഷ വരുമാനം ലോക ശരാശരിയെക്കാൾ വളരെക്കൂടുതലാണ്. ചുരുക്കത്തിൽ, ജനങ്ങൾ വർധിക്കുന്നത് കൊണ്ട് തീറ്റിപ്പോറ്റാനുള്ള ആളുകളുടെ എണ്ണം വർധിക്കുന്നു എന്നതോടൊപ്പം ഉൽപാദനക്ഷമതയും വർധിക്കുന്നു എന്ന വസ്തുത ഭരണകൂടം തിരിച്ചറിയുന്നില്ല എന്നതാണ് ഇവ്വിഷയത്തിലെ കാലികമായ പ്രഖ്യാപനങ്ങൾ സൂചിതമാക്കുന്നത്.[2]

## ജനസംഖ്യാ വളർച്ചാനിരക്ക് വർധിക്കുന്നില്ല!

ജനസംഖ്യാവർധനവുമായി ബന്ധപ്പെട്ട് നാം മനസ്സിലാക്കേണ്ട സുപ്രധാനമായ ഒരു വസ്തുതയാണ് ജനസംഖ്യാ വളർച്ചാനിരക്ക് വർധിക്കുന്നില്ല എന്നത്. ഒരൽപം കൂടി വ്യക്തമാക്കിയാൽ ജനസംഖ്യാ നിരക്ക് കുത്തനെ കുറയുകയാണ് ചെയ്യുന്നത് എന്ന് കാണാൻ സാധിക്കും. 1960ൽ ജനസംഖ്യാ വളർച്ചാനിരക്ക് 22% ആയിരുന്നെങ്കിൽ ഇന്ന് 2020 ൽ ഇത് കേവലം 8.7% മാത്രമാണ് എന്ന് കാണാം.

| **വർഷം** | 1960 | 1970 | 1980 | 1990 | 2000 | 2010 | 2020 |
|---|---|---|---|---|---|---|---|
| **നിരക്ക്(%)** | 22 | 20.2 | 18.5 | 15.2 | 12.6 | 10.7 | 8.7 |

## ഇസ്‌ലാം എന്തുപറയുന്നു?

എതൊരു ഉൽപന്നത്തെ സംബന്ധിച്ചും ആധികാരികമായി പ്രസ്താവിക്കാൻ സാധിക്കുക തീർച്ചയായും അതിന്റെ സ്രഷ്ടാവിന്നാണ്. അങ്ങനെയെങ്കിൽ മനുഷ്യനെ സൃഷ്ടിച്ച, അവൻ വസിക്കുന്ന ഭൂമിയെ സൃഷ്ടിച്ച, അവന്നാവശ്യമായ സർവവിഭവങ്ങളും സൃഷ്ടിച്ച ദൈവത്തിനാണ് ഇവയെക്കുറിച്ച് ആധികാരികമായി പറയാൻ സാധിക്കുക. ദാരിദ്ര്യഭയത്താൽ കുഞ്ഞുങ്ങളെ നിങ്ങൾ വധിക്കരുത്, അവനുള്ള വിഭവങ്ങൾ ഒരുക്കുന്നത് നാമാണ് എന്ന ലോകരക്ഷിതാവിന്റെ ഉറപ്പ് തന്നെയാണ് മുകളിൽ നിരത്തിയ കണക്കുകളെക്കാൾ ഏറെ നമുക്ക് വിശ്വാസയോഗ്യമായത്.

"ദാരിദ്ര്യഭയത്താൽ നിങ്ങൾ നിങ്ങളുടെ കുഞ്ഞുങ്ങളെ കൊന്നുകളയരുത്. നാമാണ് അവർക്കും നിങ്ങൾക്കും ഉപജീവനം നൽകുന്നത്. അവരെ കൊല്ലുന്നത് തീർച്ചയായും ഭീമമായ അപരാധമാകുന്നു'' (ക്വുർആൻ 17:31).

വിശുദ്ധ ക്വുർആനിലെ ആറാമത്തെ അധ്യായമായ അൽഅൻആമിലെ 151ാം സൂക്തത്തിൽ അല്ലാഹുവിൽ പങ്കുചേർക്കരുതെന്നും മാതാപിതാക്കൾക്ക് നന്മ ചെയ്യണമെന്നും കൽപിക്കുന്ന സന്ദർഭത്തിൽ ഈ വിഷയത്തിൽ അല്ലാഹു കൽപിക്കുന്നത് കാണുക:

"(നബിയേ) പറയുക: നിങ്ങൾ വരൂ! നിങ്ങളുടെ രക്ഷിതാവ് നിങ്ങളുടെമേൽ നിഷിദ്ധമാക്കിയത് നിങ്ങൾക്ക് ഞാൻ പറഞ്ഞുകേൾപിക്കാം. അവനോട് യാതൊന്നിനെയും നിങ്ങൾ പങ്കുചേർക്കരുത്. മാതാപിതാക്കൾക്ക് നന്മ ചെയ്യണം. ദാരിദ്ര്യം കാരണമായി സ്വന്തം മക്കളെ നിങ്ങൾ കൊന്നുകളയരുത്. നാമാണ് നിങ്ങൾക്കും അവർക്കും ആഹാരം നൽകുന്നത്. പ്രത്യക്ഷവും പരോക്ഷവുമായ നീചവൃത്തികളെ നിങ്ങൾ സമീപിച്ചു പോകരുത്. അല്ലാഹു പരിപാവനമാക്കിയ ജീവനെ ന്യായപ്രകാരമല്ലാതെ നിങ്ങൾ ഹനിച്ചു കളയരുത്. നിങ്ങൾ ചിന്തിച്ചു മനസ്സിലാക്കുവാൻ വേണ്ടി. അവൻ (അല്ലാഹു) നിങ്ങൾക്ക് നൽകിയ ഉപദേശമാണത്."

ജനസംഖ്യാപ്പെരുപ്പം വിഭവലഭ്യതക്കുറവിലേക്ക് ലോകത്തെ തള്ളിയിടുമെന്ന ഭീതിക്ക് സ്ഥാനമില്ലെന്ന് അല്ലാഹു നമ്മോടു പറഞ്ഞിരിക്കുന്നു: "നിങ്ങൾക്ക് നാം ഭൂമിയിൽ സ്വാധീനം നൽകുകയും നിങ്ങൾക്കവിടെ നാം ജീവിതമാർഗങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിരിക്കുന്നു. കുറച്ചു മാത്രമെ നിങ്ങൾ നന്ദി കാണിക്കുന്നുള്ളൂ" (ക്വുർആൻ 7:10).

ഭൂമിയിൽ മനുഷ്യന് വേണ്ടി സംവിധാനിച്ചവയെ സ്വാർഥതയില്ലാതെ, ഉപകാരപ്രദമായി വിനിയോഗിക്കുന്നതിലൂടെയാണ് മനുഷ്യൻ തന്റെ സ്രഷ്ടാവിന്ന് നന്ദിയർപ്പിക്കേണ്ടത്. ജനസംഖ്യയുടെ വർധനവല്ല, പ്രത്യുത, മനുഷ്യന്റെ സ്വാർഥതയാണ് പ്രകൃതിദുരന്തങ്ങളടക്കമുള്ള പല വിപത്തുകൾക്കും പിന്നിലെന്ന് തിരിച്ചറിയുക. നമസ്കാരത്തിന് അംഗശുദ്ധി വരുത്താൻ വെള്ളം ഉപയോഗിക്കുമ്പോൾ പോലും നാം സ്വീകരിക്കേണ്ട മിതത്വം നമുക്കു പറഞ്ഞുതന്ന നബി തിരുമേനിﷺയുടെ പാഠങ്ങൾ നാം മറക്കാതിരിക്കുക.

**(തുടരും)**

**References:**

1. http://censusindia.gov.in/vital_statistics/SRS_Based/Itnroduction.pdf
2. https://www.prb.org/datasheets/

ഫൈസൽ പുതുപ്പറമ്പ്
abuadilfaisal@gmail.com

ലേഖനം



# കോവിഡ് കാലത്തെ നോമ്പും പെരുന്നാളും

വിശുദ്ധ രാവുകൾ ഓരോന്നായി നമ്മിൽനിന്ന് കൊഴിഞ്ഞു പോയിക്കൊണ്ടിരിക്കുന്നു. ഏറ്റവും വിശുദ്ധമായ അവസാന പത്തിലേക്കാണ് നാം പ്രവേശിച്ചിരിക്കുന്നത്. മുൻ വർഷങ്ങളിൽനിന്ന് വ്യത്യസ്തമായി വീട്ടിൽ ഒതുങ്ങിക്കൂടുന്ന സാഹചര്യമാണല്ലോ നമുക്കുള്ളത്. എന്നാലും ഒന്ന് മനസ്സു വെച്ചാൽ പുണ്യങ്ങൾ നഷ്ടപ്പെടുത്താതിരിക്കാം എന്ന് മാത്രമല്ല; ഒരുവേള മുൻവർഷങ്ങളിലേതിനെക്കാൾ ഏറെ പുണ്യങ്ങൾ നേടാനും നമുക്കാവും, അല്ലാഹു തൗഫീക് ചെയ്യട്ടെ- ആമീൻ.

### ലൈലത്തുൽകദ്ർ

റമദാനിലെ അവസാന പത്തിലെ ഒറ്റയായ രാവുകളിൽ നാം പ്രതീക്ഷിക്കുന്നതും ആയിരം മാസത്തെക്കാൾ പുണ്യം നിറഞ്ഞതുമായ രാത്രിയാണല്ലോ ലൈലത്തുൽ ക്വദ്ർ. നബിﷺ രാത്രി ആരാധനകളാൽ സജീവമാക്കുകയും അരമുറുക്കുകയും കുടുംബത്തെ വിളിച്ചുണർത്തുകയും ചെയ്യുമായിരുന്നു എന്ന് ബുഖാരിയും മുസ്‌ലിമും ഉദ്ധരിച്ച ഹദീഥിൽ സ്ഥിരപ്പെട്ടിട്ടുണ്ട്.

നബിﷺ പറഞ്ഞു: "ക്വദ്‌റിന്റെ രാത്രിയിൽ വിശ്വാസത്തോടെയും പ്രതിഫലേച്ഛയോടെയും വല്ലവനും നിന്ന് നമസ്‌കരിച്ചാൽ അവന്റെ കഴിഞ്ഞകാല പാപങ്ങൾ പൊറുക്കപ്പെടും" (ബുഖാരി).

ആയിരം മാസങ്ങളെക്കാൾ പുണ്യമുള്ള രാത്രി എന്നാണ് ക്വുർആനിൽ ഇത് വിശേഷിപ്പിക്കപ്പെട്ടിട്ടുള്ളത്. അഥവാ 83 വർഷത്തിലധികം! ചിന്തിച്ചു നോക്കൂ, നമ്മിൽ ആർക്കാണ് 84 വർഷം ആരാധനകളിൽ മുഴുകാൻ അവസരമുണ്ടാവുക? എന്നാൽ അതേ പ്രതിഫലം ഒരൊറ്റ രാത്രി കൊണ്ട് നേടാനുള്ള അവസരം അല്ലാഹു തആലാ നമുക്ക് ഒരുക്കിത്തരുന്നു!

1000 വർഷം വരെ ആയുസ്സ് കിട്ടിയ പൂർവികസമുദായങ്ങൾ ആ ആയുസ്സ് കൊണ്ട് നേടിയതിനെക്കാൾ അധികം നേടാൻ 60നും 70നും മധ്യെ മാത്രം ആയുസ്സുള്ള നമുക്ക് അല്ലാഹു നൽകിയ സുവർണാവസരം; അതാണ് ലൈലത്തുൽ ക്വദ്ർ.

ഈ സന്ദർഭത്തിൽ നമ്മുടെ വീടുകളിൽവെച്ച് ലൈലത്തുൽ ക്വദ്റിനെ പ്രതീക്ഷിച്ചുകൊണ്ട് പരമാവധി ആരാധനകളിൽ മുഴുകുക. ദാനധർമങ്ങൾ, പ്രാർഥനകൾ, പ്രകീർത്തനങ്ങൾ, ക്വുർആൻ പഠനവും പാരായണവും തുടങ്ങിയ പുണ്യകർമങ്ങൾ അവസാന പത്തിൽ വർധിപ്പിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക.

ലൈലത്തുൽ ക്വദ്റിന്റെ മഹത്ത്വം നഷ്ടപ്പെടുത്തിയവൻ എല്ലാ നൻമകളും നഷ്ടപ്പെട്ടവനായി എന്നാണ് മുൻഗാമികൾ പറഞ്ഞിട്ടുള്ളത്.

## ഇഅ്തികാഫ്

നിശ്ചിതസമയം പള്ളികളിൽ പൂർണമായും ഭജനമിരിക്കുന്നതിനാണ് ഇഅ്തികാഫ് എന്ന് പറയുന്നത്. നബിﷺയും സ്വഹാബത്തും കുടുംബസമേതം ഈ പത്ത് ദിവസങ്ങളിൽ പള്ളികളിൽ ഇഅ്തികാഫ് ഇരിക്കാറുണ്ടായിരുന്നു. നബിയുടെ കാലശേഷം നബിയുടെ ഭാര്യമാരും ഇഅ്തികാഫ് ഇരുന്നു എന്ന് ഹദീഥുകളിൽ കാണാം (ബുഖാരി).


എന്നാൽ ഈ വർഷം പള്ളികൾ പൊതുജനങ്ങൾക്ക് തുറക്കപ്പെടാത്ത സാഹചര്യത്തിൽ നമുക്ക് ഇഅ്തികാഫ് നിർവഹിക്കാൻ കഴിയില്ല. വീടുകളിൽ നമസ്കാരത്തിനായി പ്രത്യേകം നിശ്ചയിച്ച റൂമുകളിൽ സ്ത്രീകൾക്ക് ഇഅ്തികാഫ് പറ്റുമെന്ന് ഒറ്റപ്പെട്ട ചില പണ്ഡിതാഭിപ്രായങ്ങൾ ഉണ്ടെങ്കിലും പള്ളികളിലല്ലാതെ ഇഅ്തികാഫ് നിർവഹിക്കാൻ പ്രമാണങ്ങളിൽ അധ്യാപനം ഇല്ല. നബിﷺയും ഭാര്യമാരും പള്ളിയിൽ ഇഅ്തികാഫ് ഇരുന്നു എന്നറിയിക്കുന്ന സ്വഹീഹ് മുസ്‌ലിമിലെ ഹദീഥ് വിശദീകരിക്കവെ പ്രസിദ്ധ കർമശാസ്ത്ര പണ്ഡിതനായ ഇമാം നവവി(റഹി) ഇക്കാര്യം വളരെ വ്യക്തമായി വിവരിച്ചിട്ടുണ്ട്. വീടുകളിൽ ഇഅ്തികാഫ് അനുവദനീയമായിരുന്നുവെങ്കിൽ ഒരിക്കലെങ്കിലും അവർ അത് ചെയ്യുമായിരുന്നു എന്നും സ്ത്രീകൾ പോലും അങ്ങനെ ചെയ്യാതിരുന്നത് ഇത് പള്ളിയിലല്ലാതെ അനുവദനീയമല്ല എന്നതിന് തെളിവാണ് എന്നും കൂടി അദ്ദേഹം വ്യക്തമാക്കുന്നു (ശർഹു മുസ്‌ലിം).

എന്നാൽ മുൻവർഷങ്ങളിൽ ഇഅ്തികാഫ് പതിവാക്കുകയും ഈ വർഷം മാനസികമായി അതിന് ഒരുങ്ങുകയും ചെയ്തവർക്ക് അല്ലാഹു ഒട്ടും കുറയാതെ തന്നെ പ്രതിഫലം നൽകുമെന്ന് പ്രതീക്ഷിക്കാം.

നബിﷺ പറഞ്ഞു: "ഒരു അടിമ രോഗിയാവുകയോ യാത്രയിൽ അകപ്പെടുകയോ ചെയ്താൽ ആരോഗ്യാവസ്ഥയിലും സ്വദേശത്ത് ആകുന്ന അവസ്ഥയിലും അവൻ ചെയ്തിരുന്ന കർമങ്ങളുടെ അതേ പ്രതിഫലം അവന് രേഖപ്പെടുത്തപ്പെടും" (ബുഖാരി).

തബൂക് യുദ്ധം കഴിഞ്ഞ് മടങ്ങുന്ന വേളയിൽ നബിﷺ ഇപ്രകാരം പറഞ്ഞു: "(നമ്മോടൊപ്പം വരാൻ കഴിയാതെ) മദീനയിൽ തന്നെ നിൽക്കേണ്ടിവന്ന ചിലരുണ്ട്. നമുക്ക് ലഭിക്കുന്ന അതേ പ്രതിഫലം അവർക്കും ലഭിക്കാതിരിക്കില്ല. ന്യായമായ തടസ്സങ്ങളാണ് അവരെ തടഞ്ഞുവെച്ചത്" (ബുഖാരി).

ഈ വർഷം ഇഅ്തികാഫ് നിർവഹിക്കാതെ തന്നെ അതിന്റെ പ്രതിഫലം നേടാനാകുന്നവർ മഹാ ഭാഗ്യവാന്മാരാണ്.




### ഫിത്വ്ർ സകാത്ത്

റമദാൻ പൂർത്തിയാകുന്ന മുറക്ക് വിശ്വാസികൾക്ക് നിർബന്ധ ബാധ്യതയായി കൽപിക്കപ്പെട്ടതാണ് ഫിത്വ്ർ സകാത്. പെരുന്നാൾ നമസ്കാരത്തിനു മുമ്പായി അത് അർഹരിലേക്ക് എത്തേണ്ടതുണ്ട്. റമദാനിലെ അവസാന ദിവസങ്ങളിലും വിതരണം ചെയ്യാവുന്നതാണ്.

പെരുന്നാൾ ദിവസം തനിക്കും കുടുംബത്തിനും ജീവിക്കാൻ ആവശ്യമായത് കഴിച്ച് വല്ലതും മിച്ചമുള്ള മുഴുവൻ വിശ്വാസികളും ഫിത്വ്ർ സകാത്ത് നൽകേണ്ടതാണ്. ഒരാൾക്ക് നാല് മുദ്ദ് അതായത് 2.200 ഗ്രാം എന്ന തോതിലാണ് നിർബന്ധ ബാധ്യത. നാട്ടിലെ മുഖ്യ ആഹാരമാണ് നൽകേണ്ടത്.

കോവിഡ് പ്രതിരോധത്തിന്റെ മുൻകരുതലുകൾ സ്വീകരിച്ചുകൊണ്ട് പ്രാദേശികമായി സംഘടിത സ്വഭാവത്തിൽ വിതരണം ചെയ്യാൻ ശ്രദ്ധിക്കുക. സംഘടിത വിതരണത്തിന്റെ ഉത്തരവാദിത്തം ഏറ്റെടുത്തവർ പരമാവധി സൂക്ഷ്മത പാലിക്കണം എന്ന് ഉണർത്തുന്നു. സംഘടിതമായി വിതരണം ചെയ്യാൻ സംവിധാനമില്ലാത്തവർ സ്വന്തം നിലക്ക് അർഹരെ കണ്ടെത്തി അവർക്ക് എത്തിക്കേണ്ടതാകുന്നു.



### പെരുന്നാൾ നമസ്കാരം

കുടുംബസമേതം മൈതാനത്ത് ഒരുമിച്ചുകൂടി പെരുന്നാൾ നമസ്കാരം നിർവഹിക്കുന്ന രീതിയാണ് പ്രവാചകരും സ്വഹാബത്തും മാതൃകയായി കാണിച്ചിട്ടുള്ളത്. സ്വഹാബി വനിതയായ ഉമ്മു അതിയ്യ(റ) പറയുന്നു: “ആർത്തവകാരികളെയും കൂടാരങ്ങളിൽ കഴിയുന്ന സ്ത്രീകളെയും പോലും പെരുന്നാൾ നമസ്കാര സ്ഥലത്തേക്ക് കൊണ്ടുപോകാൻ നബി(ﷺ) ഞങ്ങളോട് കൽപിക്കാറുണ്ടായിരുന്നു...”(ബുഖാരി, മുസ്‌ലിം).

പൂർണമായി ശരീരം മറക്കാൻ ആവശ്യമായ ജിൽബാബ് (മൂടുപടം) ഇല്ലാത്തവർ ഒന്നിലധികം ഉള്ളവരിൽ നിന്ന് കടം വാങ്ങി ധരിച്ചിട്ടെങ്കിലും അവർ വരട്ടെ എന്ന് പോലും നബി(ﷺ) നിർദേശിച്ചതായി ഹദീഥുകളിൽ സ്ഥിരപ്പെട്ടിട്ടുണ്ട്.

ഈ വർഷം അതിന് സാഹചര്യം ഉണ്ടാവാൻ സാധ്യത കുറവാണ്. അത്തരം സാഹചര്യത്തിൽ കുടുംബസമേതം വീടുകളിൽ വെച്ച് ജമാഅത്തായി പെരുന്നാൾ നമസ്കാരം നിർവഹിക്കാം. അത്തരം ഘട്ടത്തിൽ ഖുത്വുബ സുന്നത്തില്ല. സ്വഹാബിയായ അനസ്(റ) പെരുന്നാൾ നമസ്കാരം ജമാഅത്ത് നഷ്ടപ്പെട്ടപ്പോൾ തന്റെ വീട്ടിൽ കുടുംബസമേതം ഇങ്ങനെ നിർവഹിച്ചതായി ഇമാം ബുഖാരി അനുബന്ധ വാചകമായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

### പെരുന്നാൾ നമസ്കാരത്തിന്റെ രൂപം

പെരുന്നാൾ നമസ്കാരം രണ്ട് റക്അത്താണ്. ആദ്യ റക്അത്തിൽ തക്ബീറതുൽ ഇഹ്റാമിന് ശേഷം ഏഴ് തക്ബീറുകളും രണ്ടാം റക്അത്തിൽ അഞ്ച് തക്ബീറുകളും ചൊല്ലണം. തക്ബീറുകളുടെ അവസരത്തിൽ കൈകൾ ചുമലിന് നേരെ ഉയർത്തുകയും ശേഷം നെഞ്ചിലേക്ക് തന്നെ താഴ്ത്തുകയും ചെയ്യുക.

തക്ബീറുകൾക്കിടയിൽ പ്രത്യേക പ്രാർഥനകളൊന്നും നബിചര്യയിൽ സ്ഥിരപ്പെട്ടിട്ടില്ല. ബാക്കി കർമങ്ങളെല്ലാം മറ്റു നമസ്കാരങ്ങളെ പോലെ തന്നെയാകുന്നു.

പെരുന്നാൾ നമസ്കാരത്തിൽ സൂറതുൽ കാഫ് /ക്വമർ എന്നിവയോ സൂറതുൽ അഅ്ലാ /ഗാശിയ എന്നിവയോ ആണ് നബി(ﷺ) പാരായണം ചെയ്യാറുണ്ടായിരുന്നത്.

പെരുന്നാൾ ദിനത്തിലെ തക്ബീർ ചൊല്ലൽ, കുടുംബബന്ധങ്ങൾ കഴിയുംവിധം പുതുക്കൽ എന്നിവയെല്ലാം പ്രത്യേകം ശ്രദ്ധിക്കുക. ധൂർത്തും അനാവശ്യങ്ങളും തീർത്തും ഒഴിവാക്കുക. എല്ലാ വിശ്വാസികൾക്കും വേണ്ടി പ്രത്യേകം പ്രാർഥിക്കുക. അല്ലാഹു അനുഗ്രഹിക്കട്ടെ. ആമീൻ.

തബാറുക് മഅ്റൂഫ്
വിവ: അർശദ് കാരക്കാട്



# റമദാനിന്റെ പ്രത്യേകതയും ദുൽഖർനൈനും

ശഅ്ബാൻ മാസത്തിലെ അവസാന ദിവസം, ശ്രേഷ്ഠമായ റമദാനിന്റെ ആദ്യരാവിൽ ചന്ദ്രൻ വെളിപ്പെടുമ്പോൾ പ്രപഞ്ചത്തിൽ വലിയ മാറ്റങ്ങളാണ് സംഭവിക്കുന്നത്. പ്രവാചകൻﷺ പറയുന്നു: "റമദാൻ മാസത്തിലെ ആദ്യരാവായാൽ, ദുർമാർഗികളായ ജിന്നുകളും പിശാചും ബന്ധിക്കപ്പെടുന്നു. നരക കവാടങ്ങൾ അടക്കപ്പെടുന്നു. അതിൽ നിന്ന് ഒരു കവാടം പോലും തുറക്കുകയില്ല. സ്വർഗ കവാടങ്ങൾ തുറക്കപ്പെടുന്നു. അതിൽ നിന്ന് ഒരു കവാടം പോലും അടക്കപ്പെടുകയുമില്ല. വിളിച്ചുപറയുന്നവൻ (മലക്ക്) എല്ലാ രാവിലും വിളിച്ചു പറയും: 'നന്മ ചെയ്ത് മുന്നേറുന്നവനേ, അല്ലാഹുവിലേക്ക് കൂടുതൽ അടുക്കുക. തിന്മ ചെയ്യുന്നവനേ, അത് കുറക്കുകയും ചെയ്യുക. അല്ലാഹു നരകമോചനം നൽകുന്നു.' ഇപ്രകാരം (റമദാനിലെ) എല്ലാ, രാവിലും വിളിച്ചുപറയുന്നു."

നിശ്ചലമായി ഒന്നും തന്നെയില്ലെന്ന് നിങ്ങൾ മനസ്സിലാക്കുന്നില്ലേ? ഓരോ വസ്തുവും ചലിച്ചുകൊണ്ടിരിക്കുന്നു. സൂര്യൻ, ഭൂമി, ക്ഷീരപഥം, അങ്ങനെ ലോകം തന്നെയും ചലിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ, പുതിയ വഴികളിലേക്ക് പ്രവേശിക്കാനും മാറ്റത്തിന് തയ്യാറെടുക്കാനും ഭയക്കുന്ന നിങ്ങളുടെ അവസ്ഥയെന്താണ്! അല്ലയോ ചങ്ങാതീ, നിങ്ങളുടെ ഹൃദയത്തിലേക്ക് വെളിച്ചം കടന്നുവരാൻ ഇനിയും സമയമായിട്ടില്ലേ? മനസ്സിനെ സംശുദ്ധമാക്കാനും പുതിയൊരു മാറ്റത്തിന് തയാറെടുക്കാനും ഇനിയും അവർക്ക് സമയമായിട്ടില്ലേ? പുതിയ തുടക്കങ്ങളും മാറ്റങ്ങളുമാണ് നമ്മെ എല്ലാവരെയും എപ്പോഴും ആകർഷിക്കുന്നത്. അതിനാൽ നിങ്ങൾ ഇനിയും തിരിച്ചറിഞ്ഞിട്ടില്ലാത്ത മനസ്സിനെ തിരിച്ചറിയാൻ ഇപ്രാവശ്യമെങ്കിലും ശ്രമിക്കുക. അപ്രകാരം നിങ്ങൾ ഈ വർഷത്തെ വിശുദ്ധ റമദാനിന്റെ രാവിൽ നിങ്ങളുടെ മനസ്സ് തുറക്കുക! അത്തരമൊരു പ്രവൃത്തിക്കുള്ള വിസ്മയകരമായ വഴി സൂറത്തുൽ കഹ്ഫ് നമുക്ക് അറിയിച്ചുതരുന്നു:

### റമദാനിന്റെ പ്രത്യേകതയും ദുൽഖർനൈനും

ഏതാനും ദിവസങ്ങൾക്ക് മുമ്പ് ദുൽഖർനൈൻ സംഭവത്തെയും വിശുദ്ധ റമദാനിനെയും താരതമ്യം ചെയ്തുകൊണ്ടുള്ള അതിശയകരമായ ഒരു ലേഖനത്തിലൂടെ ഞാൻ കടന്നുപോവുകയുണ്ടായി. നാം എങ്ങനെ മാറണമെന്ന് ആ ലേഖനം നമുക്ക് വ്യക്തമാക്കിത്തരുന്നുണ്ട്. വെള്ളിയാഴ്ചയുടെ സൂര്യൻ ഓരോ പ്രാവശ്യവും നമ്മിൽ ഉദിക്കുമ്പോഴും ആ വിശേഷണങ്ങളിലൂടെയാണ് നാം കടന്നുപോകുന്നത്. പക്ഷേ, അത് നാം വേണ്ടവിധത്തിൽ ചിന്തിച്ച് മനസ്സിലാക്കിയിട്ടില്ല.

അവർ പറഞ്ഞു: "അവർ പറഞ്ഞു: ഹേ, ദുൽഖർനൈൻ, തീർച്ചയായും യഅ്ജൂജ്, മഅ്ജൂജ് വിഭാഗങ്ങൾ ഭൂമിയിൽ കുഴപ്പമുണ്ടാക്കുന്നവരാകുന്നു. ഞങ്ങൾക്കും അവർക്കുമിടയിൽ താങ്കൾ ഒരു മതിൽ കെട്ട് ഉണ്ടാക്കിത്തരണമെന്ന വ്യവസ്ഥയിൽ ഞങ്ങൾ താങ്കൾക്ക് ഒരു കരം നിശ്ചയിച്ച് തരട്ടെയോ? അദ്ദേഹം പറഞ്ഞു: എന്റെ രക്ഷിതാവ് എനിക്ക് അധീനപ്പെടുത്തിത്തന്നിട്ടുള്ളത് (അധികാരവും, ഐശ്വര്യവു) (നിങ്ങൾ നൽകുന്നതിനെക്കാളും) ഉത്തമമത്രെ. എന്നാൽ (നിങ്ങളുടെ ശാരീരിക) ശക്തി കൊണ്ട് നിങ്ങളെന്നെ സഹായിക്കുവിൻ. നിങ്ങൾക്കും അവർക്കുമിടയിൽ ഞാൻ ബലവത്തായ ഒരു മതിലുണ്ടാക്കിത്തരാം" (ക്വുർആൻ 18:94,95).

ദുൽഖർനൈൻ വന്നെത്തിയപ്പോൾ സമൂഹം അദ്ദേഹത്തെ അംഗീകരിക്കുകയും സ്വീകരിക്കുകയും ചെയ്തു. അവർ സഹായം ആവശ്യമുള്ളവരായിരുന്നു. അതവർക്ക് വീണുകിട്ടിയ അവസരവുമായിരുന്നു. അവരുടെ ബുദ്ധിമുട്ടുകളും അതിനുള്ള പരിഹാരവുമെല്ലാം അവർ ദുൽഖർനൈനിന് അന്വേഷിച്ച് കണ്ടെത്താൻ വിട്ടുകൊടുക്കുകയായിരുന്നില്ല. അവർ അവരുടെ കാര്യങ്ങൾ തീരുമാനിച്ച് ഉറപ്പിക്കുകയും അവരുടെ പ്രശ്നങ്ങൾ കൃത്യപ്പെടുത്തുകയും ചെയ്ത ശേഷം അദ്ദേഹത്തിന്റെ അടുക്കലേ

ക്ക് പോവുകയായിരുന്നു. അത് അദ്ദേഹത്തിന് വ്യക്തമാവുകയും ചെയ്തു. അവരുടെ പ്രശ്നം യഅ്ജൂജ്മഅ്ജൂജായിരുന്നു. അത് പ്രധാനപ്പെട്ട ഒരു വിഷയം തന്നെയായിരുന്നു. അവർ ഭൂമിയിൽ വിനാശം വിതയ്ക്കുന്നത് അവസാനിപ്പിക്കുന്ന വലിയ മതിൽ നിർമിക്കുന്നതിന് തങ്ങളുടെ കായിക പരിശ്രമവും കരവും നൽകാമെന്ന് അദ്ദേഹത്തിന് മുന്നിൽ സമൂഹം നിർദേശം വെക്കുകയായിരുന്നു.

### പുതിയ സ്വഭാവ ഗുണങ്ങളിലൂടെ പുതിയ ജീവിതം പടുത്തുയർത്താം

ദുൽഖർനൈൻ സംഭവത്തിന് വിശുദ്ധ റമദാനുമായി സാമ്യമുണ്ട്. അത്, ആ സമൂഹത്തിന് ദുൽഖർനൈനിനെ ലഭിച്ചതുപോലെ, എപ്പോഴും ലഭ്യമാകുന്ന അവസരമല്ല. നാം ഉപയോഗപ്പെടുത്തുന്നതിന് നമ്മിലേക്ക് വന്നെത്തിയ അവസരമാണത്. നമ്മെ സഹായിക്കുന്നതിനും പരിഷ്കരിക്കുന്നതിനുമായി നമ്മിലേക്ക് വന്നെത്തിയ ആ അവസരത്തിന് നാം ഉത്തരം നൽകേണ്ടതുണ്ട്. നമ്മുടെ ന്യൂനതകളും തെറ്റുകളും മനസ്സിലാക്കുകയെന്നത് നമ്മുടെ ബാധ്യതയാണ്. കാരണം നാം സഹായം ആവശ്യമുള്ളവരും മാറ്റത്തിനായി തയ്യാറെടുക്കുന്നവരുമാണ്.

മാന്യരേ, യഅ്ജൂജ്, മഅ്ജൂജ് പ്രശ്നത്തെ പോലെ നമ്മെ നശിപ്പിച്ചുകളയുന്ന പ്രശ്നത്തെ നാം വ്യക്തമായി തിരിച്ചറിയുന്നില്ലായെങ്കിൽ നമ്മിലേക്ക് വന്നെത്തിയ വിശുദ്ധ റമദാനെന്ന അവസരത്തെ ഉപയോഗപ്പെടുത്തുന്നതിൽ ഒരുപക്ഷേ, നാം പരാജയപ്പെട്ടുപോകുന്നതായിരിക്കും. അതിനാൽ ഏറ്റവും പ്രാധാന്യത്തോടെ പരിഗണിക്കേണ്ട പ്രശ്നങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുക. റമദാൻ വിടവാങ്ങിയാൽ റമദാനിന്റെ സ്വാധീനം അവസാനിക്കാതിരിക്കുന്നതിന് പ്രശ്നങ്ങളെ പ്രത്യേക സാഹചര്യങ്ങളിലേക്ക് മാത്രം ചുരുക്കാതിരിക്കുക. തുടർന്ന് മാറ്റത്തിനായി തയ്യാറെടുക്കുക. ആ മാറ്റമെന്നത് നിങ്ങൾ റമദാനിന് (പ്രശ്നങ്ങൾ ദുരീകരിച്ച് തരുന്നതിന്) കരമായോ പകരമായോ നൽകേണ്ടതിൽ നിങ്ങൾക്ക് ഇളവ് അനുവദിക്കുന്നതിന് കാരണമാകുന്നു. അതിനാൽ, നിങ്ങൾക്കും നിങ്ങളുടെ തെറ്റുകൾക്കുമിടയിൽ വിശുദ്ധ റമദാൻ വലിയൊരു മതിൽ നിർമിക്കുന്നതിന് വേണ്ടി പരിശ്രമിക്കുകയും ക്ഷമിക്കുകയും പ്രാർഥിക്കുകയും ചെയ്യുക.

എന്തൊന്നാണ് പതിനൊന്ന് മാസങ്ങളിൽ നിങ്ങളെ തിന്നുകൊണ്ടിരുന്നതെന്ന് നിങ്ങൾ കണ്ടെത്തുക. ക്ഷമിക്കാൻ കഴിയുന്നില്ലെന്നതാണോ നിങ്ങളുടെ പ്രശ്നം? അതല്ല, ഒരു കാര്യത്തിൽ ഉറച്ചുനിൽക്കാൻ കഴിയുന്നില്ലെന്നതാണോ നിങ്ങളുടെ പ്രശ്നം? അതുമല്ല, സംതൃപ്തിയില്ലാതിരിക്കുക, ദേഷ്യപ്പെടുക, നാവിനെ നിയന്ത്രിക്കാൻ കഴിയാതിരിക്കുക എന്നതാണോ നിങ്ങളുടെ പ്രശ്നം? നിങ്ങൾക്കാണ് നിങ്ങളെ കുറിച്ച് കൂടുതൽ അറിയാനും മനസ്സിലാക്കാനും കഴിയുന്നത്. അതിനാൽ, നിങ്ങളുടെ ഏറ്റവും വലിയ പ്രശ്നമെന്തെന്ന് നിങ്ങൾ കണ്ടെത്തി അതിനെതിരെ പ്രവർത്തിക്കുക. നിങ്ങൾക്ക് അനുയോജ്യമായ പദ്ധതികൾ ആവിഷ്കരിച്ച് മുന്നോട്ടുപോവുകയും ചെയ്യുക. മുപ്പത് ദിനങ്ങളെന്നത് പുതിയ ശീലങ്ങൾ പതിവാക്കുന്നതിനുള്ള അവസരമാണ്.

### സുന്നത്ത് ജീവിപ്പിക്കുകയെന്നതാണ് റമദാൻ

ലോകത്ത് വ്യാപിച്ചുകൊണ്ടിരിക്കുന്ന വൈറസ് മൂലം ഈ വർഷത്തെ റമദാൻ വ്യതിരിക്തമാണ്. എല്ലാവരും വീട്ടിലിരിക്കുകയാണ്. നിങ്ങളുടെ ആത്മീയതയും തറാവീഹ് നമസ്കാരവുമെല്ലാം അവിടെയാണ്. ഇത് നിങ്ങളുടെ മനസ്സിനെ സംസ്കരിക്കാനും മാറ്റിപ്പണിയാനുമുള്ള ഏറ്റവും നല്ല അവസരമാണെന്ന് നിങ്ങൾ മനസ്സിലാക്കുന്നില്ലേ? ഈയൊരു സന്ദർഭത്തിൽ നമുക്ക് തനിച്ചിരുന്ന് കൂടുതലായി നമ്മുടെ സ്വഭാവത്തിലേക്കും വ്യക്തിത്വത്തിലേക്കും മടങ്ങിച്ചെല്ലാൻ കഴിയുന്നു. കൂടാതെ നമ്മെ ഉദ്ബോധിപ്പിക്കണമെന്നോ ബോധവത്കരിക്കണമെന്നോ അടിസ്ഥാനമില്ലാത്ത, മ്ലേച്ഛമായ മാധ്യമങ്ങളിൽ നിന്നകന്ന് പ്രപഞ്ചത്തെ കുറിച്ച് ചിന്തിക്കാനും നമ്മുടെ കേൾവിയെയും മനസ്സിനെയും വിശുദ്ധ ക്വുർആനിന് വിട്ടുകൊടുക്കാനും കഴിയുന്നു.

മാന്യരേ, ദുനിയാവിന്റെ അവസ്ഥയെന്നത് ചിലർ അവരുടെ ജോലികളിലും പഠനങ്ങളിലും വ്യാപൃതരാകുന്നുവെന്നതാണ്. മറ്റുചിലർ അവരുടെ മക്കളുടെ കാര്യങ്ങളിൽ ശ്രദ്ധിച്ച് കഴിഞ്ഞുകൂടുന്നുവെന്നതാണ്. വളരെ കുറച്ചുപേർ മാത്രമാണ് അല്ലാഹുവിന്റെ സാമീപ്യം തേടിക്കൊണ്ട് അവനിലേക്ക് അടുക്കുന്നത്; ക്വുർആനിലേക്ക് മടങ്ങുന്നത്. നിശ്ചയദാർഢ്യത്തോടെയും മനസ്സാന്നിധ്യത്തോടെയും ഭയഭക്തിയോടെയും സംതൃപ്തിയോടെയും നിങ്ങൾ ചെയ്യുന്ന ഓരോ നന്മയും അല്ലാഹു സ്വീകരിക്കുകയും അത് നിങ്ങളുടെ സ്വർഗ പ്രവേശനത്തിന് കാരണമാവുകയും ചെയ്യുന്നതാണ്. നാം സ്വർഗത്തിൽ പ്രവേശിക്കുന്നത് നമ്മുടെ പ്രവർത്തനങ്ങൾ കൊണ്ടല്ല; അവന്റെ കാരുണ്യം കൊണ്ടാണ്. നായക്ക് കുടിക്കാൻ വെള്ളം നൽകിയ മനുഷ്യൻ സ്വർഗത്തിൽ പ്രവേശിച്ചത് നിങ്ങൾക്ക് അറിയില്ലേ? നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന നന്മയിലുള്ള വിശ്വാസം നിങ്ങൾ നഷ്ടപ്പെടുത്തരുത്. ഇപ്രകാരമാണ് റമദാൻ നിങ്ങളെ മാറ്റിപ്പണിയേണ്ടത്. അങ്ങനെ വിശുദ്ധിയെന്തെന്ന് നിങ്ങൾ അനുഭവിക്കുന്നു. നിങ്ങളിലൂടെ പ്രശാന്തത പരക്കുന്നു. പിന്നീട് ഒരിക്കലും, ഈ അനുഭവങ്ങൾ വെടിയുകയെന്നത് നിങ്ങൾക്ക് നിസ്സാരമായി കാണാൻ കഴിയുകയില്ല. എന്നെ വിശ്വസിച്ചാലും!

നബീൽ പയ്യോളി
nabeelpayyoly@gmail.com

ലേഖനം



# സൈബർ ഇടങ്ങളിലെ വിദ്വേഷ പ്രചാരണവും ഹൈക്കോടതി ഇടപെടലും

ഡിജിറ്റൽ യുഗത്തിന്റെ ആശയവിനിമയ സാധ്യതകൾ അനന്തമാണ്. ലോകത്തിന്റെ ഏതു കോണിൽ നിന്നും മറ്റേതൊരു കോണിലെയും വാർത്തകളും വിശേഷങ്ങളും കൈമാറാൻ നിമിഷങ്ങൾക്കകം സാധ്യമാകും എന്നതാണ് ഡിജിറ്റൽ യുഗത്തിലെ ആശയവിനിമയങ്ങളുടെ ഏറ്റവും ഗുണപരമായ വശം. അതുകൊണ്ട് തന്നെ ഏതൊരു സാധാരണക്കാരനും ഈ സാധ്യതയെ ഉപയോഗപ്പെടുത്താൻ പരിശീലിച്ചിരിക്കുന്നു. സാങ്കേതികവിദ്യ ജീവിതത്തിന്റെ ഭാഗമായി മാറിയിരിക്കുന്നു. അവശ്യ സർവീസുകളുടെ ഗണത്തിലാണിന്ന് സാങ്കേതിക മേഖല. യുട്യൂബ്, ഫെയ്സ്ബുക്ക്, ടിറ്റർ, ഇൻസ്റ്റാഗ്രാം, വാട്സ്ആപ്പ് തുടങ്ങിയ സാമൂഹ്യ മാധ്യമങ്ങളാണ് ആശയ കൈമാറ്റത്തിന് ഇന്ന് ഭൂരിപക്ഷം ആളുകളും ഉപയോഗിക്കുന്നത്. നിമിഷനേരം കൊണ്ട് ലോകം മുഴുവൻ വാർത്തകൾ പരക്കുന്നു. അതിന്റെ നന്മകൾ നാമെല്ലാം ദിനേനയെന്നോണം അനുഭവിച്ചുകൊണ്ടിരിക്കുന്നു. കോവിഡ് കാലത്തും സാമൂഹ്യ മാധ്യമങ്ങളിലെ ഇടപെടലുകളുടെ ഗുണങ്ങൾ അനുഭവിച്ചറിഞ്ഞവരാണ് മലയാളികൾ.

ഇന്ന് അസത്യമാണ് സത്യത്തെക്കാൾ പതിന്മടങ് വേഗതയിൽ പ്രചരിക്കുന്നത്. അതുകൊണ്ട് സാമൂഹിക മാധ്യമങ്ങളുടെ ദുരുപയോഗം വലിയ പ്രത്യാഘാതങ്ങളും ദുരന്തങ്ങളും വരുത്തിവെക്കുന്നുണ്ട്. കുറച്ച് കാലമായി സംഘ്പരിവാർ കേന്ദ്രങ്ങൾ സാമൂഹ്യമാധ്യമങ്ങളെ വിദ്വേഷ പ്രചാരണത്തിനും അസത്യ പ്രചാരണത്തിനും വ്യാപകമായി ഉപയോഗിച്ചുവരുന്നുണ്ട്. കഴിഞ്ഞ ലോകസഭാ ഇലക്ഷനിൽ സംഘപരിവാർ ഐടി സെല്ലുകൾ പടച്ചുവിട്ടത് നുണക്കഥകളുടെ കുത്തൊഴുക്കായിരുന്നു. അവർ പടച്ചുവിടുന്ന ഇത്തരം നുണക്കഥകളുടെ പിന്നാമ്പുറങ്ങൾ, അതിന്റെ ഭാഗമായിരുന്ന പലരും പിന്നീട് വെളിപ്പെടുത്തിയതും നമ്മൾ വായിച്ചു. സാമൂഹ്യമാധ്യമങ്ങളിൽ ഫെയ്ക്ക് എക്കൗണ്ടുകൾ നിർമിച്ച് അസത്യങ്ങൾ പ്രചരിപ്പിക്കുന്ന ഗീബൽസിയൻ തന്ത്രം അവർ ഇന്നും നിർബാധം തുടർന്നു കൊണ്ടിരിക്കുന്നു.

ഏതാനും മാസങ്ങൾക്ക് മുമ്പ് സാമൂഹ്യ മാധ്യമങ്ങളിൽ പ്രചരിച്ച ഒരു വാർത്താ വീഡിയോ ശകലം മനഃസാക്ഷിയെ മരവിപ്പിക്കുന്നതായിരുന്നു. കേട്ടാലറയ്ക്കുന്ന തെറിവാചകങ്ങളുടെ പൊടിപൂരം. മുസ്‌ലിം സമുദായത്തെ അങ്ങേയറ്റം അധിക്ഷേപിക്കുന്ന പ്രസ്തുത വാർത്ത സംപ്രേക്ഷണം ചെയ്തത് പത്തനതിട്ട ആസ്ഥാനമായി പ്രവർത്തിക്കുന്ന സംഘ്പരിവാർ ഓൺലൈൻ മീഡിയ 'നമോ ടി.വി മലയാളം' ആയിരുന്നു. ഇത് സാമൂഹ്യമാധ്യമങ്ങളിൽ വലിയ ചർച്ചയാവുകയും പ്രസ്തുത ചാനലിനും അവതാരകക്കും എതിരെ സാമൂഹ്യ പ്രവർത്തകൻ കേസു കൊടുക്കുകയും ചെയ്തു. ഈ കേസിലെ പ്രതികളുടെ ജാമ്യാപേക്ഷ കഴിഞ്ഞ ദിവസം കേരള ഹൈക്കോടതി പരിഗണിച്ചു. ചാനൽ അവതാരകയോട് പത്തുദിവസത്തിനകം അന്വേഷണ ഉദ്യോഗസ്ഥനു മുമ്പാകെ ഹാജരാകാൻ ഹൈക്കോടതി നിർദേശം നൽകി. പരമാവധി മൂന്നുവർഷം വരെ തടവുശിക്ഷ ലഭിക്കാവുന്ന ഐ.ടി വകുപ്പ് പ്രകാരമാണ് ഇവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. കോവിഡ് പ്രതിസന്ധിയുടെ സാഹചര്യത്തിൽ ഏഴു വർഷം വരെ തടവ് ലഭിക്കാവുന്ന




കുറ്റങ്ങൾക്ക് മുൻകൂർ ജാമ്യം അനുവദിക്കണമെന്നാണ് സുപ്രീംകോടതി നിർദേശം. അതുകൊണ്ട് അന്വേഷണ ഉദ്യോഗസ്ഥനു മുമ്പാകെ ഹാജരാകാൻ പ്രതിയോട് ഹൈക്കോടതി നിർദേശിച്ചിരിക്കുകയായിരുന്നു. തുടർന്ന് ജാമ്യം അനുവദിക്കണമെന്നും കോടതി നിർദേശിച്ചിട്ടുണ്ട്. 50,000 രൂപയുടെ ബോണ്ട് അടക്കുകയും രണ്ട് ജാമ്യക്കാരെ ഹാജരാക്കുകയും വേണം, അന്വേഷണ ഉദ്യോഗസ്ഥനു മുമ്പാകെ ഹാജരാകണം, സമാനമായ കുറ്റം ആവർത്തിക്കരുത് എന്നീ കാര്യങ്ങളും കോടതി നിർദേശിച്ചു.

കേസ് പരിഗണിക്കവെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ശ്രദ്ധേയമായ പരാമർശങ്ങൾ ആണ് നടത്തിയിരിക്കുന്നത്. സമൂഹമാധ്യമങ്ങളിലൂടെയുള്ള വാക്പോരും വിദ്വേഷ പ്രചാരണവും അവസാനിപ്പിക്കാൻ നിയമനിർമാണം നടത്തണമെന്ന് സർക്കാരിനോട് കോടതി നിർദേശം നൽകി. ഇത്തരം സാഹചര്യങ്ങളിൽ പൊലീസ് ജാഗരൂകരാവണമെന്നും കോടതി ഡി.ജി.പിയോടും നിർദേശിച്ചു. സോഷ്യൽ മീഡിയയിൽ മോശം പരാമർശം നടത്തിയാൽ പോലീസിൽ പരാതി നൽകുന്നതിന് പകരം അതിനെതിരെ അതേ രീതിയിൽ പ്രതികരിക്കുന്ന പ്രവണതയാണ് കണ്ടുവരുന്നതെന്നും ഇത് നിയമവാഴ്ചയെ തകിടം മറിക്കുന്ന നടപടിയാണെന്നും ജസ്റ്റിസ് പി.വി കുഞ്ഞികൃഷ്ണൻ പറഞ്ഞു. ഈ ഗുരുതര സാഹചര്യം മറികടക്കാൻ സർക്കാർ നടപടി സ്വീകരിക്കണമെന്നും കോടതി നിർദേശിച്ചു. സാമൂഹ്യമാധ്യമങ്ങളെ വ്യാപകമായി ദുരുപയോഗം ചെയ്യുന്ന ഈ കാലത്ത് ഹൈക്കോടതിയുടെ ഇടപെടൽ സ്വാഗതാർഹമാണ്. ആരെയും നിർദാക്ഷിണ്യം തേജോവധം ചെയ്യാനും ഒരു പക്ഷേ, ജീവഹാനിക്ക് വരെ കാരണമാകാനും സാമൂഹ്യമാധ്യമങ്ങളിലെ തെറ്റായ ഇ

ടപെടലുകൾ പലപ്പോഴും വഴിവെക്കാറുണ്ട്. പരസ്പരം കൊമ്പുകോർക്കുന്നവർ സംസ്കാരത്തിന്റെ സർവസീമകളും അതിലംഘിച്ച് തേജോവധവും വർഗീയ, വംശീയ വിദ്വേഷങ്ങളും പ്രചരിപ്പിക്കുന്ന കാഴ്ച അങ്ങേയറ്റം പ്രതിഷേധാർഹമാണ്. ഉത്തരേന്ത്യൻ ഇടങ്ങളിൽ നാം മുമ്പ് കണ്ടിരുന്ന ഇത്തരം രീതികൾ മലയാളി സൈബർ ഇടങ്ങളിൽ ഇന്ന് വ്യാപകമാണ്.

രാജ്യത്തിന്റെ ഭരണഘടനയെ തന്നെ ചോദ്യം ചെയ്യുന്ന പൗരത്വ നിയമത്തിനെതിരെ രാജ്യവ്യാപകമായി നടന്ന പ്രക്ഷോഭങ്ങളെ നേരിടാൻ വിദ്വേഷ പ്രചാരണം എന്ന ആയുധം തന്നെയായിരുന്നു സംഘ്പരിവാർ കേന്ദ്രങ്ങൾ അഴിച്ചുവിട്ടത്. അതിനെതിരെ ശക്തമായ ജാഗ്രത പുലർത്താനും അവർ അഴിച്ചുവിട്ട നുണക്കഥകളുടെ പൊള്ളത്തരങ്ങൾ തുറന്നു കാണിക്കാനും നമുക്ക് സാധിച്ചിട്ടുണ്ട്. അതുകൊണ്ട് തന്നെയാണ് പ്രക്ഷോഭങ്ങളുടെ ഓരോ ഘട്ടത്തിലും കേന്ദ്ര സർക്കാരും സംഘ പരിവാർകേന്ദ്രങ്ങളും പരുങ്ങലിലായത്; പരസ്പര വിരുദ്ധമായ പ്രസ്താവനകളും നിലപാടുകളും ബിജെപി നേതാക്കളിൽ നിന്ന് വരെ ഉണ്ടായത്. കോവിഡ് കാലം പൗരത്വ പ്രക്ഷോഭങ്ങൾക്ക് താൽക്കാലിക അവധി നൽകാൻ കാരണമായെങ്കിലും ഈ ദുരന്തകാലത്തും സംഘ്പരിവാർ വിദ്വേഷ പ്രചാരണങ്ങൾ തുടരുകയാണ്.

കോവിഡ് വ്യാപനത്തിന് കാരണം നിസാമുദ്ദീനിലെ തബ്‌ലീഗ് സമ്മേളനം ആയിരുന്നു എന്ന പ്രചാരണം അതിന്റെ ഒടുവിലത്തെ ഉദാഹരണമാണ്. ഇതിനെതിരെ വ്യാപകമായ പ്രതിഷേധം ഉയർന്നപ്പോൾ കേന്ദ്രസർക്കാരും ബിജെപി നേതാക്കളും ഈ നിലപാടിൽ മാറ്റം വരുത്തി. അവസാനമായി തബ്‌ലീഗ് ജമാഅത്ത് നേതാവ് മൗലാനാ സഅദിന്റെ പേരിൽ പ്രചരിച്ച ഓഡിയോ ക്ലിപ്പ് വ്യാജമെന്ന് ഡൽഹി പൊലീസ് കണ്ടെത്തിയിരിക്കുന്നു. സാമൂഹ്യഅകലം പാലിക്കേണ്ടതില്ലെന്നും നിരോധനാജ്ഞാ ഉത്തരവുകൾ അനുസരിക്കേണ്ടതില്ലെന്നും ആവശ്യപ്പെടുന്ന ഓഡിയോ സന്ദേശങ്ങളാണ് സഅദിന്റെ പേരിൽ പ്രചരിച്ചിരുന്നത്. ഫോറൻസിക് പരിശോധനയിലാണ് ക്ലിപ്പുകളിൽ കൃത്രിമം നടന്നതായി പൊലീസ് കണ്ടെത്തിയത്. ഇദ്ദേഹവുമായി ബന്ധപ്പെട്ട എല്ലാ വോയ്സ് ക്ലിപ്പുകളും പൊലീസ് വിദഗ്ധ പരിശോധനയ്ക്ക് അയക്കുകയും ചെയ്തു. നിസാമുദ്ദീൻ മർക്കസിലെ സമ്മേളനവുമായി ബന്ധപ്പെട്ട് മൗലാനാ സഅദിനും മറ്റു ആറു പേർക്കുമെതിരെ മനഃപൂർവമല്ലാത്ത നരഹത്യയ്ക്ക് ഡൽഹി പൊലീസ് കേസെടുത്ത് അന്വേഷണം നടത്തുന്നുണ്ട്. ഈ കേസിലെ എഫ്.ഐ.ആറിൽ ഈ ക്ലിപ്പിനെ കുറിച്ചും സൂചിപ്പിച്ചിട്ടുണ്ട്. മാർച്ച് 21 മുതലാണ് മൗലാനാ സഅദിന്റേതെന്ന പേരിൽ ഈ വോയ്സ് ക്ലിപ്പുകൾ വാട്സ് ആപ്പുകളിൽ പ്രചരിച്ചിരുന്നത്. മർക്കസ് സമ്മേളനത്തിനായി ആളെക്കൂട്ടാനാണ് ഈ സന്ദേശം അയച്ചത് എന്നാണ് നേരത്തെ പൊലീസ് വിലയിരുത്തിയിരുന്നത്. ഒരുപാട് ക്ലിപ്പുകൾ ചേർത്താണ് വോയ്സ് ഉണ്ടാക്കിയത് എന്ന് ശ്രദ്ധയിൽപെട്ടതായി കേസ് അന്വേഷിക്കുന്ന ഇൻസ്പെക്ടർ സതീഷ് കുമാർ വ്യക്തമാക്കി. ഇതെല്ലം സൈബർ ഇടങ്ങളിലെ നുണപ്രചാരണങ്ങളുടെ പിന്നിലെ ആസൂത്രിത നീക്കങ്ങളുടെ തെളിവുകൾ ആണ്. ശക്തമായ ജാഗ്രത കൈക്കൊള്ളുകമാത്രമാണ് ഇത്തരം നീചവൃത്തികളെ നേരിടാനുള്ള മാർഗം. ശക്തമായ നിയമനടപടികളും ആവശ്യമാണ്.

വിദേശ രാജ്യങ്ങളിലിരുന്ന് സാമൂഹ്യമാധ്യമങ്ങളിലൂടെ വിദ്വേഷപ്രചാരണം നടത്തുന്ന സംഘ്പരിവാർ അനുകൂലികളെ ലോകം ഗൗരവത്തോടെ ശ്രദ്ധിച്ചത് കോവിഡ് കാലത്താണ്. ഗൾഫ് രാജ്യങ്ങളിലെ സാംസ്കാരിക പ്രവർത്തകരും ബുദ്ധിജീവികളും ഈ പ്രചാരണങ്ങൾക്കെതിരെ ശക്തമായ പ്രതിഷേധം അറിയിക്കുകയും അറബ് രാജ്യങ്ങളിലെ ഭരണാധികാരികളും ഭരണകൂടങ്ങളും ഇന്ത്യയിൽ മുസ്‌ലിം സഹോദരങ്ങൾ നേരിടുന്ന പീഡനങ്ങളും വർഗീയ, വംശീയ വിദ്വേഷങ്ങളും അവസാനിപ്പിക്കാൻ കേന്ദ്ര സർക്കാരിനോടും പ്രധാനമന്ത്രിയോടും ആവശ്യപ്പെടുകയും ചെയ്തു. ഇന്ത്യയിൽ വളർന്നുവരുന്ന ഇസ്‌ലാമോഫോബിയക്കെതിരേ ശക്തമായ നടപടി സ്വീകരിക്കണമെന്നു ഓർഗനൈസേഷൻ ഓഫ് ഇസ്‌ലാമിക് കോ ഓപറേഷൻ ആവശ്യ





പ്പെട്ടു. ഇതിന്റെ പശ്ചാത്തലത്തിലാണ് സംഗതി പുലിവാലാകുമെന്ന് കണ്ടതോടെ പ്രധാനമന്ത്രി നരേന്ദ്ര മോദിയും പ്രതികരണവുമായി രംഗത്തെത്തിയത്. കൊറോണ മതമോ ജാതിയോ നോക്കിയല്ല പിടിപെടുന്നതെന്നും നമ്മുടെ പ്രതികരണം സാഹോദര്യത്തിൽ അധിഷ്ഠിതമാവണമെന്നും മോദി പ്രതികരിച്ചു. അറബ് വനിതകളെ ലൈംഗികമായി അധിക്ഷേപിച്ച് ബംഗളൂരു സൗത്തിലെ ബി.ജെ.പി എം.പി തേജസ്വി സൂര്യയുടെ 2015ലെ ട്വീറ്റ് വീണ്ടും പ്രചരിച്ചതും ഗൾഫിൽ വ്യാപക രോഷമുണർത്തി. ഇതോടെ എം.പി പോസ്റ്റ് നീക്കം ചെയ്യുകയും ചെയ്തു. വിദേശ രാഷ്ട്രങ്ങളിലെ സ്ഥാനപതികൾ ഓരോ രാജ്യത്തും ഉള്ള ഇന്ത്യൻ പൗരന്മാർക്ക് ശക്തമായ മുന്നറിയിപ്പ് നൽകിയിരിക്കുകയാണ്. വിദേശ രാജ്യങ്ങളിൽ ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നവർ ശക്തമായ നിയമ നടപടികൾ നേരിടേണ്ടി വരും. വർഗീയ തിമിരം ബാധിച്ചവർക്ക് ഈ പ്രവണത തുടരുന്നത് സ്വയം നാശത്തിലേക്കുള്ള കുഴിതോണ്ടലാണെന്ന് മനസ്സിലാക്കാനുള്ള ബോധം പോലും നഷ്ടമായിരിക്കുകയാണ്. വിദേശ രാജ്യങ്ങളിലേക്ക് അന്നംതേടി പോയവർ കാണിക്കുന്ന ഇത്തരം അവിവേകങ്ങൾ അവരുടെ ജോലി നഷ്ടപ്പെടുത്തുകയും നിയമനടപടികൾക്ക് വിധേയരാവേണ്ടിവരികയും ചെയ്യുന്നു. അതോടൊപ്പം അവരെ ആശ്രയിച്ചു കഴിയുന്ന കുടുംബങ്ങൾ കൂടി ഇതിന്റെ അനന്തരഫലം അനുഭവിക്കേണ്ടി വരുന്നു.

ഈ സംഘ്പരിവാർ ചെയ്തികൾ കേരളത്തിലെ ചില രാഷ്ട്രീയ പാർട്ടികളുടെ സൈബർ പോരാളികൾ കൂടി ഏറ്റെടുക്കുന്നു എന്നത് മലയാളിക്ക് അപമാനമാണ്. തങ്ങളെ എതിർക്കുന്നവരെ അങ്ങേയറ്റം അസിഹ്ഷ്ണുതയോടെ നേരിടുകയും കേട്ടാലറയ്ക്കുന്ന അശ്ലീലങ്ങളും വർഗീയ, വംശീയ പരാമർശങ്ങളും സംസ്കാരശൂന്യമായ പ്രതികരണങ്ങളും വ്യാജ സ്ക്രീൻ ഷോട്ടുകളും ട്രോളുകളും മലയാളിലുടെ മാനസിക ജീർണത വിളിച്ചോതുന്നതാണ്. പെണ്ണുടലിനെ വിൽപനച്ചരക്കായി മാത്രം കാണുന്നവരെപോലെ സൈബർ റേപ്പുകൾ നിർബാധം തുടർന്ന് കൊണ്ടിരിക്കുന്നു. അവിടെ സാധാരണ സ്ത്രീകൾ മാത്രമല്ല; ജനപ്രതിനിധികളും മാധ്യമ പ്രവർത്തകരും മത, രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക പ്രവർത്തകരും ഇരകളാക്കപ്പെടുന്നു എന്നത് എത്രമാത്രം ക്രൂരമാണ്! പ്രബുദ്ധനും വിദ്യാസമ്പന്നനും ആയ മലയാളിക്ക് എങ്ങനെ ഇത്ര അധമനാകാൻ സാധിക്കുന്നു എന്ന് മനസ്സിലാക്കാൻ കഴിയുന്നില്ല. പൊതു ഇടങ്ങളിലെ അഭിപ്രായങ്ങളും അഭിപ്രായവ്യത്യാസങ്ങളും ആരോഗ്യകരമായ സംവാദങ്ങൾക്കാണ് വഴിവെക്കേണ്ടത്. ആര് എന്ത് പറഞ്ഞാലും താൻ വിശ്വസിക്കുന്ന ആശയധാരക്കോ തന്റെ നിലപാടുകൾക്കോ ഒന്നും സംഭവിക്കില്ലെന്നും എന്തിനോടും വിയോജിപ്പ് പ്രകടിപ്പിക്കാൻ ആർക്കും അവകാശവും സ്വാതന്ത്ര്യവും ഉണ്ടെന്നും തിരിച്ചറിയാതെ പോകരുത്. 'എഗ്രീ ടു ഡിസെഗ്രീ' എന്നത് സംവാദ വേദികളിലെ സാമാന്യ മര്യാദയാണ്. അതെല്ലാം കാറ്റിൽ പറത്തി എതിരാളികളെ തേജോവധം ചെയ്ത് തന്റെ നിലപാടുകൾക്ക് വിജയം വരിക്കാം എന്ന് കരുതുന്നത് മൗഢ്യമാണ്. അത് പ്രബുദ്ധ മലയാളിക്ക് അപമാനവുമാണ്.

സൈബർ ഇടങ്ങളിൽ നടക്കുന്ന ഇത്തരം ആൾക്കൂട്ട ആക്രമണങ്ങൾക്കും വിദ്വേഷ പ്രചാരണങ്ങൾക്കും കൂച്ചുവിലങ്ങിടേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. നിലവിലുള്ള ഐടി നിയമങ്ങളുടെ ദൗർബല്യം ചൂഷണം ചെയ്താണ് ഈ ക്രൂരത ഇപ്പോഴും തുടരുന്നത്. അത് വ്യക്തിജീവിതം മുതൽ സാമൂഹിക മണ്ഡലങ്ങളിൽ വരെ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ ഗുരുതരമാണ്. ആത്മഹത്യക്കും വർഗീയ ചേരിതിരിവുകൾക്കും കാരണമാകുന്ന ഈ കുറ്റകൃത്യത്തെ തടയാനും ക്രിയാത്മകമായ സംവാദങ്ങൾക്ക് വേദികൾ ഒരുക്കാനും സമൂഹം മുന്നിട്ടിറങ്ങണം. അതിന് തങ്ങളുടെ അണികളെ പാകപ്പെടുത്താൻ മത, സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ സംഘടനകൾക്ക് സാധ്യമാകേണ്ടതുണ്ട്. സൈബർ ഇടങ്ങളിലെ സംസ്കാര ശൂന്യതകൾ അവസാനിപ്പിക്കാൻ ഹൈക്കോടതി ഇടപെടൽ വഴിയൊരുക്കും എന്ന് പ്രത്യാശിക്കാം. സർക്കാർ ഉണർന്ന് പ്രവർത്തിക്കണം.

ലുക്മാനുൽ ഹകീം അൽഹികമി
lukhman36@gmail.com

ലേഖനം



# റമദാൻ; അവസാനത്തെ പത്തിലേക്ക് പ്രവേശിക്കുമ്പോൾ

**കോ**വിഡ് കാലത്തെ ഈ റമദാൻ ഏറിയപങ്കും നമ്മിൽ നിന്ന് വിടപറഞ്ഞിരിക്കുകയാണ്. വിരലിലെണ്ണാവുന്ന ദിനരാത്രങ്ങൾ മാത്രമെ അവശേഷിക്കുന്നുള്ളൂ. താൻ ചെലവഴിച്ച ഓരോ ദിനരാത്രത്തെകുറിച്ചുമുള്ള വിചിന്തനം ഒരു വിശ്വാസിക്ക് ഗുണകരമായിരിക്കും. അത്തരം ചിന്തകളിലേക്ക് ശ്രദ്ധകൊടുത്താൽ തീർച്ചയായും രണ്ടു വിഭാഗം ആളുകളെ നമുക്ക് ദർശിക്കാനാകും.

പകലുകളിൽ വ്രതമനുഷ്ഠിക്കുകയും രാത്രികളിൽ നമസ്കരിക്കുകയും പരിശുദ്ധ ക്വുർആൻ പാരായണത്തിൽ ശ്രദ്ധകേന്ദ്രീകരിക്കുകയും തന്റെ സമ്പത്തിൽനിന്ന് സാധുക്കൾക്കും പുണ്യ പ്രവർത്തനങ്ങൾക്കും ഓഹരി മാറ്റിവെക്കുകയും, അതോടൊപ്പം എല്ലാതരം തിന്മകളിൽ നിന്നും അധർമങ്ങളിൽ നിന്നും വിട്ടകലുകയും, വിനോദങ്ങളിലും ഉപകാരമില്ലാത്ത കാര്യങ്ങളിലും മുഴുകാതെ ശ്രദ്ധയോടെ ഈ സുവർണാവസരത്തെ ഉപയോഗപ്പെടുത്തുകയും ചെയ്തവരാണ് ഒരു വിഭാഗം ആളുകൾ.

നോമ്പിനെയും ഈ പുണ്യം നിറഞ്ഞ അവസരങ്ങളെയും യഥാവിധം ഉപയോഗപ്പെടുത്താത്തവരാണ് രണ്ടാമത്തെ വിഭാഗം. പകൽ മുഴുവൻ പട്ടിണികിടക്കുകയും ഉറങ്ങിയും കളിതമാശകളിലും വിനോദങ്ങളിലും ഗെയിമുകളിലും മുഴുകി റമദാനിലെ പകലുകളെ വൃഥാവിലാക്കുകയും ചെയ്തവരാണവർ. രാത്രിനമസ്കാരമോ ക്വുർആൻ പാരായണമോ ദാനധർമമോ ദിക്റുകളോ ദുആകളോ ഇത്തരക്കാരുടെ അജണ്ടയിൽ ഉണ്ടാകാറുമില്ല.

തങ്ങൾക്ക് ലഭിച്ച ഈ അസുലഭ അവസരങ്ങളെയും ലോക്ഡൗൺ ഒഴിവുകളെയും ക്രിയാത്മകമായി ഉപയോഗപ്പെടുത്തിയവർക്കും ഉറക്കിലും കളി തമാശകളിലും സമയം കളഞ്ഞവർക്കും സന്തോഷത്തിന്റെ നാളുകളാണ് അവസാനത്തെ പത്തു ദിനങ്ങൾ സമ്മാനിക്കുന്നത്.

ഒന്നാമത്തെ വിഭാഗത്തെ സംബന്ധിച്ചിടത്തോളം തങ്ങൾ ചെയ്ത നന്മകളെ തുടർത്താനും അവസാന പത്തിലെ പ്രതിഫലങ്ങൾ കരഗതമാക്കാനുമുള്ള അവസരമാണ്. രണ്ടാമത്തെ വിഭാഗത്തിനാകട്ടെ, തങ്ങളുടെ അറിവില്ലായ്മ കൊണ്ടോ അശ്രദ്ധകൊണ്ടോ നന്മകൾ ചെയ്യുവാനുള്ള അവസരംനഷ്ടപ്പെടുത്തിയതിനാൽ അല്ലാഹുവിലേക്ക് ആത്മാർഥമായി പശ്ചാത്തപിച്ച് മടങ്ങാനും നന്മകളിൽ മുഴുകാനുമുള്ള അവസരമാണ്.

## അവസാന പത്തിന്റെ പ്രത്യേകതകൾ

### 1) ക്വുർആനിന്റെ അവതരണം

മാർഗദർശക ഗ്രന്ഥമായ പരിശുദ്ധ ക്വുർആൻ ലൗഹുൽ മഹ്ഫൂളിൽ നിന്നും ഒന്നാനാകാശത്തേക്ക് (സമാഉദ്ദുൻയാ) അവതീർണമായത് റമദാനിന്റെ അവസാനത്തെ പത്തിലെ ലൈലത്തുൽ ക്വദ്റിന്റെ രാവിലാണ്. അല്ലാഹു പറയുന്നു:

"തീർച്ചയായും നാം അതിനെ ഒരു അനുഗൃഹീത രാത്രിയിൽ അവതരിപ്പിച്ചിരിക്കുന്നു"(ക്വുർആൻ 44/3).

"തീർച്ചയായും നാം ഇതിനെ (ക്വുർആനിനെ) നിർണയത്തിന്റെ രാത്രിയിൽ അവതരിപ്പിച്ചിരിക്കുന്നു" (ക്വുർആൻ 97/1).

### 2) ലൈലത്തുൽ ക്വദ്ർ

നിർണയത്തിന്റെ രാത്രിയിലാണ് (ലൈലത്തുൽ ക്വദ്റിന്റെ) ക്വുർആൻ അവതരിച്ചത് എന്ന് സൂചിപ്പിച്ചല്ലോ. ആ ദിവസത്തിന്റെ പ്രത്യേകതയും മഹത്ത്വവും എന്തെന്ന് അല്ലാഹു നമുക്ക് പഠിപ്പിച്ച് തന്നിട്ടുണ്ട്. ആ ദിവസത്തിൽ ചെയ്യുന്ന ഒരു കർമം, ആയിരം മാസങ്ങൾ പ്രവർത്തിക്കുന്നതിനെക്കാൾ പുണ്യം ലഭിക്കുന്നതാണെന്നാണ് അല്ലാഹു അറിയിക്കുന്നത്. ജിബ്രീലും മറ്റു മലക്കുകളും ഭൂമിയിലേക്ക് ഇറങ്ങിവരുന്നതും പ്രഭാതോദയം വരെ ശാന്തിപരത്തുന്നതുമായ ദിവസമാണ് അതെന്നും അല്ലാഹു പഠിപ്പിക്കുന്നു:

"നിർണയത്തിന്റെ രാത്രി എന്നാൽ എന്താണെന്ന് നിനക്കറിയാമോ? നിർണയത്തിന്റെ രാത്രി ആയിരം മാസത്തെക്കാൾ ഉത്തമമാകുന്നു. മലക്കുകളും ആത്മാവും അവരുടെ രക്ഷിതാവിന്റെ എല്ലാകാര്യത്തെ സംബന്ധിച്ചുമുള്ള ഉത്തരവുമായി ആ രാത്രിയിൽ ഇറങ്ങിവരുന്നു. പ്രഭാതോദയംവരെ അത് സമാധാനമത്രെ" (ക്വുർആൻ 97/25).

ലൈലത്തുൽ ക്വദ്റിന്റെ രാവ് അനുഗൃഹീതമാണെന്നും അല്ലാഹു അറിയിക്കുന്നു: "തീർച്ചയായും നാം അതിനെ ഒരു അനുഗൃഹീത രാത്രിയിൽ അവതരിപ്പിച്ചിരിക്കുന്നു" (ക്വുർആൻ 44/3).

### 3) നബിﷺ ഏറെ ആരാധനകളിൽ മുഴുകിയ ദിനങ്ങൾ

റമദാൻ അവസാന പത്തിലേക്ക് പ്രവേശിച്ചാൽ മറ്റുസമയങ്ങളിൽ ചെയ്യുന്ന ആരാധനാ കർമങ്ങളേക്കാൾ കൂടുതൽ ശ്രദ്ധയും പരിശ്രമവും കഠിനാധ്വാനവും ഉണ്ടായിരുന്നതായി ഹദീഥുകളിൽ നമുക്ക് കാണാൻ സാധിക്കും.

ആഇശ رضي الله عنها പറയുന്നു: "നബിﷺ അവസാന പത്തിൽ മറ്റൊരു കാലത്തും ചെയ്യാത്ത വിധത്തിൽ ആരാധനാ കർമങ്ങളിൽ കഠിനാധ്വാനം ചെയ്യാറുണ്ടായിരുന്നു" (മുസ്‌ലിം).

ആയിശ رضي الله عنها ഉദ്ധരിക്കുന്ന മറ്റൊരു ഹദീഥ് കാണുക: "നബിﷺ അവസാന പത്തിലേക്ക് പ്രവേശിച്ചാൽ മുണ്ട് മുറുക്കിയുടുക്കുകയും രാത്രിയെ (ആരാധനകളാൽ) ജീവിപ്പിക്കുകയും വീട്ടുകാരെ ഉണർത്തുകയും ചെയ്യാറുണ്ടായിരുന്നു" (ബുഖാരി, മുസ്‌ലിം).

നബിﷺ റമദാനിന്റെ അവസാനത്തെ പത്തിൽ മുമ്പത്തേതിനെക്കാൾ ആവേശത്തിലും പ്രതീക്ഷയിലും സ്വയം കർമങ്ങൾ നിർവഹിക്കുകയും കുടുംബത്തെ അതിന് പ്രേരിപ്പിക്കുകയും ചെയ്യാറുണ്ട് എന്ന് ഈ ഹദീഥുകൾ വ്യക്തമാക്കുന്നു. 'മുണ്ട് മുറുക്കിയുടുക്കുക,' 'രാത്രിയെ ജീവിപ്പിക്കുക' എന്ന, മേൽപറഞ്ഞ ഹദീഥിലെ പ്രയോഗങ്ങളെ പണ്ഡിതന്മാർ വിശദീകരിച്ചിട്ടുള്ളത്, ആരാധനാ കർമങ്ങൾക്കായി ഒഴിഞ്ഞിരിക്കുകയും അനുവദനീയമായ കാര്യങ്ങളിൽനിന്ന് പോലും വിട്ടുനിന്ന് രാത്രി നമസ്കാരം, ക്വുർആൻ പാരായണം, സ്വദക്വ, ദിക്റുകൾ, ദുആകൾ തുടങ്ങിയവയിൽ മുഴുകുമെന്നും അതിനായി രാത്രിയിൽ ഉറക്കമൊഴിവാക്കും എന്നുമാണ്.

### ലൈലത്തുൽ ക്വദ്ർ എന്ന്?

ലൈലത്തുൽ ക്വദ്ർ ഇന്ന ദിവസമാണ് എന്ന് ക്ലിപ്തപ്പെടുത്തി പറയാവുന്ന രൂപത്തിൽ യാതൊരു തെളിവും പ്രമാണങ്ങളിൽ സ്ഥിരപ്പെട്ട് വന്നിട്ടില്ല. എന്നാൽ

എന്നാണ് ലൈലത്തുൽ ക്വദ്ർ എന്ന് നബിﷺക്ക് അല്ലാഹു അറിയിച്ചുകൊടുത്തിരുന്നു എന്നും ശേഷം ഈ ഉമ്മത്തിന്റെ നന്മക്കായി ആ അറിവ് ഉയർത്തപ്പെടുകയും ചെയ്തു എന്നും ഇമാം ബുഖാരി ഉദ്ധരിച്ച ഒരു ഹദീഥിൽ നമുക്ക് കാണാൻ സാധിക്കും.

ലൈലത്തുൽ ക്വദ്ർ എന്നാണ് എന്ന് കൃത്യമായി അറിയിച്ചിട്ടില്ല എങ്കിലും ചില സൂചനകൾ നബിﷺ നൽകിയിട്ടുണ്ട്. അവസാനത്തെ പത്തിൽ ലൈലത്തുൽ ക്വദ്റിനെ പ്രതീക്ഷിച്ചുകൊള്ളുക, അവസാന പത്തിലെ ഒറ്റയിട്ട രാവുകളിൽ പ്രതീക്ഷിക്കുക, അവസാനത്തെ ഏഴ് രാത്രികളിൽ പ്രതീക്ഷിക്കുക, അവസാനത്തെ പത്തിൽ ഒമ്പത് അവശേഷിക്കുമ്പോൾ, ഏഴ് അവശേഷിക്കുമ്പോൾ, അഞ്ച് അവശേഷിക്കുമ്പോൾ എന്നിങ്ങനെ വ്യത്യസ്ത റിപ്പോർട്ടുകളിലായി വ്യത്യസ്ത പരാമർശങ്ങൾ നമുക്ക് കാണാൻ സാധിക്കും.

സ്വഹാബികൾ, സ്വാലിഹുകളായ മുൻഗാമികൾ, കർമശാസ്ത്ര പണ്ഡിതന്മാർ എന്നിവരുടെയെല്ലാം വ്യത്യസ്ത അഭിപ്രായങ്ങൾ നമുക്ക് പല ഗ്രന്ഥങ്ങളിലും വായിക്കാനാകും. നാൽപതിലേറെ അഭിപ്രായങ്ങൾ പ്രസ്തുത ദിനവുമായി ബന്ധപ്പെട്ട് പണ്ഡിതന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അതെല്ലാം മഹത്തുക്കളായ, ഗവേഷണ യോഗ്യരായ പണ്ഡിതവരേണ്യരുടെ ഗവേഷണങ്ങളും അനുമാനങ്ങളും മാത്രമാണ് എന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്. ഇന്ന ദിവസമാണെന്നോ ഇന്ന രാവിലാണെന്നോ നമുക്ക് ക്ലിപ്തപ്പെടുത്താനാകില്ല എന്നതാണ് വസ്തുത.

പണ്ഡിത ലോകത്തെ 46 അഭിപ്രായങ്ങളെ പ്രതിപാദിച്ച ശേഷം ഇബ്നു ഹജർ അൽഅസ്ക്വലാനി(റഹ്) ഇപ്രകാരം പറഞ്ഞു: "ഈ അഭിപ്രായങ്ങളിൽ ഏറ്റവും ശരിയോടടുത്തത്, റമദാനിലെ അവസാനത്തെ പത്തിലെ ഒറ്റയിട്ടരാവിലാണ് എന്നതാണ്. അതാകട്ടെ (ഓരോ റമദാനിലും) മാറി മാറി വരുന്നതുമാണ്" (ഫത്ഹുൽ ബാരി).

ശൈഖ് ഇബ്നു ബാസ്(റഹ്) പറയുന്നു: "ലൈലത്തുൽ ക്വദ്റിന്റെ വിഷയത്തിലുള്ള ശരിയായ അഭിപ്രായം; അത് അവസാന പത്തിൽ (ദിവസം) മാറിക്കൊണ്ടിരിക്കും. ഒറ്റപ്പെട്ട രാവുകളിലാകാനാണ് കൂടുതൽ സാധ്യതയുള്ളത്. ഉദയസ്ഥാനങ്ങൾ വ്യത്യാസപ്പെടുമ്പോൾ ഓരോ നാടുകളിലുമുള്ള അവസാന പത്തുകളിൽ അത് പ്രതീക്ഷിക്കാം. അവസാനത്തെ പത്തിൽനിന്ന് അത് പുറത്ത് കടക്കുകയുമില്ല" (അസ്സിയാമു ഫിൽഇസ്ലാം).

ഏതായിരുന്നാലും, റമദാനിലെ അവസാനത്തെ പത്തിലാണ് ലൈലത്തുൽ ക്വദ്ർ എന്നത് വ്യക്തമാണ്. അതിന്റെ കൃത്യമായ ദിവസം ഗോപ്യമാക്കിയതാകട്ടെ ഈ ഉമ്മത്തിന് കാരുണ്യമാണ് താനും.

## ലൈലത്തുൽ ക്വദ്റിന്റെ അടയാളങ്ങൾ

ലൈലത്തുൽ ക്വദ്ർ എന്നാണെന്ന് തിരിച്ചറിയാനുള്ള ചില സൂചനകൾ നബിﷺ പഠിപ്പിച്ചതായി ഹദീഥ് ഗ്രന്ഥങ്ങളിൽ കാണാം.

ലൈലത്തുൽ ക്വദ്റിന്റെ രാത്രി ശാന്തമായതും പ്രസന്നമായതും അമിതമായ ചൂടോ തണുപ്പോ ഇല്ലാത്തതുമായിരിക്കുമെന്നും അന്ന് ചന്ദ്രനെ ചെറിയ ഒരു കീറൽ പോലെ ദർശിക്കാനാകുമെന്നും വിവിധങ്ങളായ ഹദീഥുകളിൽ കാണാം.

രാത്രിക്ക് ശേഷമുള്ള പകലിൽ സൂര്യൻ ഉദിച്ചുയരുന്നത്, ദുർബലമായ ചുവന്ന നിറത്തോടെയായിരിക്കുമെന്നും ഉയർന്ന് വരുന്നതുവരെ കിരണങ്ങളില്ലാതെ വൃത്താകൃതിയിലുള്ള പാത്രത്തെപോലെയായിരിക്കുമെന്നും വിവിധ ഹദീഥുകളിൽ വന്നിട്ടുണ്ട്.

## ഇഅ്തികാഫ്

നബിﷺ റമദാനിലെ അവസാന പത്തിൽ ഇഅ്തികാഫ് ഇരുന്നത് ഹദീഥുകളിൽ സ്ഥിരപ്പെട്ട് വന്ന കാര്യമാണ്. നബിﷺയുടെ ഭാര്യമാരും പള്ളിയിൽ ഇഅ്തികാഫ് ഇരുന്നതായി സ്ഥിരപ്പെട്ട് വന്നിട്ടുണ്ട്. ആഇശ(റ) പറയുന്നു:

"ഇഹലോകവാസം വെടിയുന്നത് വരെ നബിﷺ റമദാനിലെ അവസാന പത്തിൽ ഇഅ്തികാഫ് ഇരുന്നിരുന്നു. ശേഷം നബിയുടെ ഭാര്യമാരും ഇഅ്തികാഫ് ഇരുന്നിരുന്നു" (ബുഖാരി, മുസ്ലിം).

നബിﷺയും ഭാര്യമാരും ഇഅ്തികാഫ് ഇരുന്നതായി ഈ ഹദീഥിലൂടെ വ്യക്തമാണ്. ഇഅ്തികാഫ് ഇരുന്നതാകട്ടെ പള്ളിയിലും. അഥവാ ഇഅ്തികാഫ് പള്ളിയിലാണ് ഇരിക്കേണ്ടത് എന്ന വിധി പുരുഷന്മാർക്കും സ്ത്രീകൾക്കും ഒരുപോലെ ബാധകമായ കാര്യമാണ്. പ്രസ്തുത ഹദീഥിനെ വിശദീകരിക്കുന്ന വേളയിൽ ഇമാം നവവി(റഹ്) ഇപ്രകാരം രേഖപ്പെടുത്തിയതായി കാണാം:

"പള്ളിയിലല്ലാതെ ഇഅ്തികാഫ് ശരിയാവുകയില്ല എന്നതിന് ഈ ഹദീഥ് തെളിവാണ്. കാരണം, നബിﷺയും ഭാര്യമാരും സ്വഹാബികളും പള്ളിയിൽ മാത്രമാണ് ഇഅ്തികാഫ് നിർവഹിച്ചത്;

അത് പതിവാക്കൽ പ്രയാസമുണ്ടായിരുന്നിട്ടും. വീട്ടിൽ വെച്ച് ഇഅ്തികാഫ് അനുവദനീയമായിരുന്നുവെങ്കിൽ അവർ ഒരിക്കലെങ്കിലും അത് നിർവഹിക്കുമായിരുന്നു; പ്രത്യേകിച്ചും സ്ത്രീകൾ. അവരാകട്ടെ അതിന് കൂടുതൽ ആവശ്യക്കാരുമായിരുന്നു" (ശർഹു മുസ്‌ലിം).

എന്നാൽ ഇന്ന് പള്ളികൾ അടഞ്ഞു കിടക്കുന്ന ഈ പ്രത്യേക സാഹചര്യത്തിൽ വീട്ടിൽ നമസ്‌കാരത്തിനായി പ്രത്യേകം സജ്ജമാക്കിയ സ്ഥലത്ത് ഇഅ്തികാഫ് ഇരിക്കാൻ പറ്റുമോ എന്നത് പലരും ഉന്നയിക്കുന്ന ചോദ്യമാണ്. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് സുലൈമാൻ റുഹൈലി (ഹഫിദഹുല്ലാഹ്) ഇപ്രകാരം പറഞ്ഞതായി കാണാം: "പുരുഷന്മാർ പള്ളിയിലാണ് ഇഅതികാഫ് ഇരിക്കേണ്ടത് എന്ന വിഷയത്തിൽ പണ്ഡിതന്മാർ ഏകാഭിപ്രായക്കാരാണ്. സ്ത്രീകളും പള്ളിയിൽ തന്നെയാണെന്നാണ് ബഹുഭൂരിപക്ഷം കർമശാസ്ത്ര പണ്ഡിതന്മാരുടെയും വീക്ഷണം. അതുതന്നെയാണ് പ്രബലമായ അഭിപ്രായവും. പള്ളികളിലല്ലാതെ ആണായാലും പെണ്ണായാലും ഇഅ്തികാഫ് ഇരിക്കാൻ പാടുള്ളതല്ല. ക്വുർആനിലും ഹദീഥിലും ഇഅ്തികാഫിനെ പള്ളിയുമായി ബന്ധപ്പെടുത്തിയിട്ടാണ് വന്നിട്ടുള്ളത്. ഇബാദത്തുകൾ ക്വുർആനിന്റെയും ഹദീഥിന്റെയും തീരുമാനത്തിന് വിധേയവുമാണ്. അതുകൊണ്ട് തന്നെ ഈ വർഷം പള്ളികൾ അടക്കപ്പെട്ടതിനാൽ വീടുകളിൽ ഇഅ്തികാഫ് ഇരിക്കൽ നിയമപരമല്ല. നിഷ്‌കളങ്കമായ നിയ്യത്ത് വിശ്വാസിക്ക് മതിയായതാണ്" (മെയ് 3ന് അദ്ദേഹത്തിന്റെ ട്വിറ്ററിൽ കുറിച്ച സന്ദേശത്തിൽ എഴുതിയത്).

കർമശാസ്ത്ര പണ്ഡിതന്മാർ പള്ളിയാണ് ഇഅ്തികാഫിന്റെ സ്ഥാനമെന്ന് പ്രമാണങ്ങളുടെ വെളിച്ചത്തിൽ പഠിപ്പിച്ചതിനാൽ സ്ത്രീകളും പുരുഷന്മാരും വീട്ടിൽ ഇഅ്തികാഫ് ഇരിക്കേണ്ടതില്ല എന്നതാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. (അല്ലാഹു അഅ്ലം). അതിൽ ഒരു വിശ്വാസി സങ്കടപ്പെടേണ്ട ആവശ്യമില്ലതാനും. അവന്റെതല്ലാത്ത കാരണത്താൽ നേരിട്ട പ്രയാസമായതിനാൽ അവന്റെ ഉദ്ദേശ്യത്തിനനുസരിച്ച് അല്ലാഹുവിൽ നിന്ന് പ്രതിഫലം പ്രതീക്ഷിക്കാവുന്നതാണ്.

## അവസാനത്തെ പത്തിലെ പ്രാർഥന

ഓരോ പത്തിലും ചൊല്ലേണ്ടതായ പ്രാർഥനകൾ എന്ന പേരിൽ വിവിധങ്ങളായ പ്രാർഥനകൾ ഇന്ന് നമ്മുടെ നാടുകളിൽ പ്രചുര പ്രാചാരം നേടിയിട്ടുണ്ട്. എന്നാൽ റമദാനിലെ ഓരോ പത്തിലും ചൊല്ലാനായി പ്രത്യേക പ്രാർഥനകൾ നബിﷺ പഠിപ്പിച്ചതായി സ്വീകാര്യയോഗ്യമായ ഹദീഥുകളിൽ സ്ഥിരപ്പെട്ട് വന്നിട്ടില്ല. എന്നാൽ ലൈലത്തുൽ ക്വദ്ർ പ്രതീക്ഷിക്കുന്ന രാവിൽ ചൊല്ലാനായി നബിﷺ പ്രത്യേകം പ്രാർഥന പഠിപ്പിക്കുകയും ചെയ്തിട്ടുണ്ട്. മഹതി ആഇശ(റ)യുടെ ചോദ്യത്തിനായി പ്രവാചകൻﷺ ഇപ്രകാരം മറുപടി നൽകി:

'അല്ലാഹുമ്മ ഇന്നക്ക അഫുവ്വുൻ തുഹിബ്ബുൽ അഫ്‌വ ഫഅ്ഫു അന്നീ' (അല്ലാഹുവേ, നീ പാപങ്ങൾ പൊറുക്കുന്നവനാണ്, പൊറുത്ത് കൊടുക്കാൻ ഇഷ്ടപ്പെടുന്നവനുമാണ്. അതിനാൽ എന്റെ പാപങ്ങൾ നീ പൊറുത്ത് തരേണമേ) എന്ന് പറയുക' (അഹ്‌മദ്).

ചുരുക്കത്തിൽ, ഏറെ മഹത്ത്വമുള്ളതും ആരാധനാകർമങ്ങളിൽ കൂടുതൽ വ്യാപൃതമാകേണ്ട സമയവുമാണ് റമദാനിലെ അവസാനത്തെ പത്ത്. ഖേദകരമെന്ന് പറയട്ടെ, ഇന്ന് സമൂഹത്തിൽ ബഹുഭൂരിഭാഗം ആളുകളിലും നമുക്ക് കാണാൻ സാധിക്കാറുള്ളത് റമദാനിന്റെ അവസാനമാകുമ്പോഴേക്ക് അതിന്റെ ചൈതന്യം നഷ്ടപ്പെടുന്ന രൂപത്തിലുള്ള പല പ്രവർത്തനങ്ങളാണ്. തുടക്കത്തിലുണ്ടായിരുന്ന ആവേശവും ഊർജവും ചോർന്നുപോവുകയും മറ്റു ഭൗതിക കാര്യങ്ങൾക്കും ഷോപ്പിങ്ങുകൾക്കുമായി ഏറെ പുണ്യം നിറഞ്ഞ ഈ ദിന രാത്രങ്ങളെ ജനങ്ങൾ ഉപയോഗിക്കുന്നതായി കാണാം.

എന്നാൽ ഇത്തവണ കാര്യം വ്യത്യസ്തമാണ്. ലോക്ഡൗൺ ആയതിനാൽ വീട്ടിൽ തന്നെയായിരിക്കും. ഷോപ്പിങ്ങുകൾക്കും മറ്റു രൂപത്തിലുള്ള തിരക്കുകൾക്കും അൽപം കുറവുള്ള കാലമാണ്. ഈ സമയത്തെ സൊറ പറഞ്ഞും സോഷ്യൽ മീഡിയകളിൽ അനാവശ്യമായി യാതൊരു ഉപകാരവുമില്ലാത്ത കാര്യങ്ങൾ വായിച്ചും ഷെയർ ചെയ്തും ഗെയിമുകളിലും മറ്റു വിനോദങ്ങളിലും ചെലവഴിക്കാതെ ക്വുർആൻ പാരായണത്തിനും പാപമോചനതേട്ടങ്ങൾക്കും മറ്റു ആരാധനാ കർമങ്ങൾക്കുമായി ഉപയോഗപ്പെടുത്തുക.

നമ്മുടെ ജീവിതം വളരെ എണ്ണപ്പെട്ട ദിനങ്ങൾ മാത്രമാണ്. അടുത്ത റമദാനിൽ നാം ഉണ്ടാകുമോ എന്നത് നമുക്കാർക്കും ഉറപ്പ് പറയാൻ സാധിക്കുന്ന കാര്യമല്ല. ഇപ്പോൾ ലഭിച്ചത് പോലെ ഒരു ഒഴിവും അവസരവും പിന്നീട് ലഭിച്ചുകൊള്ളണമെന്നുമില്ല. അതിനാൽ അല്ലാഹു അവന്റെ മഹത്തായ റഹ്മത്തിനാൽ നമുക്കേകിയ ഈ അവസരത്തെ ഏറ്റവും നന്നായി വിനിയോഗിച്ച്, ഈ റമദാനിലൂടെ പാപമോചനം ലഭിക്കുന്ന, ലൈലത്തുൽ ക്വദ്‌റിന്റെ പുണ്യനിമിഷങ്ങൾ കരസ്ഥമാക്കുന്ന, റയ്യാനിലൂടെ സ്വർഗീയാരാമത്തിൽ പ്രവേശിക്കുന്ന വിശ്വാസികളുടെ കൂട്ടത്തിൽ ഉൾപ്പെടാൻ പ്രയത്നിക്കുക, പരിശ്രമിക്കുക. അല്ലാഹു അനുഗ്രഹിക്കട്ടെ.

സജ്ജാദ് ബിൻ അബ്ദുറസാക്
hikmadawah@gmail.com





# സഫറുൽ ഇസ്‌ലാം ഖാൻ: ഇസ്‌ലാമോഫോബിയയിലേക്കാണ് ചർച്ച നീളേണ്ടത്...

ലോക മുസ്‌ലിംകൾ മുഴുവൻ വ്രതാനുഷ്ഠാനത്തിലാണ്. ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കേജ്‌രിവാളും വ്രതത്തിലാണ്. അദ്ദേഹത്തിന്റെ വ്രതം മുസ്‌ലിംകളോടുള്ള ഐക്യദാർഢ്യത്തിന്റെ വ്രതമല്ല; മറിച്ച് മുസ്‌ലിം വെറുപ്പിന്റെ ഭാഗമായ മൗനവ്രതമാണ്.

ഡൽഹി ന്യൂനപക്ഷ കമ്മീഷൻ ചെയർമാൻ പദവിയിലേക്ക് താൻതന്നെ നിയമിച്ച മൗലാനാ സഫറുൽ ഇസ്‌ലാം ഖാനെതിരെ രാജ്യദ്രോഹ കുറ്റത്തിന് കേസെടുത്തിരിക്കുന്നു. കേന്ദ്രം ചരട് വലിക്കുമ്പോൾ കളിക്കുന്ന ഒരു പപ്പറ്റായത് കൊണ്ട് ഈ അനീതിക്കെതിരിൽ 'രണ്ടക്ഷരം' ഉരുവിടാൻ ആപ്പുകാരന് കഴിയുന്നില്ല. പുള്ളിക്കാരൻ മൗനവ്രതത്തിൽ തന്നെ തുടരുകയാണ്.

എന്തിനാണ് സഫറുൽ ഇസ്‌ലാമിനെതിരെ കരിനിയമം ചാർത്തിയത് എന്നറിയേണ്ടേ? മുസ്‌ലിം ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ ലംഘിക്കപ്പെടുന്ന സാഹചര്യങ്ങളിൽ പീഡിതർക്ക് വേണ്ടി നിയമ സാധ്യതകൾ ഉപയോഗിച്ച് കൊണ്ടുതന്നെ ശബ്ദമുയർത്തിയതിന്! സി.എ.എ വിരുദ്ധ പോരാട്ടത്തിൽ നിലകൊണ്ടതിന്റെ പേരിൽ അറസ്റ്റുചെയ്യപ്പെട്ട കുട്ടികൾക്ക് വേണ്ടി തന്റെ നിലപാട് വ്യക്തമാക്കിയതിന്! ഇത്രയും ആയപ്പോൾ അരവിന്ദ് കേജ്‌രിവാൾ ചോദിക്കുകയാണ്; നിങ്ങൾക്ക് വല്ല പള്ളിമൂലയിലും ഫത്‌വ കൊടുത്ത് കഴിഞ്ഞുകൂടിയാൽ പോരേ, എന്തിനാണ് ഇത്തരം വിഷയങ്ങളിലേക്ക് ഇറങ്ങിവന്ന് ഞങ്ങളുടെ രാഷ്ട്രീയക്കളികൾക്ക് വട്ടം നിൽക്കുന്നത് എന്ന്!

സഫറുൽ ഇസ്‌ലാമിനെതിരെ എങ്ങനെ രാജ്യദ്രോഹത്തിന് കേസെടുക്കാതിരിക്കും! ജനാധിപത്യ രാജ്യമായ ഇന്ത്യ ഏകാധിപത്യ രാജ്യമായി പരിണമിക്കുന്ന ഈ ഘട്ടത്തിൽ ഭരണാധികാരികളുടെ അജണ്ടകളും മറ്റും ചോദ്യം ചെയ്യാൻ പാടില്ല എന്ന് അദ്ദേഹത്തിന് അറിയില്ലേ?

കേന്ദ്രത്തിൽ നിന്ന് ചരട് വലിക്കുമ്പോൾ അതിനൊത്ത് നൃത്തം ചവിട്ടേണ്ടി വരുന്ന അവസ്ഥയിലേക്ക് പരിണമിച്ചിരിക്കുകയാണല്ലോ ഡൽഹി മുഖ്യമന്ത്രിക്കസേരയിലിരിക്കുന്ന അരവിന്ദ് കേജരിവാൾ.


ഈ അടുത്ത് ഡൽഹിയിൽ അരങ്ങേറിയ, തീർത്തും ഏകപക്ഷീയമായി നടന്ന മുസ്‌ലിം വിരുദ്ധ പോരാട്ടങ്ങളെ കുറിച്ചുള്ള വിവരങ്ങൾ മുസ്‌ലിം രാജ്യങ്ങളുടെ ചർച്ചകളിലേക്ക് കൊണ്ടെത്തിക്കുകയും ന്യൂനപക്ഷങ്ങളുടെ ഭാവിയും അവരുടെ സുരക്ഷിതത്ത്വവും മോദി-അമിത്ഷാ കൂട്ടുകെട്ട് നിലനിൽക്കുന്ന ഇന്ത്യയിൽ സംശയാസ്പദമാണ് എന്ന വസ്തുത തുറന്ന് പറയുകയും ചെയ്യുമ്പോൾ സഫറുൽ ഇസ്‌ലാമിന്റെ പ്രവർത്തനങ്ങൾ കേന്ദ്രത്തിന്റെ കളിപ്പാവകൾക്ക് തെല്ലൊന്നുമല്ല തലവേദന സൃഷ്ടിക്കുക.

ജനാധിപത്യ ഇന്ത്യയുടെ തലപ്പത്ത് വർഗീയത കാലുംനീട്ടി ഇരിക്കുമ്പോൾ ഒരാൾ യഥാർഥ ഇന്ത്യക്കാരനും രാജ്യസ്നേഹിയുമാണോ എന്ന് തീരുമാനിക്കുന്നതിനുള്ള മാനദണ്ഡങ്ങളും മാറ്റി നിർവചിക്കപ്പെട്ടിരിക്കുന്നു എന്ന് വേണം മനസ്സിലാക്കാൻ.


ലോക്ഡൗൺകാലത്തും ഇന്ത്യയിൽ നിലനിൽക്കുന്ന മുസ്‌ലിം വിരുദ്ധ പരാമർശങ്ങളിൽ അറബ് രാജ്യങ്ങൾ അസ്വസ്ഥത പ്രകടിപ്പിച്ചപ്പോൾ അതിനെ പ്രശംസിച്ച ഒരാളാണല്ലോ സഫറുൽ ഇസ്‌ലാം. പിന്നെ എങ്ങനെ ഫാസിസ്റ്റ് ഇന്ത്യയിൽ അദ്ദേഹം ഒരു രാജ്യസനേഹിയായി മാറും?

ഡിജിറ്റൽ ഇന്ത്യയിൽ മുസ്‌ലിം പേരുകൾ ഡിലീറ്റ് ചെയ്യപ്പെടുന്ന അവസ്ഥയായിരുന്നു ഉണ്ടായിരുന്നതെങ്കിൽ ലോക്ഡൗൺ ഇന്ത്യയിൽ ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾക്ക് വേണ്ടി സംസാരിക്കുന്നവർക്ക് നേരെ രാജ്യദ്രോഹക്കുറ്റത്തിന്റെ 'ലോക്കുകളാണ്' വീണുകൊണ്ടിരിക്കുന്നത്!

ഡൽഹിയിലും അനുബന്ധ സ്ഥലങ്ങളിലുമെല്ലാം മുസ്‌ലിം പേര് നോക്കി ആക്രമിക്കുന്ന നീചമായ പ്രവണതക്കെതിരെ മൗലാന സഫറുൽ ഇസ്‌ലാം ഖാൻ നൽകിയ പരാതികൾ ഒന്നും തന്നെ രാജ്യത്തിനെതിരല്ല എന്ന് ആർക്കും വ്യക്തമാണ്. ന്യൂനപക്ഷങ്ങൾക്ക് നേരെ നടക്കുന്ന ഈ നരനായാട്ടുകൾ ഇസ്‌ലാമോഫോബിയയാണ് എന്ന് വിളിച്ചുപറയാൻ പോലും പറ്റാത്ത സാഹചര്യം ഉണ്ടാക്കി വെച്ചിരിക്കുന്നു ജനാധിപത്യ ഇന്ത്യയിൽ!




ഇത് ഇസ്‌ലാമോഫോബിയ അല്ലാതെ പിന്നെന്താണ്? ലോകത്ത് റോക്കറ്റ് വേഗതയിലാണ് ഇസ്‌ലാമിനെക്കുറിച്ചുള്ള ഭീതി പരക്കുന്നത്. കോവിഡ് കേസുകൾ രാജ്യവ്യാപകമായി ഉയരാൻ കാരണം തബ്‌ലീഗ് ജമാഅത്താണെന്ന ആരോപണവുമായി രംഗത്ത് വന്നിരിക്കുകയാണ് ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥ്! കോവിഡ് ഹോട്സ്പോട്ടുകൾക്ക് മുസ്‌ലിം പള്ളികളുടെ പേര് നിർദേശിച്ചത് വഴി വിചിത്രമായ ഒരു നടപടി സ്വീകരിച്ചതും ഇതേ യോഗി തന്നെയാണ്.



ഇന്ത്യയിൽ ബി.ജെ.പി അധികാരത്തിൽ വന്ന ശേഷം കേന്ദ്രമന്ത്രി പദത്തിലിരിക്കുന്നവരും പാർലമെന്റ് അംഗങ്ങളും ബി.ജെ.പി ഭരിക്കുന്ന സംസ്ഥാനങ്ങളിലെ മന്ത്രിമാരും ഉൾപ്പെടെ കടുത്ത ഇസ്‌ലാം വിരുദ്ധ , മുസ്‌ലിം വെറുപ്പ് വെച്ച് പുലർത്തുന്നു എന്നതാണല്ലോ ഏറ്റവും ഒടുവിലത്തെ ഉദാഹരണമായ സഫറുൽ ഇസ്‌ലാം ഖാന്റെ മേലിൽ ചുമത്തപ്പെട്ട രാജ്യദ്രോഹ കുറ്റവും അദ്ദേഹത്തിന്റെ അറസ്റ്റും നമ്മെ ബോധ്യപ്പെടുത്തുന്നത്.

ഈ ലോക്ഡൗൺ കാലത്തും ആർ.എസ്.എസ് ഗുണ്ടകളും പോലീസും ചേർന്ന് മുസ്‌ലിം ജിനോസൈഡിന് തിരികൊളുത്തുന്നു. അതിന്റെ ഭാഗമായി ജാമിഅയിലെ വിദ്യാർഥികളെയും സി.എ.എ വിരുദ്ധ പോരാട്ടങ്ങൾക്ക് നേതൃത്വം കൊടുത്ത ഗർഭിണിയായ യുവതിയെയുമടക്കം കരിനിയമം ചാർത്തി ജയിലിലടക്കുന്നു. ഈ അനീതിക്കെതിരിൽ ശബ്ദിച്ചതിനും ഒരു കുറിപ്പെഴുതി മുഖപുസ്തകത്തിലൂടെ തന്റെ നട്ടെല്ലുള്ള നിലപാട് തുറന്നെഴുതിയതിനും മൗലാനാ സഫറുൽ ഇസ്‌ലാമിനെതിരെ യു.എ.പി.എ ചുമത്തുന്നു...!


സഫറുൽ ഇസ്‌ലാം ഒരു സാധാരണക്കാരനല്ല; ഇന്ത്യയുടെ ഒരു ഉയർന്ന പദവിയലങ്കരിക്കുന്ന ഒരു മഹത് വ്യക്തിയാണ്. മതേതര ഇന്ത്യയിൽ ഇങ്ങനെയുള്ളവരുടെ ഗതിപോലും ഇതാണ് എങ്കിൽ മറ്റുള്ളവരുടെ കാര്യം പിന്നെ പറയാനുണ്ടോ?

ഇത്തരം സാഹചര്യങ്ങളിൽ നാം ഭയത്തിനടിമപ്പെട്ട് മൗനികളാവുകയല്ല വേണ്ടത്. 'ഭയത്തിനടിമപ്പെടരുത്; അങ്ങനെ സംഭവിച്ചാൽ ഹൃദയത്തിന്റെ ഭാഷ മനസ്സിലാകാതെ പോകും' എന്ന് സാന്റിയാഗോ എന്ന ചെറുപ്പക്കാരനോട് ആൽകമിസ്റ്റ് നൽകുന്ന ഉപദേശം പൗലോ കൊയ്‌ലോ തന്റെ ആൽകമിസ്റ്റ് എന്ന പ്രസിദ്ധ നോവലിൽ വിശദീകരിക്കുന്നത് ഈ സാഹചര്യത്തിൽ വലിയ പ്രാധാന്യത്തോടെ ഓർത്ത്പോകുന്നു.

ലോക്ഡൗൺ കാലത്തും ആർ.എസ്.എസ് നടത്തിക്കൊണ്ടിരിക്കുന്ന ഈ നരനായാട്ടിന്റെ രാഷ്ട്രീയം തീർച്ചയായും ഇസ്‌ലാമോഫോബിയയുടെ ഭാഗമാണ് എന്ന് നാം മനസ്സിലാക്കുക. അത്കൊണ്ട് തന്നെ ഇസ്‌ലാമോഫോബിയയുമായി ബന്ധപ്പെട്ട ചില ചർച്ചകൾ ഇവിടെ ഉപകരിക്കുമെന്ന് മനസ്സിലാക്കുന്നു.

ഇസ്‌ലാം ഭീതിയുടെ രാഷ്ട്രീയം ഏറ്റവും മൂർധന്യത്തിൽ എത്തിയത് അമേരിക്കയിലെ ഇരട്ടഗോപുരങ്ങൾ തകർക്കപ്പെട്ട സെപ്തംബർ പതിനൊന്നിന് ശേഷമുള്ള പതിറ്റാണ്ടിലാണ്. 2001 സെപ്തംബർ 11 സംഭവത്തിന് ശേഷം ഇസ്‌ലാമിനെ ഭീകരതയെ പാലൂട്ടുന്ന മതമായും ലോകസമാധാനത്തിന് ഭീഷണി ഉയർത്തുന്ന ദർശനമായും അവതരിപ്പിക്കുന്നതിൽ ഇസ്‌ലാമോഫോബിയയുടെ വക്താക്കൾ വളരെ നിഗൂഢവും വ്യാപകവുമായ പദ്ധതി തന്നെ നടപ്പാക്കിയിട്ടുണ്ട്. ലോകത്തെവിടെയും മുസ്‌ലിം നാമമോ ചിഹ്നങ്ങളോ ധരിക്കുന്നവർ സംശയിക്കപ്പെടുകയും നിന്ദിക്കപ്പെടുകയും മാർജിനലൈസ് ചെയ്യപ്പെടുകയും ചെയ്യുന്ന ഒരു അവസ്ഥ സംജാതമാകുന്നിടത്താണ് ഇസ്‌ലാമോഫോബിയയുടെ വിജയം.

ഇസ്‌ലാമിനെയും മുസ്‌ലിംകളെയും കുറിച്ച് തെറ്റിദ്ധാരണ പരത്തി അവരെ സമൂഹത്തിൽ ഒറ്റപ്പെടുത്തുകയും പിശാചുക്കളും രാക്ഷസന്മാരുമായി അവരെ ചിത്രീകരിക്കുകയും ചെയ്യുന്ന പ്രവണതയെ കുറിക്കാനാണല്ലോ ഇസ്‌ലാമോഫോബിയ (Islamophobia) എന്ന പദം വ്യാപകാർഥത്തിൽ പ്രയോഗിക്കപ്പെടുന്നത്. ഇസ്‌ലാം ഭീതി എന്നാണ് ഇതിന്റെ മലയാള പരിഭാഷ. അൾജീരിയൻ എഴുത്തുകാരനായ സ്‌ലിമാൻ ബിൻ ഇബ്രാഹിം 1918ൽ ഫ്രഞ്ച് ഭാഷയിൽ എഴുതിയ പ്രവാചകന്റെ ജീ




വചരിത്രത്തിലാണ് ആദ്യമായി ഇസ്ലാമോഫോബിയ എന്ന പ്രയോഗം ഉപയോഗിച്ചത്. ഈ പുസ്തകത്തിന്റെ ഇംഗ്ലീഷ് പരിഭാഷയിൽ ഇസ്‌ലാം ഭീതി എന്ന് പരിഭാഷപ്പെടുത്തുന്നതിന് പകരം ഇസ്‌ലാം വിരുദ്ധ മനോഭാവം (feeling inimical to Islam) എന്നായിരുന്നു കൊടുത്തിരുന്നത്. പിന്നീട് 1912 നും 1918നും ഇടയിൽ ഫ്രഞ്ചിൽ ഇറങ്ങിയ നിരവധി കൃതികളിൽ ഈ വാക്ക് തുടർച്ചയായി പ്രയോഗിക്കപ്പെട്ടു.

ഇസ്‌ലാമോഫോബിയ എന്ന പ്രയോഗം ഇംഗ്ലീഷിൽ പ്രധാനമായും പ്രയോഗിച്ചത് എഡ്വാർഡ് സൈദാണ്; 1985ൽ Orientalism reconsidered എന്ന പ്രബന്ധത്തിൽ. പിന്നീട് അഫ്ഗാനിൽ റഷ്യ നടത്തിയ അധിനിവേശ പ്രവർത്തനങ്ങളെ പരമാർശിച്ചുകൊണ്ട് 1991ൽ insight on the news എന്ന വാർത്താ മാഗസിൻ ഈ പദം ഉപയോഗിക്കുകയുണ്ടായി. അവിടം മുതലങ്ങോട്ട് ഈ പദം ഓക്സ്ഫോർഡ് നിഘണ്ടുവിൽ ഇടം നേടി. പ്രൊ.ഗോർഡൻ കോൺവെ (ബ്രിട്ടനിലെ സസക്സ് സർവകലാശാല വൈസ് ചാൻസലർ) അധ്യക്ഷനായി 1996ൽ രണിമെഡി ട്രസ്റ്റ് ബ്രിട്ടീഷ് മുസ്‌ലിംകളെയും ഇസ്‌ലാമോഫോബിയയെയും കുറിച്ച് പഠിക്കാൻ ഒരു കമ്മീഷനെ നിയമിക്കുകയുണ്ടായി. അവർ തയ്യാറാക്കിയ Islamophobia: A challenge for us all എന്ന റിപ്പോർട്ട് 1997ൽ അന്നത്തെ ബ്രിട്ടീഷ് ആഭ്യന്തര സെക്രട്ടറിയായിരുന്ന ജാക്സ്ട്രോവിന് സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിലാണ് ഇസ്‌ലാമോഫോബിയക്ക് വ്യക്തമായൊരു നിർവചനം വന്നത്. ഇസ്‌ലാം ഭീതിയെ കുറിച്ചുള്ള മുഴുവൻ പഠനങ്ങളിലും പ്രസ്തുത നിർവചനമാണ് ആധികാരികമായി ഉദ്ധരിക്കാറുള്ളത്. മുസ്‌ലിംകളെ സമൂഹത്തിൽ നിന്ന് അന്യവൽകരിക്കുകയും അവർക്കെതിരെ വിവേചനം കാണിക്കുകയും ചെയ്യാൻ കാരണമാകുന്ന മുസ്‌ലിം വിരുദ്ധ മനോഭാവം എന്നാണ് ഇസ്‌ലാമോഫോബിയയെ രണിമെഡി കമ്മീഷൻ സാമാന്യമായി നിർവചിക്കുന്നത്.

സഫറുൽ ഇസ്‌ലാം ഖാനുമായി ബന്ധപ്പെട്ട ചർച്ചകൾ കൊടുമ്പിരി കൊള്ളുമ്പോൾ ഇസ്‌ലാമോഫോബിയയിലേക്കല്ലാതെ പിന്നെവിടെക്കാണ് ചർച്ച നീളേണ്ടത്? ഇസ്‌ലാമിനെ കുറിച്ചുള്ള തെറ്റിദ്ധാരണകൾ നിലനിൽക്കുന്നിടത്താണ് ഇസ്‌ലാം ഭീതിയുടെ ചർച്ചകൾ വിജയം കാണുന്നത്. അതിനാൽ കൃത്യമായ രൂപത്തിൽ ശരിയായ ഇസ്‌ലാമിനെ പരിചയപ്പെടുത്തുന്ന ചർച്ചകൾ സജീവമാകുന്ന അന്തരീക്ഷത്തിൽ ഇസ്‌ലാമോഫോബിയ എന്ന 'വൈറസ്' വളരില്ല എന്ന് നമ്മൾ തിരിച്ചറിയുക.

ഇസ്‌ലാമോഫോബിയയുടെ പ്രവർത്തനങ്ങൾക്ക് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. പ്രവാചകന്മാരും വേദഗ്രന്ഥങ്ങളും എവിടേക്കല്ലാം കടന്നുവന്നിട്ടുണ്ടോ അവിടങ്ങളിലെ പുരോഹിതന്മാരെല്ലാം ഏറ്റെടുത്ത് വളർത്താൻ ശ്രമിച്ച പ്രവർത്തനം തന്നെയാണ് ഇസ്‌ലാമോഫോബിയ.

വിമർശിക്കപ്പെടുംതോറും വളർന്നു പന്തലിച്ച്, പുഷ്പിച്ചു വിളഞ്ഞ ചരിത്രമാണ് ഇസ്‌ലാമിനുള്ളത്. എത്ര പേരുടെ വായ മൂടിക്കെട്ടാൻ ശ്രമിച്ചാലും കൈകൾക്ക് ആമം വെക്കാൻ ശ്രമിച്ചാലും ഇല്ലാക്കുറ്റം ചുമത്തി ജയിലിൽ തളക്കാൻ ശ്രമിച്ചാലും ഇസ്‌ലാം അതിന്റെ ജൈത്രയാത്ര നടത്തിക്കൊണ്ടേയിരിക്കും. അത് ഇസ്‌ലാമോഫോബിയക്ക് ആക്കം കൂട്ടുന്ന നിയോകോണുകൾക്കും ഇവാഞ്ചലിസ്റ്റുകൾക്കും സയണിസ്റ്റുകൾക്കും തീവ്രദേശീയ വാദികൾക്കും നിയോ നാസികൾക്കും അൾട്രാ സെക്കുലറിസ്റ്റുകൾക്കും എത്തിസ്റ്റുകൾക്കും ഹിന്ദുത്വ തീവ്രവാദികൾക്കും അനിഷ്ടകരമാണെങ്കിലും ശരി.

നാഥന്റെ വാക്കുകളെത്ര ശരി: "അവർ അവരുടെ വായ്കൊണ്ട് അല്ലാഹുവിന്റെ പ്രകാശം കെടുത്തിക്കളയാനാണ് ഉദ്ദേശിക്കുന്നത്. സത്യനിഷേധികൾക്ക് അനിഷ്ടകരമായാലും അല്ലാഹു അവന്റെ പ്രകാശം പൂർത്തിയാക്കുന്നവനാകുന്നു. സൻമാർഗവും സത്യമതവും കൊണ്ട് എല്ലാ മതങ്ങൾക്കും മീതെ അതിനെ തെളിയിച്ചു കാണിക്കുവാൻ വേണ്ടി തന്റെ ദൂതനെ നിയോഗിച്ചവനാകുന്നു അവൻ. ബഹുദൈവാരാധകർക്ക് (അത്) അനിഷ്ടകരമായാലും ശരി" (ക്വുർആൻ 61:8,9).




## നേർപഥം ഓൺലൈൻ ക്വിസ് നിബന്ധനകൾ

- സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം വാരികയുടെ ഏറ്റവും പുതിയ ലക്കത്തിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ ആസ്പദമാക്കിയാണ് വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന ഓൺലൈൻ ക്വിസ് മത്സരം സംഘടിപ്പിക്കുന്നത്.
- ലോക്ക്ഡൗൺ പിരീഡിൽ എല്ലാ വെള്ളിയാഴ്ചയും വൈകുന്നേരം 7 മണിക്ക് മാഗസിൻ ഓൺലൈനിൽ അപ്‌ലോഡ് ചെയ്യുകയും ഞായറാഴ്ച രാവിലെ പത്തു മണി മുതൽ സമീൽ ഓൺലൈൻ ലൈബ്രറിയിൽ ചോദ്യങ്ങൾ ലഭ്യമാവുകയും ചെയ്യും.
- എല്ലാ ആഴ്ചയും ബുധൻ രാത്രി 12 മണി വരെ മാത്രമെ ഉത്തരങ്ങൾ സ്വീകരിക്കുകയുള്ളൂ.
- പേരും മൊബൈൽ നമ്പറും വെച്ചാണ് മത്സരാർഥികൾ ഓൺലൈനിൽ പ്രവേശിക്കേണ്ടത്. വിജയികളുടെ വിലാസം മൊബൈൽ നമ്പർ വെച്ചാണ് കണ്ടെത്തുന്നത് എന്നതിനാൽ സ്വന്തം നമ്പർ മാത്രമേ ഉപയോഗിക്കാവൂ.
- ഒരേ നമ്പറിൽ നിന്ന് ഒരാഴ്ചയിൽ ഒന്നിലധികം മത്സരങ്ങൾ പങ്കെടുക്കാൻ സാധ്യമാകില്ല.
- ശരിയുത്തരങ്ങൾ വ്യാഴാഴ്ച മുതൽ ഓൺലൈനിൽ ലഭ്യമാവും.
- ഏറ്റവും കൂടുതൽ ശരിയുത്തരങ്ങൾ അയച്ചതിനെ ആധാരമാക്കിയാണ് ഓരോ ആഴ്ചയിലെയും ഒന്ന്, രണ്ട്, മൂന്ന് സ്ഥാനക്കാരെ നിശ്ചയിക്കുന്നത്.
- വിജയികളുടെ പേരുകൾ വ്യാഴാഴ്ച മുതൽ സമീൽ ഓൺലൈൻ ലൈബ്രറിയിലൂടെയും നേർപഥം വെബ്സൈറ്റിലൂടെയും നേർപഥത്തിലൂടെയും പബ്ലിഷ് ചെയ്യും.
- വിജയികളെ ഔദ്യോഗികമായി വിവരമറിയിക്കുകയും സമ്മാനം നേരിട്ടെത്തിക്കുകയും ചെയ്യും.
- ഓരോ മത്സരത്തിലും ലഭിച്ച മാർക്കുകൾ ഉൾപ്പെടുത്തിയാണ് ഫൈനൽ മത്സരത്തിലെ വിജയികളെ തെരഞ്ഞെടുക്കുന്നത്. ഫൈനൽ പോയിന്റിൽ തുല്യത പാലിച്ചാൽ തുടർ മത്സരത്തിലൂടെ വിജയിയെ കണ്ടെത്തും.
- ഓരോ മത്സരത്തിലും ലഭിക്കുന്ന മാർക്കുകൾ ഉൾപ്പെടുത്തി പരിഷ്കരിക്കുന്ന പോയിന്റ് ടേബിൾ ഓൺലൈനിൽ ലഭ്യമാവും.
- മെഗാ മത്സര വിജയികൾക്കുള്ള സമ്മാനങ്ങൾ സംസ്ഥാന പ്രോഗ്രാമിലായിരിക്കും വിതരണം ചെയ്യുക.
- നേർപഥം ജീവനക്കാരുടെയോ മാനേജ്മെന്റിന്റെയോ എൻട്രികൾ മത്സരത്തിന് പരിഗണിക്കുന്നതല്ല.
- മത്സരങ്ങളെ കുറിച്ചുള്ള അന്തിമ തീരുമാനം നേർപഥം ക്വിസ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും.

## നേർപഥം ഓൺലൈൻ ക്വിസ് വിജയികൾ - ലക്കം: 174

**ഒന്നാം സമ്മാനം:**
ഷമീമ എം, കരുവരട്ട, എടത്തനാട്ടുകര

**രണ്ടാം സമ്മാനം:**
മുഹമ്മദ് സൽമാൻ, കുറുമാത്തൂർ, തളിപ്പറമ്പ്

**മൂന്നാം സമ്മാനം:**
ഷഹ്‌ല തച്ചുപറമ്പൻ, സൗദി അറേബ്യ

അബൂമുസ്‌ലിം അൽഹികമി
safeerac@gmail.com

# നഷ്ടപ്പെടുത്തരുത് ഈ പത്ത് ദിനങ്ങൾ

റമദാനിലെ മറ്റെല്ലാ ദിനരാത്രങ്ങളെക്കാളും ശ്രേഷ്ഠത അവസാനത്തെ പത്ത് ദിനങ്ങൾക്കുണ്ട്. നമ്മുടെ മുൻഗാമികൾ മൂന്ന് പത്തുകൾക്ക് ശ്രേഷ്ഠത കൽപിച്ചവരായിരുന്നു. മുഹർറം മാസത്തിലെ ആദ്യത്തെ 10 ദിനങ്ങൾ, റമദാനിലെ അവസാനത്തെ 10 ദിനങ്ങൾ, ദുൽഹിജ്ജയിലെ ആദ്യത്തെ 10 ദിനങ്ങൾ എന്നിവയാണവ.

ദുൽഹിജ്ജയിലെ ആദ്യത്തെ പത്തിനാണോ റമദാനിലെ അവസാന പത്തിനാണോ കൂടുതൽ ശ്രേഷ്ഠത എന്ന വിഷയത്തിൽ പണ്ഡിത ലോകത്ത് ധാരാളം ചർച്ചകൾ നടന്നതായി കാണാം. പണ്ഡിത ലോകത്തെ വിശാലമായ ചർച്ചകൾ നമുക്കിങ്ങനെ സംഗ്രഹിക്കാനാവും: അത് മാനസിക വിശാലതയും സമാധാനവും നൽകുന്നതാണ്. 'പകലുകളിൽ ശ്രേഷ്ഠം ദുൽഹിജ്ജയിലെ ആദ്യത്തെ പത്തും, രാവുകളിൽ ശ്രേഷ്ഠം റമദാനിലെ ആദ്യത്തെ പത്തും ആണ്. നേരങ്ങളിൽ ഏറ്റവും ശ്രേഷ്ഠം മുഹർറം പത്തിന്റെ പകലും ലൈലത്തുൽ ക്വദ്‌റിന്റെ രാവും ആകുന്നു.'

## അവസാന പത്തിന്റെ ചില ശ്രേഷ്ഠതകൾ

നബിﷺ ആരാധനകളിൽ ഏറ്റവും പരിശ്രമം നടത്തിയ ദിനങ്ങളാണിത്.

ആഇശؓ പറഞ്ഞു: 'മറ്റു ദിനങ്ങളെക്കാൾ നന്നായി നബിﷺ റമദാനിലെ അവസാന പത്തിൽ പരിശ്രമിക്കാറുണ്ടായിരുന്നു'(മുസ്‌ലിം).

ആഇശؓയിൽ നിന്ന്: 'അവസാന പത്ത് വന്നെത്തിയാൽ നബിﷺ തുണി മുറുക്കിയുടുക്കുകയും രാവിനെ സജീവമാക്കുകയും വീട്ടുകാരെ വിളിച്ചുണർത്തുകയും ചെയ്യുമായിരുന്നു' (ബുഖാരി, മുസ്‌ലിം). (കഠിന പരിശ്രമത്തിന് ഒരുങ്ങിയിറങ്ങും എന്നതിന്റെ ആലങ്കാരിക പ്രയോഗമാണ് 'അര മുറുക്കിയുടുക്കുക' എന്നത്).

ഈ ദിനങ്ങളിലാണ് ആയിരം മാസങ്ങളെക്കാൾ ശ്രേഷ്ഠമായ ലൈലത്തുൽ ക്വദ്ർ ഉള്ളത്. ഈ പത്ത് ദിനങ്ങളിൽ കർമങ്ങൾ ഏറ്റവും നന്നാക്കി ചെയ്തവന് ലൈലത്തുൽ ക്വദ്ർ ലഭിക്കുമെന്നത് തീർച്ചയാണ്; ഇൻശാ അല്ലാഹ്.

നബിﷺ ഇഅ്തികാഫ് ഇരുന്ന ദിനങ്ങളാണിവ.

അബൂ ഹുറയ്‌റؓയിൽ നിന്ന്: "നബിﷺ എല്ലാ റമദാനിലും (അവസാന) പത്ത് ദിനങ്ങൾ ഇഅ്തികാഫ് ഇരിക്കാറുണ്ടായിരുന്നു. നബിﷺ പരലോകം പൂണ്ട വർഷത്തിൽ 20 ദിനങ്ങൾ ഇരുന്നിരുന്നു" (ബുഖാരി).

ഇഅ്തികാഫ് എന്നാൽ ഇഹലോക ശ്രദ്ധയിൽ നിന്നും വിട്ടുനിന്ന്, ആരാധനകളിൽ മുഴുകി പള്ളിയിൽ ഭജനമിരിക്കലാണ്. കുടുംബവും വരുമാനവും കച്ചവടവും അതിൽനിന്നും ശ്രദ്ധ തെറ്റിക്കരുത്.

ഇഅ്തികാഫ് ഇരിക്കുന്ന വ്യക്തി ദിക്ർ, ദുആ, ക്വുർആൻ പാരായണം, നമസ്‌കാരം, അല്ലാഹുവുമായുള്ള തുറന്നു പറച്ചിലുകൾ, തൗബ, മതപഠനം തുടങ്ങിയവയിൽ മുഴുകി സമയം കഴിക്കുകയാണ് വേണ്ടത്.

ഇഅ്തികാഫ് ഇരിക്കുന്ന വ്യക്തിക്ക് പള്ളിയിൽ പ്രത്യേക സ്ഥലം തിരഞ്ഞെടുക്കാവുന്നതാണ്. മറ്റുള്ളവരിൽ നിന്നും അകന്ന് ആരാധനകളിൽ പൂർണ ശ്രദ്ധചെലുത്താൻ അത് സഹായകമാണ്. സ്വഹാബികൾ അപ്രകാരം ചെയ്യാറുണ്ടായിരുന്നു

നബിപത്‌നിമാർ പള്ളിയിൽ ഇഅ്തികാഫ് ഇരിക്കാറുണ്ടായിരുന്നു. സ്ത്രീകൾക്ക് പ്രത്യേകം സൗകര്യമുള്ള പള്ളികളിൽ ഇഅ്തികാഫ് ഇരിക്കാവുന്നതാണ്. അവർക്ക് ഏറ്റവും വലിയ മാതൃക നബി പത്‌നിമാർ തന്നെയാണ്

ഏറ്റവും സ്വീകാര്യമായ അഭിപ്രായത്തിൽ ജുമുഅഃയും ജമാഅത്തും നടക്കുന്ന പള്ളികളിൽ മാത്രമെ ഇഅ്തികാഫ് പാടുള്ളൂ. വീടുകളിൽ ഇഅ്തികാഫ് ഇരിക്കൽ അനുവദനീയമല്ല. പള്ളികൾ തുറക്കപ്പെടാത്ത ഈ വർഷം നല്ല നിയ്യത്തോടെ വീട്ടിൽ ആരാധനകളിൽ മുഴുകുകയാണ് നാം ചെയ്യേണ്ടത്. നമ്മുടെ വിശ്വാസ ശുദ്ധി അനുസരിച്ച് കാരുണ്യവാനായ അല്ലാഹു പുണ്യം വാരിക്കോരി നൽകും എന്നത് തീർച്ചയാണ്.

സുഫ്‌യാനുസ്സൗരി(റഹി) പറഞ്ഞു: 'അവസാനത്തെ പത്ത് വന്നെത്തിയാൽ രാത്രിയെ തഹജ്ജുദ് നമസ്‌കാരവും കഠിന പരിശ്രമവും ചെയ്ത് സജീവമാക്കാനും കുടുംബത്തിന് സാധ്യമാകുമെങ്കിൽ അവരെ വിളിച്ചുണർത്താനുമാണ് ഞാൻ ഇഷ്ടപ്പെടുന്നത്.'

ഈ അവസാനത്തെ പത്തിൽ നമ്മുടെ പ്രവർത്തനങ്ങൾ നന്നാക്കി അല്ലാഹുവിലേക്ക് കൂടുതൽ അടുക്കാൻ നാം പരിശ്രമിക്കുക, അല്ലാഹു അനുഗ്രഹിക്കട്ടെ.

## സകാത്ത് ധനികന്റെ ഔദാര്യമല്ല.
## അർഹരുടെ അവകാശമാണ്.

WISDOM
ISLAMIC ORGANIZATION

# ചുറ്റുമുള്ള തേങ്ങലുകൾ...
# പരിഹാരം താങ്കളുടെ കയ്യിലുണ്ട്...

### സകാത്ത് നിർണയ പട്ടിക

| ക്രമ നമ്പർ | സകാത്ത് ബാധകമാകുന്ന ഇനങ്ങൾ | നിസാബ് (സകാത്ത് നിർബന്ധമാകുന്ന പരിധി) | നിർബന്ധമാകുന്ന കാലയളവ് | സകാത്ത് വിഹിതം | സകാത്ത് കണക്കാക്കുന്ന രീതി |
|---|---|---|---|---|---|
| 1 | സ്വർണം | 85 ഗ്രാം/ മുകളിലേക്ക് | ഒരു ഹിജ്റ വർഷം പൂർത്തിയാകുമ്പോൾ | മൊത്തം സ്വർണ വിലയുടെ 2.5% | സ്വർണത്തിന്റെ തൂക്കം X ഒരു ഗ്രാമിന്റെ വില X 2.5 / 100 |
| 2 | കറൻസി | 595 ഗ്രാം വെള്ളിയുടെ വില | ഒരു ഹിജ്റ വർഷം പൂർത്തിയാകുമ്പോൾ | 2.5% | ആകെ സംഖ്യ X 2.5 / 100 |
| 3 | കച്ചവട വസ്തുക്കൾ | 595 ഗ്രാം വെള്ളിയുടെ വില | ഒരു ഹിജ്റ വർഷം പൂർത്തിയാകുമ്പോൾ | 2.5% | കച്ചവടച്ചരക്കുകളുടെ വിപണി മൂല്യം + കൈവശമുള്ള സംഖ്യ – വീട്ടാനുള്ള കടം X 2.5 / 100 |
| 4 | വരുമാനങ്ങൾ വാടക, ശമ്പളം, കൂലി... | 595 ഗ്രാം വെള്ളിയുടെ വില | ഒരു ഹിജ്റ വർഷം പൂർത്തിയാകുമ്പോൾ | 2.5% | കൈവശമുള്ള സംഖ്യ X 2.5 / 100 |
| 5 | ഓഹരികൾ: ഉൽപ്പന്നാധിഷ്ഠിതം | 595 ഗ്രാം വെള്ളിയുടെ വില (മൂലധനം ഉൾപ്പെടെ) | ഒരു ഹിജ്റ വർഷം പൂർത്തിയാകുമ്പോൾ | 2.5% | ഓഹരി വിഹിതം + ഡിവിഡന്റ് X 2.5 / 100 |
| 6 | ഓഹരികൾ: സേവനാധിഷ്ഠിതം | 595 ഗ്രാം വെള്ളിയുടെ വില (മൂലധനം കഴിച്ച്) | ഒരു ഹിജ്റ വർഷം പൂർത്തിയാകുമ്പോൾ | 2.5% | വരുമാനം X 2.5 / 100 |
| 7 | കാർഷിക വിളകൾ: താനെയുാകുന്നത് | 612 കിലോഗ്രാം | വിളവെടുപ്പ് സമയം | 10% | ധാന്യങ്ങളുടെ വില (വിളവെടുപ്പിനുള്ള ചെലവ് കഴിച്ച്) X 10 / 100 |
| 8 | കാർഷിക വിളകൾ: അധ്വാനമുാകുന്നത് | 612 കിലോഗ്രാം | വിളവെടുപ്പ് സമയം | 5% | ധാന്യങ്ങളുടെ വില (വിളവെടുപ്പിനുള്ള ചെലവു കഴിച്ച്) X 5 / 100 |

**അടിക്കുറിപ്പ്:** സകാത്ത് കണക്ക് കൂട്ടുമ്പോൾ കടത്തിലേക്കായി മാറ്റിവെക്കുന്ന സംഖ്യ മാത്രമേ കുറക്കാവൂ / കാർഷിക വിളകൾക്ക് സ്വഹാബികളുടെ കാലത്ത് 300 സ്വാഅ് ആണ് അളവായി കണക്കാക്കിയത്. ഒരു സ്വാഅ് എന്നത് 2കിലോ 40 ഗ്രാം ഗോതമ്പ് ആണ്.

## കേരള സകാത്ത് സെൽ നടപ്പാക്കി വരുന്ന പദ്ധതികൾ:

**വീട് നിർമ്മാണം, സ്വയം തൊഴിൽ, ചികിത്സാ സഹായം, മാസാന്ത പെൻഷൻ, കട ബാധ്യത തീർക്കൽ...**

**Wisdom Islamic Organization Kerala Zakath Cell:**

ചെയർമാൻ: കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ
Contact: 8606627041, 8606000750, 9567070031

A/c No: 38439503754
State Bank of India
Palayam Branch
Kozhikode
IFS CODE: SBIN0008635

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2020 MAY 23

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

GREEN VALLEY
PUBLIC SCHOOL

Affiliated to CBSE : 930857
Green Valley Campus,
Nellikkapramba, Mukkam
Kozhikode dt, Pin : 673602
Tel : 9061716600



# GREEN HOME

Residential Campus For Boys

**Green valley public school** is a school with real difference, providing students with distinct opportunities and advantages to develop their full potential academically, socially and personally

Affiliated to **CBSE, New Delhi**, the school is a safe retreat to the students who join us from other international schools and the Gulf countries.

Dedicated to provide exceptional learning experience to the students for holistic development and moral rectitude with excellence ethics and beyond

**Green home residential program** is an endeavor for outstation students to learn as well as to live in a comfortable, safe and healthy surrounding.

We provide a homely environment for outstation students with a pantry that serves delicious and nutritious homely food and laundry services.

We provide Islamic religious education aiming to instill faith and a better understanding of true Islam in our students.

## Special features included

01 Curriculum focusing on quran, belief system, jurisprudence and Islamic history

02 Guidelines prepared by panel experts in the field of Islamic education

03 Quran memorizing with tajweed

04 Communicative Arabic and English

**Registration open for grade 5-8 (boys only )**

/greenvalleycampus

+91 9061716600
greenvalleyinstitutions@gmail.com

**GREEN VALLEY PUBLIC SCHOOL**
ADMISSION STARTED
[2020-2021]

**LKG to VIII**
**STANDARD**